പ്രചാരകൻ

മദ്ധ്യസ്ഥൻ



പുസ്തകം 7. 1934 ജൂലൈ, ആഗസ്റ്റ് ലക്കം 1, 2.

Licence No .183.

വിഷയവിവരണിക.

1. തിരുനാൾ മംഗളം (നാഥ)
2. അനുമോദനം
3. വി. യൗസേപ്പിന്റെ ജീവചരിത്രം
4. പ്രസ്താവന
5. അനുലേപനവും ശുദ്ധീകരസ്ഥലവും
6. അഭേദ്യമായലോകൈകശില
7. ദേവമാതാവിന്റെകരേറ്റം (പാട്ട്)
8. ദൈവജനനിയുടെ സഹർഷാരോ
9. പ്രത്യക്ഷങ്ങൾ
10. ചാത്തൻപറമ്പിലേ കുടുംബവഴക്കു (
11. ബുദ്ധിഭ്രമം ആക്കു?
12. ഇന്നത്തേവിദ്യാഭ്യാസരീതിയേക്കുറിച്ചു
13. അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥയായ വി. റിത്താ
14. പരേതനായ ഫാദർ ഒണേര എസ്. ജെ.
15. ജപമാലപ്രാസ്ഥലസംഖ്യം
16. വിദ്യാഭ്യാസവകുപ്പു
17. പുസ്തകാഭിപ്രായങ്ങൾ
18. ഉപകാരസ്മരണകൾ
19. ചരമവാർത്ത
20. കച്ചേരിക്കാര്യം
21. പരസ്യങ്ങൾ
22. പഞ്ചാംഗം.

മദ്ധ്യസ്ഥൻ.

പുസ്തകം ൭.) ഫൻസ്വർ ജൂലൈ, ആഗസ്ത് (ലക്കം ൪-൦ ൨-൦

തിരുനാൾമംഗളം.

(ഗാഥ)

KARNATAK COLLEGE LIBRARY 15643 DHARWAR BANGALORE

1 ബാലരവിയിതാ! പൂർവ്വാദ്രിതന്നിലെ
ഫാലതിലകമായ് ശോഭിക്കുന്നു.
തങ്കച്ചാറായോരാ ചന്ദനക്കുട്ടെല്ലാം
മങ്കതൻ നെറ്റിയിൽ നിന്നു മാഞ്ഞു.

2 തന്നഭാവത്തിനാലെങ്ങുംകൂടികൊണ്ട
ഖിന്നത നീക്കുവാനായി സൂരൻ
പൊന്നൊളിക്കൈനീട്ടി കുഞ്ഞിനെയെന്നപോൽ,
മന്നിനെ ഗാഢമാശ്ലേഷിക്കുന്നു.

3 കുഞ്ഞുതന്നാനന്ദ ബാഷ്പമായീടുമാ-
മഞ്ഞുനീർത്തുള്ളികൾ തോത്തീടുമ്പോൾ
ആമോദവായ്വിനാൽ പൈങ്കിളിശബ്ദത്തിൽ
ഭൂമികുതജ്ഞത പാടീടുന്നു.

4 പാരുവാമേതോമഹോത്സവസന്ദേശം
മാരുതൻ ഗോപ്യമായ്നൽകീടുമ്പോൾ,
ഏറുന്നാമോദത്താൽവൃക്ഷങ്ങൾ കൈയാട്ടി
"ഹൂറേ"വിളിച്ചുതകർത്തീടുന്നു.

* * * *

5 എന്തീ മഹോത്സവം? എന്താണാസന്ദേശം?
ചിന്തിപ്പിൻ! ചിന്തിപ്പിൻ! നാട്ടുകാരേ!!
പൊന്നുതിരുമേനി തൻ നാമകരണം-
വന്ദ്യനേറയോമ്മയാണീദിനത്തിൽ

6 ചങ്ങനാശ്ശേരിതൻ പുണ്യത്താൽനേടിയ-
മംഗളം രൂപമെടുത്തുവന്ന
അത്യന്ത ദിവ്യശ്രീയുക്തൻ കാളാശ്ശേരി
മെത്രാൻ തിരുവടിവെൽവൂതാക!

7 വേദപ്രചരണസൗധത്തിന്നാലംബം!
സാധുജനങ്ങൾക്കു കല്പവൃക്ഷം!
ചിന്തകൻ! പണ്ഡിതൻ! വിദ്യാവിശാരദൻ!
സന്താനവത്സലനായതാതൻ!

8 അല്ലേ തിരുമേനീ! അങ്ങേവിനീതയാം
ചെല്ലക്കിടാവാമീമാസികയും,
ആയുരാരോഗ്യങ്ങളാശംസിച്ചിട്ടങ്ങേ–
ആശ്ലസ്സിനാത്മനാ ചെയ്കകൊൾവൂ

* * * *

9 ആരിലുമേകഭാവത്തെപ്പുലർത്തുവോ–
നാശ്ചര്യാലഗ്രിമൻ യോഗിവര്യൻ,
ദീനദയാലുസൽക്കായ്ജ്ഞനെന്നാല്ല
നാനാഗുണോൽക്കൃഷ്ടചിത്തൻ

10 മൊൺസിഞ്ഞോർ ജേക്കബോം വൈക്കർ ജനറാളും
വാഴണംനീണാൾനിരാമയനായ്;
ആയതിനീശൻതുണയ്ക്കണമാമാർഗ്ഗേ
ആഗതമാകണം സന്മംഗളം.

അനുമോദനം

ചങ്ങനാശേരി രൂപതയിലെ ഒരു വൈദികവിദ്വാൻരത്നമാണിയും തത്വശാസ്ത്രനിപുണനും, വേദവിദ്യാപാണ്ഡിത്യം, നിയമജ്ഞാനം എന്നീ ഗുണങ്ങളാൽ പ്രകീർത്തിതനും കിഴക്കൻ റീത്തുകാരുടെ നിയമസംഹിതസംബന്ധിച്ചു് പരിശുദ്ധ സിംഹാസനത്തിൽ നിന്നും ഏല്പിക്കപ്പെട്ടിരിക്കുന്ന കമ്മീഷനിലെ കൽദായസുറിയാനിക്കാരുടെ പ്രതിനിധിയും ഈ അടുത്തകാലംമുതൽ തിരുവല്ലാ രൂപതയുടെ വികാരിജനറാളും തിരുവല്ലാ മെത്രാനച്ചൻ തിരുമനസ്സിലെ യൂറോപ്പു പര്യടനാവസരത്തിൽ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി ഭരണം നടത്തിയ ഭാഗ്യവുമായ വെരി. റവ. സക്കറിയാസു് വാച്ചാപറമ്പിൽ പി. എച്ചു്. ഡി. അവർകൾക്കു് പരിശുദ്ധ സിംഹാസനത്തിൽ നിന്നും "മൊൺസിഞ്ഞോർ" എന്ന ബഹുമതിസ്ഥാനം ലഭിച്ചിരിക്കുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ ഹാർദ്ദമായി അനുമോദിക്കുകയും ഈ മഹനീയസ്ഥാനബഹുമതിക്കു സർവ്വഥാ യോഗ്യനായ മൊൺസിഞ്ഞോർ വാച്ചാപറമ്പിലവർകൾക്കു് സർവവിജയവും ആശംസിച്ചുകൊള്ളുകയും ചെയ്യുന്നു.

മഹാത്മാവായ

വി. യൌസേപ്പിന്റെ ജീവചരിത്രം.

ഫൻ—ാം അദ്ധ്യായം (തുടർച്ച)

൩. പരിഹാസം.—നമ്മുടെ വിശുദ്ധൻ മരപ്പണി ചെയ്യുന്ന സമയം ചില കുബുദ്ധികൾ പുരുസലേമിൽ "കുടുംബദോഷി," "കുടുംബസ്വത്തുക്കൾ ധൂർത്തടിച്ചുകളഞ്ഞവൻ," "മരപ്പണിയുടെ ലജ്ജയില്ലാത്തവൻ" എന്നുംമറ്റും പറഞ്ഞു യൌസേപ്പിനെ പരിഹസിച്ചിരുന്നു. എന്നാൽ അതൊക്കെയും അവൻ മൌനമായി സഹിയ്ക്കയും തന്നെ ആക്ഷേപിച്ചവർക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

൪. ഔദാര്യം.—മരപ്പണിയിൽ നിന്നുള്ള ആദായംകൊണ്ടു നിത്യവൃത്തിക്കുപോലും യൌസേപ്പിനും ഭാര്യക്കും തികഞ്ഞിരുന്നില്ല. എങ്കിലും അവർ അതു നിമിത്തം ദുഃഖിച്ചില്ല. തങ്ങളുടെ ദാരിദ്ര്യക്ലേശങ്ങളെല്ലാം ദൈവത്തിന്റെ അധികസ്തുതിക്കായി അവർ കാഴ്ചവച്ചു. തങ്ങളുടെ ദാരിദ്ര്യാവസ്ഥയേ മറന്നു ഭിക്ഷുക്കൾക്കു ധാരാളം ധർമ്മവും അവർ ഒക്കൊടുത്തിരുന്നു. ഇത്രവലിയ സ്വയപരിത്യാഗത്തോടെ സാധുക്കളെ അവർ സഹായിച്ചിരുന്നതു ദൈവത്തെ അധികമധികം പ്രസാദിപ്പിക്കുന്നതിനും മിശിഹാ ലോകത്തിൽ വേഗം വരണമെന്നുള്ള നിയോഗങ്ങളിലുമായിരുന്നു.

൫. പരീക്ഷകൾ.—യൌസേപ്പും മറിയവും തമ്മിൽ കലഹമുണ്ടാകുന്നതിനു് അയൽക്കാർ വളരെ ശ്രമിച്ചിട്ടുണ്ടു്. മറിയത്തെപ്പറ്റി യൌസേപ്പിനോടും, അവനെക്കുറിച്ചു മറിയത്തോടും അനേകം ദൂഷണങ്ങൾ അവർ മന്ത്രിച്ചു. തങ്ങളേ ഭിന്നിപ്പിക്കുന്നതിനുള്ള പിശാചിന്റെ കൌശലമാണു് ഈ അപരാധങ്ങളെന്നു യൌസേപ്പിനും മറിയത്തിനും മനസ്സിലായതിനാൽ അവർക്കു യാതൊരു സമാധാനക്കേടുമുണ്ടായില്ല. ഇപ്രകാരമുള്ള പിശാചിന്റെ പരീക്ഷകളെ ജയിക്കുന്നതിനു ഇരുവരും തപസ്സും ഉപവാസവും ചെയ്തു പിശാചിനെ ദയപ്പെടുത്തി.

പ്രസ്താവന

"വേദപ്രചാര മദ്ധ്യസ്ഥൻ" ആറുവയസ്സു പൂർത്തിയായി ഏഴാമത്തെ വയസ്സിലേയ്ക്ക് കാലുകുത്തിയിരിക്കുന്ന ഈ ശുഭാവസരത്തിൽ, അതിന്റെ ഏഴാം പുസ്തകം ഒന്നും രണ്ടും ലക്കങ്ങളും ഒന്നാകെ പൊതുജനസമക്ഷം സമർപ്പിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഈ ചുരുങ്ങിയ ആറുവർഷക്കാലത്തെ അതിന്റെ ജീവിതം ഇത്രയും വിജയപ്രദമാക്കിയ കാരുണികനായ സർവ്വേശ്വരനു സർവ്വോപരിയായ നമസ്കൃതിയും, ഉദ്ദിഷ്ടകൃത്യനിർവഹണത്തിൽ പ്രത്യേകമദ്ധ്യസ്ഥനും സ്വർഗ്ഗീയ പിതാവുമായ വി. യൗസേപ്പിന്റെ സഹായസംരക്ഷണങ്ങൾക്കു ഞങ്ങൾക്കു എപ്പോഴും പ്രത്യേക ആശ്രയവും അനുഗ്രഹവുമായിരുന്നതിനാൽ ഇപ്പിതാവിനോടുള്ള ഞങ്ങളുടെ ഹൃദയപൂർവ്വകമായ നന്ദിയും ആദ്യമായിത്തന്നെ രേഖപ്പെടുത്തിക്കൊള്ളട്ടെ. എന്നാൽ മദ്ധ്യസ്ഥന്റെ അഭ്യുദയം എപ്പോഴും കാംക്ഷിച്ചും അതിനായി വേണ്ട അന്വേഷണങ്ങളും ക്ലേശങ്ങളും എപ്പോഴും സസന്തോഷം സ്വീകരിച്ചും സഹിച്ചും കൃത്യനിർവ്വഹണത്തിനു് അത്യാവശ്യമായ ഉപദേശങ്ങളും ആശിസ്സുകളും യഥാകാലം നൽകിയും "മദ്ധ്യസ്ഥ"ന്റെ പുരോഗതിയെ അനുദിനമെന്നപോലെ നോക്കി അതിനേ പുലർത്തിക്കൊണ്ടുപോരുന്ന വന്ദ്യ മെത്രാനച്ചൻ തിരുമനസ്സിലെനേരെയും ഞങ്ങൾക്കുള്ള കടപ്പാടിനെ ഇത്തരുണത്തിൽ പ്രത്യക്ഷപ്പെടുത്തിക്കൊള്ളുന്നു. വിശിഷ്യാ വന്ദ്യ മെത്രാനച്ചൻ തിരുമനസ്സിലെ നാമകരണനായ വിശുദ്ധ യാക്കോബു ശ്ലീഹായുടെ തിരുനാൾ കൊണ്ടാടുന്ന ഈ ശുഭാവസരത്തിൽ ശ്രുതയൊട്ടുക്കുള്ള അങ്ങേ അജഗണത്തോടു ചേർന്നുകൊണ്ടു ഞങ്ങളും തിരുമനസ്സിലേയ്ക്കു മംഗളമാശംസിക്കുകയും, അങ്ങേ പൈതൃകസംരക്ഷണത്തിൽ മദ്ധ്യസ്ഥൻ ഏറെനാൾ ലോകസമക്ഷം പരിലസിക്കുമാറു് സർവശക്തൻ വേണ്ട ആയുസ്സും ആരോഗ്യവും അങ്ങേയ്ക്കു നൽകുമാറാകട്ടെ എന്നു് ആശംസിക്കുകയും ചെയ്യുന്നതോടുകൂടിത്തന്നെ വന്ദ്യ മെത്രാനച്ചൻ തിരുമനസ്സിലെ വികാരിജനറാൾ സ്ഥാനത്തിൽ തിരുമനസ്സിലെ സഹപ്രവർത്തകനും അതേ നാമധാരിയുംകൂടിയായ റൈറ. റവ. മോൺസിഞ്ഞോർ ജേ. കല്ലറയ്ക്കൽ തിരുമനസ്സിലേയ്ക്കും ഇത്തിരുനാൾ ദിനത്തിൽ സർവമംഗളങ്ങളും ഞങ്ങളാശംസിച്ചുകൊള്ളുന്നു.

"മദ്ധ്യസ്ഥ"ന്റെ സ്വർഗ്ഗീയലൗകിക പിതാക്കന്മാർ കഴിഞ്ഞാൽപിന്നെ അതിന്റെ വിജയകർത്തൃത്വത്തിൽ സിംഹഭാഗവും വഹിക്കുന്നതു് അതിന്റെ ഉറ്റബന്ധുക്കളായ വരിക്കാരത്രെ. സാക്ഷാൽ ഇവരുടെ നിരന്തരമായ സഹായസഹകരണങ്ങളത്രെ മദ്ധ്യസ്ഥനേ പുലർത്തിക്കൊണ്ടുപോകു

പ്രസ്താവന

ന്നതും പോകേണ്ടതും. അതിനാൽ ഇന്നുവരെ ശരിക്കും വരിപ്പണംതന്നു് ഞങ്ങളെ സഹായിച്ചുകൊണ്ടുപോന്ന മദ്ധ്യസ്ഥൻറെവരിക്കാർ എല്ലാവരോടും ഞങ്ങൾക്കുള്ള അപാരമായ കൃതജ്ഞതയെ ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു. എന്നാൽ ഇക്കഴിഞ്ഞ ആറാം പുസ്തകംവരെ ശരിക്കു വരിപ്പണം തീർത്തു കൊടുത്തിട്ടുള്ളവരല്ല ഞങ്ങളുടെ എല്ലാവരിക്കാരും എന്നുള്ള കാര്യം പറയണമെന്നില്ലല്ലോ. എജൻറന്മാർ മുഖേനയും മറ്റുവിധത്തിലും വരിപ്പണം ചോദിക്കുമ്പോൾ "ഒരു മാത്രം, ഓരോ 'മൂട്ടാപ്പോക്കും' 'മൂട്ടയുകതികളും' പറഞ്ഞു് പണംകൊടുക്കാതെ കഴിച്ചുകൂട്ടുന്ന വരിക്കാരും കുറവല്ല. ഇനിയെങ്കിലും അവരിൽ നന്മനസ്സുണ്ടായി അവരവർക്കുള്ള കുടിശ്ശിക തീർത്തു് ഞങ്ങളെ സഹായിപ്പാറാകണമെന്നു മാത്രം അവരോടു് ഇത്തരുണത്തിൽ വിനയപൂരസ്സരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

മാസികയുടെ ബന്ധുക്കളിൽ ഒട്ടും അപ്രധാനമല്ലാത്ത മൂന്നാമതൊരു കൂട്ടർ കൂടിയുള്ളതു് ഞങ്ങളേ നിരന്തരമായി സഹായിച്ചുപോരുന്ന ലേഖനകർത്തുക്കളാണു തന്നെ. മാസികാപരിപോഷണത്തിൽ ബദ്ധശ്രദ്ധരായിരിക്കുന്ന ഞങ്ങളെ എപ്പോഴും സഹായിച്ചുകൊണ്ടിരിക്കുന്ന ഒന്നിലധികം ലേഖകന്മാരെ മദ്ധ്യസ്ഥൻ വായനക്കാർക്കു തന്നെ ചിരപരിചയമായിരിക്കുന്നതിനാൽ അവരുടെ കാര്യം എടുത്തു പറയണമെന്നു വിചാരിക്കുന്നില്ല. ലേഖനങ്ങളും മുഖേന തന്നെയല്ല, മാസികയുടെ വേഷം ഭാഷ, എന്നിത്യാദികളെ സംബന്ധിച്ചും അഭിപ്രായനിർദ്ദേശങ്ങളും ചെയ്തതിനും മറ്റു് ഓരോ വിധത്തിലും മാസികയുടെ അഭ്യുദയത്തിൽ ആകാംക്ഷ പ്രദർശിപ്പിക്കുന്നവരും ധാരാളം ഉണ്ടു്. ഇവർ ഓരോരുത്തരോടും ഞങ്ങൾക്കുള്ള നന്ദി പ്രദർശിപ്പിക്കുന്നതിനും ഈ അവസരം ഉപയോഗിക്കുകയും, ഇവരുടെ സഹായ സഹകരണങ്ങളും മേലിലും ഉണ്ടായിരിക്കണമെന്നു് അവരോടു അപേക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ ലേഖകന്മാരെ സംബന്ധിച്ചിടത്തോളം ഭാരിതാത്പര്യത്തോടുകൂടി ഞങ്ങൾ സ്മരിക്കുന്ന ഒരു കാര്യം മുൻകാലങ്ങളെ അപേക്ഷിച്ചു് ഈ അടുത്തകാലത്തു കൂടുതൽ ഭാഷാഭിമാനികളിൽ നിന്നും സമുദായപ്രമാണികളിൽ നിന്നും ഞങ്ങൾക്കു് അവരുടെ സഹായസഹകരണങ്ങളും ഉണ്ടായിട്ടുള്ളതാണു്.

മദ്ധ്യസ്ഥനിൽ ചേർക്കപ്പെടുന്ന ലേഖനങ്ങളെ സംബന്ധിച്ചും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. വായനക്കാർക്കു രസിക്കുമാറു് വിഷയവൈവിധ്യം ലേഖനങ്ങൾക്കുണ്ടായിരിക്കുന്നതിനു് ഞങ്ങളും കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ടെന്നുള്ളതു് മാസികയിൽ പ്രസിദ്ധം ചെയ്തുകൊണ്ടിരിക്കുന്നലേഖനപരമ്പരകളും സാവഗാഢം വായിച്ചിട്ടുള്ളവർക്കു് ഗ്രഹിക്കാവുന്നതാണു്. സന്മാർഗ്ഗവും മതബോധവുംമതതീഷ്ണതയും ഉല്പാദിപ്പിക്കുന്നതിനുപയുക്തമാ

യപെറുകഥകളും, ജീവചരിത്രങ്ങളും, ചരിത്രസംഭവങ്ങളുംമുതലായവയ്ക്കു കൂടുതൽ പ്രധാന്യം ഞങ്ങൾ കൊടുത്തിട്ടുണ്ടെങ്കിൽ അതു് വായനക്കാരുടെ രസത്തേയും കൂടുതൽ ഗുണത്തേയും മാത്രം ഉദ്ദേശിച്ചു് ചെയ്തിട്ടുള്ളതാണു്.

വേദപ്രചാരണാത്ഥവും മിഷൻവേലയെ സംബന്ധിച്ചും പൊതുജനങ്ങൾക്കു കൂടുതൽ വിജ്ഞാനപ്രദമായ ലേഖനങ്ങളും ഞങ്ങളുടെ ആഗ്രഹത്തിനൊത്തവണ്ണം തന്നെ പ്രസിദ്ധീകരിക്കുവാനിനു് സാധിച്ചിട്ടില്ലെന്നുള്ള കാര്യം ഇത്തരുണത്തിൽ മറച്ചു വയ്ക്കുന്നില്ല. വേദപ്രചാരതല്പരതവായനക്കാരിൽ ഉദ്ഭൂതമാകുണമെങ്കിൽ, അതേ സംബന്ധിച്ചു വിവരങ്ങൾഅവർക്കുതുടരെകൊടുത്തുകൊണ്ടിരുന്നാൽമാത്രമേസാധിക്കയൊള്ളു. ഇക്കാര്യത്തിൽ ഭാരതമിഷൻരംഗത്തിൽ പ്രവേശിച്ചിരിക്കുന്ന മാസികാബന്ധുക്കളെയാണു് ഞങ്ങൾ കൂടുതൽ ആശ്രയിക്കുന്നതു്. ഭാരത മിഷൻ കേന്ദ്രങ്ങളെക്കുറിച്ചും അവിടങ്ങളിലേ സ്ഥിതിഗതികളെക്കുറിച്ചും വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും അവരിൽ നിന്നായ്തെ ഞങ്ങളും ആശിക്കുന്നതു്. വിശാഖപട്ടണം മിഷനിൽ നിന്നു ബ. വയലിലച്ചൻ ഈ വിഷയത്തെക്കുറിച്ചു് മുന്നാരു ലക്കം മാസികയിൽ എഴുതിയിരുന്നതു് ഞങ്ങളും ആവത്തിച്ചു പറകതന്നെ ചെയ്യുന്നു.

കടശിയായി "വേദപ്രചാരമദ്ധ്യസ്ഥൻ", രൂപതയിലേ ഓരോവീട്ടിലും കയറി കൂടുംബങ്ങൾക്കു് എത്രയും മാതൃകായോഗ്യനായ വി. യൌസേപ്പുപിതാവിനോടുള്ള ഭക്തിയെ അവിടെയുള്ള ഓരോ അംഗങ്ങളുടെ ഹൃദയത്തിലും പ്രവേശിപ്പിച്ചു് അവരേ ആത്മരക്ഷയ്ക്കുത്യാവശ്യമായ വേദപ്രചാര സക്തി പ്രദ്യോദിപ്പിക്കുന്ന അപ്പോസ്തലന്മാരാക്കിത്തീർക്കട്ടേ എന്നുള്ള പ്രാത്ഥനയോടുകൂടി മദ്ധ്യസ്ഥന്റെ ഈ ഏഴാം പുസ്തകത്തിന്റെ ഗതിയേയും ആ വിശുദ്ധ യൌസേപ്പിന്റെ പൈതൃകസംരക്ഷണയിൽ ത്തന്നെ ഏൽപ്പിച്ചുകൊള്ളുന്നു.

• ചിറഗോങ്ങു് മിഷൻ.

ബങ്കാളിലെ ചിറഗോങ്ങു് മിഷനിലെ സന്യാസിനികൾക്കു ഏതാനും യുവതികളെ അവരുടെ സഭയിൽ വേദപ്രചാരണ ജോലിക്കായി സ്വീകരിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. ഇതിനായി പ്രസ്തുത മിഷനിൽ പെട്ട ഏതാനും കന്യാസ്ത്രികൾ ഈ ആഗസ്റ്റു് മാസത്തിൽ നമ്മുടെ ദേശങ്ങളിൽ സഞ്ചരിക്കുന്നതായിരിക്കും. ഇവരെ അനുഗമിക്കാൻ ഒരുക്കമുള്ളവർക്കു് ഇവരോടു നേരിട്ടോ അല്ലെങ്കിൽ;–

ചിറഗോങ്ങു് മിഷൻ
c/o "മദ്ധ്യസ്ഥൻ" ആഫീസു്, ചങ്ങനാശേരി.

എന്നു വിലാസത്തിലോ എഴുതിച്ചോദിക്കാവുന്നതാണു്.

*അന്ത്യലേപനവും ശുദ്ധീകരസ്ഥലവും.

ഫാദർ മാത്യു പുതിയിടം.

മരണനേരത്തു നമ്മേ സഹായിപ്പാൻ അന്ത്യലേപനം അഥവാ ഒടുവിലത്തെ ഒപ്പുശ്രമാ എന്നൊരു ക്രമാശയുണ്ടെങ്കിലും മിക്കവാറും, എല്ലാവരുംതന്നെ ശുദ്ധീകരണസ്ഥലത്തിൽ പരിഹാരം തികച്ച ശേഷമെ സ്വർഗ്ഗത്തു് എത്തുകയുള്ളുവെന്നാണു് ഇക്കാലത്തു പരക്കേയുള്ള ധാരണ അന്ത്യലേപനത്തേപ്പറ്റി കാലാന്തരത്തിൽ കടന്നുകൂടിയ പിശകായ ഒരു ധാരണയാണിതെന്നുള്ളതിനു് ലക്ഷ്യങ്ങളും ഉണ്ടു്. ആദിമയുഗങ്ങളിൽ ഈ ക്രമാശയേ വേറൊരു മാമ്മോദീസായായിട്ടാണു് കരുതിപ്പോന്നിരുന്നതു്. മാമ്മോദീസാ എന്ന ക്രമാശമൂലം ഒരുവന്റെ പാപങ്ങളും മാത്രമല്ല അവയുടെ കാലത്തിനടുത്ത ശിക്ഷയും വിമോചിക്കപ്പെട്ടുന്നുണ്ടല്ലോ. ഇതേവിധം അന്ത്യലേപനം, തക്ക യോഗ്യതയോടുകൂടി സ്വീകരിക്കപ്പെടുമ്പോൾ പാപത്തിന്റെ അവശിഷ്ടങ്ങളും മത്രമല്ല, അവയ്ക്കു ശുദ്ധീകരസ്ഥലത്തിൽ ലഭിയ്ക്കാനിരിക്കുന്ന ശിക്ഷയും മുഴുവനായി പരിഹരിയ്ക്കപ്പെടുന്നു.

അന്ത്യലേപനത്തേപ്പറ്റി പ്രാമാണ്യമായ ഒരു ഗ്രന്ഥമെഴുതിയ പ്രൊഫസ്സർ കേൺ (Kern)പറയുന്നു:— "ആദിമക്രിസ്ത്യാനികളുടെയിടയിൽ നടപ്പിലിരുന്ന ചില പ്രാർത്ഥനകളെ പരിശോധിക്കുന്നപക്ഷം, മാമ്മോദിസായ്ക്കും അന്ത്യലേപനത്തിനുംതമ്മിൽ എന്തോ ബന്ധം അവർ കല്പിച്ചിരുന്നു എന്നു തോന്നിപ്പോകും. എന്തുകൊണ്ടെന്നാൽ ജ്ഞാനസ്നാനം നൽകുന്ന കുറവില്ലായ്കയും നിർമ്മലതയും അന്ത്യലേപനം നൽകുന്നുവെന്ന അർത്ഥമാണു് പ്രസ്തുതപ്രാർത്ഥനകളിൽനിന്നു ധ്വനിക്കുന്നതു്.

മാറ്റത്തിനുള്ള കാരണം.

തിരുസ്സഭയുടെ ആദ്യകാലത്തു് ഇങ്ങനെയാണു അന്ത്യലേപനം കരുതപ്പെട്ടിരുന്നതെങ്കിൽ ഇന്നു നാം കാണുംവിധമുള്ള പരിവർത്തനത്തിനു ഹേതുവെന്തു് ? ഇതിനൊരു കാരണം— ഇതെത്രയുംദരണീയമെന്നറി

* The western catholic എന്ന പത്രത്തിൽ നിന്നു

ഞുക്കുടാ — പ്രോട്ടസ്റ്റൻറുമതത്തിൻെറ ആവിർഭാവമാണെന്നു ചിലർ പറയുന്നു. പ്രോട്ടസ്റ്റൻറുകാർ ശുദ്ധീകരണസ്ഥലത്തെ പാടേ നിഷേധിക്കുകയാണല്ലോ ചെയ്തിരുന്നതും ചെയ്യുന്നതും. പ്രോട്ടസ്റ്റൻറുകാക്കെതിരായി ബൈസ്റ്റുക്കാനായുണ്ടെന്നു തെളിയിയ്ക്കാൻ കത്തോലിക്കാ ഉപദേഷ്ടാക്കന്മാർ നടത്തിയ പ്രചണ്ഡവാദത്തിൻെറ ഫലമായി, അന്ത്യ ലേപനത്തിനു് ശുദ്ധീകരണസ്ഥലത്തെ നിവാരണംചെയ്യുന്നതിനുള്ള വിശേഷാനുഗ്രഹത്തിൻെറ കാര്യം തെല്ല വിസ്മരിക്കപ്പെട്ടുപോൽ.

വേറൊരു കാരണമായി കൊണ്ടുവരാനുള്ളതു് ജൻസേനിസം (Jan-Senism) എന്ന പാഷാണ്ഡപഠനത്തിൻെറ ഫലമാണു്. ജൻസേനിസം, അതീവകർക്കശങ്ങളായ ഒരുക്കങ്ങളാണു ക്രിസ്താശസ്വീകരണത്തിനും മറ്റും ആവശ്യപ്പെടുന്നതു്. മനുഷ്യസ്വഭാവത്തിനു് വിഷമകരമായ നിയമാനുഷ്ഠാനങ്ങളെ പ്രഖ്യാപനംചെയ്യുന്ന ഈ എടുത്തുചാടിനെ സഭ പണ്ടേ ശപിച്ചെങ്കിലും അതിൻെറ വിഷലിപ്തമായ ഉപദേശം ഭക്തജീവിതത്തിൻെറ ചില ഭാഗങ്ങളെ എന്നാവൽപഴുതും ആക്രമിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. വിശുദ്ധകുർബാനയുടെ ക്രിസ്തുടെയുമുള്ള സ്വീകരണം ഭാഗ്യസ്മരണാർഹനായ പത്താംപീയുസ് മാർപ്പാപ്പായുടെ "അഖിലവും ക്രിസ്തുവിൽ നവീകരിയ്ക്കുക" എന്ന തിരുവെഴുത്തിനു ശേഷമാണു് നടപ്പിലായതെന്നുള്ളതിനു് നാം ദൃക്സാക്ഷികളാണു്. ആണ്ടിലൊരിക്കൽമാത്രം വി. കുർബാന സ്വീകരിക്കുക, എന്നാപതിവിനുകാരണം 'ജൻസേനിസം' ആണെന്നാണു് പറയപ്പെട്ടിരിക്കുന്നതു്. ഇവ്വിധം അന്ത്യലേപനത്തിൻെറ വിസ്മയകരമായഫലത്തെ ന്യൂനീകരിക്കുന്നതിനും പ്രസ്തുത ഇടത്തുട്ട് സഹായിച്ചിട്ടുണ്ടെന്നു ചരിത്രമഞ്ജൂഷകൾ പറയുന്നതിൽ വാസ്തവമുണ്ടെന്നുവേണം വിചാരിക്കുവാൻ.

ദൈവത്തിൻെറ കാരുണ്യം.

ദൈവത്തിൻെറ പ്രധാന ഗുണങ്ങളും കരുണയും സ്നേഹവുമാകുന്നു. ദൈവം നമ്മുടെ പിതാവും, മ്ശിഹാനമ്മുടെ സഹോദരനും, ദൈവമാതാവായ മറിയംനമ്മുടെ അമ്മയുമത്രെ. മ്ശിഹാ എന്തിനാണു് അന്ത്യലേപനമെന്ന ക്രിസ്താശ സ്ഥാപിച്ചതു് ? ആസന്നമരണൻെറ പാപങ്ങൾക്കു് പൊറുതി നൽകുകയായിരിപ്പാൻ പാടില്ല, ഈ ക്രിസ്താശയുടെ പ്രധാനമായ ഉദ്ദേശ്യം. എന്തുകൊണ്ടെന്നാൽ അതിനു വേറൊരുക്രിസ്താശയായ കുമ്പസാരം ഉണ്ടല്ലോ. പാപസംകീർത്തനംമൂലം ഒരുവൻെറപാപങ്ങൾ മോചിക്കപ്പെട്ടശേഷമാണു് സാധാരണ അന്ത്യലേപനം നൽകുന്നതു്. പാപത്തിനു പൊറുതിലഭിച്ചവൻനരകാഗ്നിയിൽ വീഴുകയില്ല, തന്നെ. എന്നാൽ അവൻശുദ്ധീ

കരസ്ഥലത്തിൽ പോകാൻ ഇടയുണ്ട്. ആകയാൽ അന്ത്യലേപനത്തിന്റെ ഒരു ഉദ്ദേശ്യം മറ്റു പലതിനും പുറമേ, ശുദ്ധീകരസ്ഥലത്തിലേ ശിക്ഷയെ പൂർണ്ണമായി ദൂരീകരിയ്ക്കയോ അല്ലെങ്കിൽ ഒരുക്കത്തിന്റെ രേഖാതന്ത്രസരിച്ചുഗണ്യമായി ലഘൂകരിയ്ക്കയോ ആണെന്നനുമാനിയ്ക്കേണ്ടിയിരിക്കുന്നു. ഈ അനുമാനം മനസ്സിൽ വേരുറയ്ക്കുന്നപക്ഷം, മരണം അതിന്റെ ഭീതികരമായരൂപത്തിൽനമ്മുടെബോധത്തിൽ നൃത്തംചെയ്യുകയില്ല: മാത്രമല്ല, അന്ത്യവിനാഴിക വരുമ്പോൾഈക്രൂദാശയെഫലപ്രദമാംവണ്ണം സ്വീകരിക്കുന്നതിനു് അതൊരു പ്രേരകവുമായി ഭവിക്കുന്നതായിരിക്കും. അന്ത്യലേപനം വഴിപോലെ കൈക്കൊണ്ട കണ്ണുനീരിന്റെ ഈ താഴ്വരയെ വിട്ടുപിരിയുമ്പോൾ ശുദ്ധകരാഗ്നിയല്ല, മ്ശിഹായുടെ കരുണാപൂരിതങ്ങളായ തുക്കരങ്ങളാണുനമ്മേ സ്വീകരിപ്പാനിരിക്കുന്നതെന്ന ചിന്ത നമ്മിൽ ആശ്വാസവും ധൈര്യവും ശാന്തവും പ്രദാനംചെയ്യാത്തതു്?

ആകയാൽനമ്മേ ശുദ്ധീകരസ്ഥലംതൊടാതെ നേരെ സ്വർഗ്ഗത്തേയ്ക്കു കൊണ്ടുപോകുന്നതിനാണോ ഈശോമ്ശിഹാ ഒടുവിലത്തെ ഒപ്പു് ശുദ്ധമാ സ്ഥാപിച്ചതു് ? ഈ ചോദ്യത്തിനു് അതേ, എന്നാണു് തിരുസ്സഭയിൽ പേരും പെരുമയുംപൂണ്ട പ്രാചീനരും അർവ്വാചീനന്മാരുമായ ഒട്ടേറെ വേദശാസ്ത്രജ്ഞന്മാർ ഉത്തരിക്കുന്നതു്. തർക്കമായതും എന്നാൽ ഒരിക്കലും അസാദ്ധ്യവുമല്ലാത്ത ഒരുക്കത്തോടുകൂടി, ഈ ക്രൂദാശ സ്വീകരിക്കപ്പെടുമ്പോൾ, അതു് ആത്മാവിന്റെ സകല കഷ്ടതകളേയും അരിഷ്ടതകളേയും ശമിപ്പിക്കുന്ന ഒരു സർവ്വരോഗസംഹാരിയായി പരിണമിക്കുന്നു എന്നാണു് അവരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം.

ചില സാക്ഷ്യങ്ങൾ.

വി. ബൊനവന്തൂരാ പറയുന്നു:—അന്ത്യലേപനം മരിക്കുന്നവരുടെ ക്രൂദാശയാകുന്നു. അതു് അവരെ പരിപൂർണ്ണമായ സൗഖ്യത്തിനും അതായതു് സ്വർഗ്ഗീയഭാഗൃത്തിനും അത്യന്താപേക്ഷിതമായ ആത്മികസൗഖ്യത്തിനും ഒരുക്കുന്നു.

മഹാനായ വി. അൽബേർട്ടിന്റെ വാക്കുകൾ:—"സ്വർഗ്ഗത്തേയ്ക്കു നേരിട്ടുള്ള ആത്മാവിന്റെ പ്രവേശനത്തെത്തടയുന്ന പാപങ്ങളുടെ അവശിഷ്ടത്തെ ദൂരീകരിക്കയും ശരീരത്തെ മഹത്വപ്പെടുത്തുകയുമാകുന്നു ഈ ക്രൂദാശയുടെ സർവപ്രധാനമായ കൃത്യം."

ഇന്നോസൻറു പഞ്ചമൻ എന്ന മാപ്പാപ്പാ പറയുന്നു:—"ആത്മാവിന്റെ സൗഖ്യവും അതിനോടുപമിക്കാവുന്ന ശരീരസൗഖ്യവും, ഇങ്ങനെ രണ്ടാകുന്നു അന്ത്യലേപനത്തിന്റെ ഫലം. എന്നാൽ അവ്യവഹിതമാ

യ (Immediate) നിത്യഭാഗ്യത്തിനു് ആത്മാവിനെ അർഹമാക്കുന്ന സൗഖ്യമല്ലാതെ മറ്റെയാതൊരു ആത്മികസൗഖ്യവുമല്ല, ഇവിടെ വിവക്ഷിക്കപ്പെടുന്നതെന്നു പ്രത്യേകം അറിഞ്ഞിരിക്കണം.

പോരാട്ടത്തിന്റെ ഭൗമികജീവിതംകഴിക്കുന്ന മനുഷ്യൻ വിജയംപ്രാപിക്കുന്നതിനും, വിജയലബ്ധൻ വീണ്ടുമൊരു ശുദ്ധീകരണപദ്ധതിക്കു വിധേയനാകാതെ സ്വർഗ്ഗത്തു പ്രവേശിക്കുന്നതിനും, ഇങ്ങനെ രണ്ടുകൊയ്ത്തുകാലംക്കായി നടത്തപ്പെടുന്നുവെന്നാണു് 'പലുദാന്യസ്' പറയുന്നതു്.

ദൈവദൂതസന്നിഭനായ വി. തോമ്മാ അക്വീനാസിന്റെ വാക്കുകളുംഇത്തരുണത്തിൽ ശ്രദ്ധേയങ്ങളാണു്. അദ്ദേഹം പറയുന്നു:—അന്ത്യലേപനമെന്നുഇക്കൂട്ടർക്കു, 'മനുഷ്യൻ നിത്യമഹത്വം നേരിട്ടു പ്രാപിക്കത്തക്കവണ്ണം അവനെ ഒരുക്കുന്നു.'

ഇത്രയും പ്രാക്തനന്മാർ; ഇനി ഇദാനീന്തനന്മാരായ ചില പണ്ഡിതന്മാരുടെ പ്രസ്താവങ്ങളെ സംശോധനം ചെയ്യാം.

ഫാദർ നോൾഡിൻ പറയുന്നു:— 'അന്ത്യലേപനം കൊണ്ടുള്ളപ്രയോജനം എല്ലാലഘുപാപങ്ങളുടെയും സ്വർഗ്ഗത്തിൽ പ്രവേശിയ്ക്കുന്നതിൽ നിന്നു നമ്മെ നിരോധനം ചെയ്യുന്നതാൽക്കാലിക ശിക്ഷയുടേയുംപ്രമാർജ്ജനമാകുന്നു.

ഫാദർ കേൺ പറയുന്നു 'അന്ത്യലേപനത്തിന്റെ ഉദ്ദേശ്യം—ശരീരത്തിന്റെസൌഖ്യംക്ലുപ്തൽ അഭിലഷണീയമല്ലെങ്കിൽ-ആത്മാവിന്റെ പരിപൂർണ്ണസുഖപ്രാപ്തിയും അതോടൊന്നിച്ചുള്ളസ്വർഗ്ഗപ്രാപ്തിയുമത്രെ.

കടശിയായി ഉദ്ധരിപ്പാനുള്ളതു് ഒരു സുപ്രസിദ്ധപണ്ഡിതനായ ഇറാലിയാക്കാരൻ ഫാദർ ഫെലിക്സകപ്പേള്ളോയുടെ (Felix Cappello) അഭിപ്രായമാണു. De Sacramentis എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു:— 'ഒടുവിലത്തെഅഭിഷേകം ചൊല്ലുന്നതു സ്വർഗ്ഗരാജ്യത്തു ചെന്നെത്തുന്നതിനുവേണ്ടിയും ആത്മാവിനെ പവിത്രീകരിക്കുന്നു.,

വേദശാസ്ത്രജ്ഞന്മാരുടെ ഈപ്രസ്താവങ്ങളിൽ നിന്നു മരിയ്ക്കുന്നവരുടെ ആത്മാക്കൾ ഭൂമിയിൽ നിന്നു നേരെ സ്വർഗ്ഗത്തിൽപ്രവേശിക്കുന്നതിനുവേണ്ടുള്ള പൂർണ്ണമായ ആത്മിക സൌഖ്യം അന്ത്യലേപനം അവയ്ക്കു പ്രദാനം ചെയ്യുന്നുവെന്നുള്ളതു സുസ്പഷ്ടമാണു്. പൂർണ്ണമായആത്മികസൌഖ്യമെന്നു പറയുമ്പോൾ താൽക്കാലികശിക്ഷയുടെഅന്തായതു ബൈസ്പുക്കാനായിലെശിക്ഷയുടെ മുഴുവനായ മോചനമെന്നാണു ധരിയ്ക്കേണ്ടതു്. ശുദ്ധീകരസ്ഥലത്തിൽ സഹിക്കേണ്ട ശിക്ഷമുഴുവനായി പരിഹരിയ്ക്കപ്പെടാതെ ആത്മാവിനു പൂർണ്ണസൌഖ്യം കൈവരുന്നുഎന്നു സമർത്ഥിക്കാൻ പാടില്ലല്ലോ

(തുടരും)

"അഭേദ്യമായ ലോകൈകശില"

(റവ. സെബാസ്റ്റ്യൻ ചെറുശ്ശേരി.)

"ചൊല്ലുവൻ വഴിയെ നിന്നൊടൊന്നു ഞാൻ
കല്ലുനീ; വടിവൊടീശിലക്കുമേൽ
ചൊല്ലുയന്ന മമ പള്ളി തീർത്തിടും
വെല്ലുകില്ലതിനെ നാരകാരരം"

കത്തോലിക്കാ തിരുസ്സഭയാകുന്ന മഹാസൗധം പത്രോസാകുന്ന പാറമേലത്രെ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്നതു്. ഈ പാറയെ തകക്കാൻ നാരകീയശക്തികൾം അവിശ്വാസം പരിശ്രമിക്കുമെന്നും എന്നാൽ അതിനെ ഭേദിക്കാൻ പ്രസ്തുതശക്തികൾക്കു അശക്യമെന്നും തിരുസ്സഭാസ്ഥാപകനായ ക്രിസ്തുനാഥൻതന്നെ പ്രവചിച്ചിട്ടുണ്ടു്. ഈ പ്രവചനം അക്ഷരശഃ അന്വർത്ഥമായിട്ടുണ്ടെന്നു ഏതാവൽപര്യന്തമുള്ള സഭാചരിത്രം പരിശോധിച്ചാൽ ആർക്കും അറിയാവുന്നതാണു്. ചരിത്രപക്ഷപംക്തികളിൽ മദ്ധ്യാഹ്നസൂര്യസമാനം പ്രശോഭിക്കുന്ന ഏതാനും ചിലസംഭവങ്ങളിലേയ്ക്കു വായനക്കാരുടെ ശ്രദ്ധയേ തിരിച്ചു്, സാക്ഷാൽ അഭേദ്യമായ് ലോകൈകശില പത്രോസിന്റെ സിംഹാസനം മാത്രമാണെന്നു് സ്ഥാപിക്കണമെന്നോ ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നുള്ളു.

സഭാചരിത്രത്തിന്റെ പ്രാരംഭപക്ഷങ്ങളിലേയ്ക്കു ഒരു വിഹഗവീക്ഷണം ചെയ്യുന്ന പക്ഷം, അവിടെ കാണുന്ന കാഴ്ചകളൊന്നും ഒട്ടും ആഹ്ലാദപ്രദങ്ങളല്ല.

"ക്രൂരത്വാൽമാർപിളർന്നും കൊടിയൊരു കുരിശിൽ തൂക്കിയും തോലുരിഞ്ഞും,
ക്രൂരൻസിംഹത്തിനുണ്ണായരുളിയു, മസിയാൽ കണ്ണനാളം മുറിച്ചും
നീരത്തിൽ താഴ്ത്തിയും, മെയ്മുഴുവനുമടിയാൽ കീറിയും, തീയിലിട്ടും
പാരം മാൽചേർത്തുയോധാധമരനവധിയായ് ക്രിസ്തുവേ നിഗ്രഹിച്ചു.

നീറോപ്രഭൃതികളുടെ ഏതാട്ടശൈശാചികപ്രകടനങ്ങളാണു് നാമവിടെ കാണുന്നതു്. മതവിദ്വേഷികളുടെ കണ്ണനാളങ്ങളിൽനിന്നും "ക്രിസ്ത്യാനികളെ സിംഹത്തിനു്" എന്നാട്ടഹാസധ്വനി ഭിഗന്തങ്ങളിൽ മാറ്റൊലിക്കൊള്ളുന്നതു് നാം കേൾക്കുന്നു. മിന്നൽ പിണരുകളുടെ ആക്രമങ്ങൾക്കു് അന്യൂനതാത്പര്യങ്ങൾം എപ്രകാരം വിധേയമാകുമോ അപ്രകാരം ക്രി

സ്ഥാനികളുടെ പിതാവായ പാപ്പായിൽ സകല ദുഷ്ടാത്മാക്കളുടേയും അ
ക്ഷി നിപതിച്ചു. ആദ്യത്തെ മൂന്നു ശതകങ്ങളിൽ മാർപാപ്പാമാരുടെ
തിരുമേനിയിൽ രക്തസാക്ഷികിരീടത്തിനു് ഒരു നാന്ദിയായിത്തീർന്നു. മുപ്പതു പാ
പ്പാമാർ സ്വനാഥനായ ക്രിസ്തുവിനുവേണ്ടി രക്തം ചൊരിഞ്ഞു. നാല്പ
ത്തഞ്ചുപേർ രാജ്യഭ്രഷ്ടരാക്കപ്പെട്ടു. തുക്കമ്മാനുഷ്യാനങ്ങൾക്കു ഭൂമിയിലുള്ള
സ്ഥലമനുവദിക്കാതായപ്പോൾ ക്രിസ്ത്യാനികൾ അതിനായി ഭൂഗർഭങ്ങളെ
ശരണം ഗമിക്കേണ്ടതായിവന്നു.

കാലാന്തരത്തിൽ നീറോപ്രഭൃതികൾ ചത്തു മണ്ണടിഞ്ഞു. അവരുടെ
ശക്തിയും പ്രതാപവുമെല്ലാം അവരോടുകൂടെ അസ്തമിച്ചു. കാർമേഘപട
ലങ്ങൾ നീങ്ങി, തേജോമയമായ ഒരു രാഷ്ട്രീയാന്തരീക്ഷം പ്രത്യക്ഷമായി.
ക്രൈസ്തവസഭ തൽസ്ഥാപകനെ അനുകരിച്ചു് ഭവനാനുരാലയങ്ങളിൽനി
ന്നും സഞ്ചംഗസുന്ദരിയായി ബഹിർഗമിച്ചു. ആയിരക്കണക്കിനു് അവളുടെ
സന്താനവല്ലികൾ വളർന്നു. ലോകൈകരാജ്ഞിയായി പരിലസിച്ചിരു
ന്ന റോമാ, ലൗകികസമ്രാട്ടിൽ കാണാതിരുന്ന ഏതോ വലിയൊരു ജ്യോ
തിസ്സു, അതെ ഒരു മഹാശക്തി ക്രൈസ്തവസമ്രാട്ടായ പാപ്പായിൽ കാണു
കയാൽ ഹസ്തദാനംചെയ്തു അദ്ദേഹത്തെ വരനായി സ്വീകരിച്ചു. ഭൗമിക
കേന്ദ്രമായിരുന്ന റോമാ ആദ്ധ്യാത്മികകേന്ദ്രമായി പരിലസിക്കാൻ തുട
ങ്ങി. പ്രശാന്തതയും പ്രസന്നതയും എവിടെയും കളിയാടി.

വത്തിക്കാൻഗ്രന്ഥശാല. ഇതിൽ നാനാമതസ്ഥരായ പണ്ഡിതർക്കും
പ്രവേശനമുണ്ടു്. കൈയെഴുത്തുപ്രതികൾ ധാരാളമുണ്ടു് എന്നതാകുന്നു ഈ
ഗ്രന്ഥശാലയുടെ പ്രാധാന്യം. ഈ കൈയെഴുത്തുപ്രതികളുടെ ഉപയോഗം സു
കരമാക്കുന്നതിനു് മാത്രമാണു് അച്ചടിച്ചപുസ്തകങ്ങൾ വാങ്ങിയിട്ടുള്ളതു്. തു
ർക്കികൾ ഛിന്നഭിന്നമാക്കിയ കോൺസ്റ്റാൻറിനോപ്പിളിലേ ഗ്രന്ഥശാലയു
ടെ അവശേഷവും ഒ—ാംനിക്കൊളാസ്സ്പാപ്പാ ശേഖരിച്ചഗ്രന്ഥസഞ്ചയവുമാ
യിരുന്ന പ്രാരംഭത്തിൽ ഇതിലുണ്ടായിരുന്നതു്. സിക്സ്റ്റസ്സ് നാലാമൻ
1475—ൽപാപ്പാമാരുടെ അരമനയിൽ ഇതു് സ്ഥാപിച്ചു. 1585—ാമണ്ടേ
ആയപ്പോഴേക്കും ഇതിലെ പുസ്തകങ്ങളുടെ ആധിക്യം നിമിത്തം സിക്സ്റ്റസ്സ്
അഞ്ചാമൻ ഗ്രന്ഥശാലയെ ഒന്നുകൂടി വിസ്തൃതമാക്കി. 1689 ൽ സ്പീഡ
നിലേ ക്രിസ്ത്യാനായുടെ കൈയെഴുത്തുപ്രതികളും, 1902 ൽ ബാർബരീനി
യുടെ ഗ്രന്ഥസഞ്ചയവും, പ്രോപ്പഗാന്താകോളജിലേ ഹസ്തലിഖിതപുസ്തകങ്ങ
ളും ഇതിനോടു കൂട്ടിച്ചേർക്കപ്പെട്ടു. ആധുനികകാലത്തും പലഗ്രന്ഥശേഖരങ്ങ
ളും പേത്തു് പരിപോഷിപ്പിച്ചിട്ടുണ്ടു്. പതിനൊന്നാംപിയൂസ്പാപ്പാ ഇക്കാ
ര്യത്തിൽ അത്യന്ത ശ്രദ്ധാലുവാണു്.

"പാരാകെ പുകൾപൂണ്ട റോമ്മിലെ മഹാസാമ്രാജ്യമെങ്ങും പര
പോരാളും പ്രഭവയ്ത്തും പ്രജകളും യോദ്ധാക്കളും വിജ്ഞരും
പാരം ചൊല്ലുവതെന്തിനായ് പലശതംലക്ഷംജനം മുത്തോട്ടം
നേരായുള്ള നിയോഗമോട മഹിരാൽ ക്രിസ്തീയരായീടിനാർ.

ഈ പ്രശാന്തഭാസുരത്വം സുസ്ഥിരമായിരുന്നോ? ഒരിക്കലുമില്ല. "നരക വാതിലുകളും അതിനോട പ്രബലപ്പെടുകയില്ലെ"ന്നും താൻ ലോകാവസാനംവരെ അതിനോടുകൂടെ ഉണ്ടായിരിക്കുമെന്നും അരുളിച്ചെയ്ത നമ്മുടെ ദിവ്യരക്ഷകന്റെ വാക്കുകളിൽനിന്നും, സമുദ്രമദ്ധ്യേ സ്ഥിതി ചെയ്യുന്ന പാറ കല്ലോലതരംഗപരമ്പരകളുടെ നിർദ്ദയമർദ്ദനമേല്ക്കുന്നതുപോലെ തന്റെ സഭ സദാ മതവിദ്വേഷികളുടെ ആക്രമണങ്ങൾ ഏൽക്കുമെന്നും, എന്നാൽ പാറമേൽ അടിച്ചു ചിന്നിച്ചിതറുന്ന ഓളങ്ങൾപോലെ ശത്രുക്ക പരാജിതരാകുമെന്നുള്ളാതെ സഭയ്ക്ക യാതൊരു ഭംഗവും ഭവിക്കുന്നതല്ലെന്നും നമുക്ക് നിശ്ചയമായും ഗ്രഹിക്കാം.

ഇനി സഭയേയും സഭാതലവനേയും ഭൂമുഖത്തുനിന്നും പാടെ വിപാടനം ചെയ്യുന്നതിനു കച്ചകെട്ടി പുറപ്പെട്ട ഇതരശക്തികളിൽ പ്രാധാന്യത്തെ അർഹിക്കുന്നവ ഏവയെന്ന് നമുക്കൊന്നു ആരായുകതന്നെ. നശീകരഖഡ്ഗം നിത്യനഗരത്തെ ഗളഹസ്തം ചെയ്യാൻ നാലുപ്രാവശ്യം വീശി. രണ്ടുപ്രാവശ്യം അവളുടെ ഉന്മൂലനാശം ശത്രുക്കൾ പ്രവചിച്ചു. ഏതാശോവസരങ്ങളിലെല്ലാം റോമ്മായെ അവളുടെ നാശഗർത്തത്തിൽനിന്നും കയറാൻ മാപ്പാപ്പാമാർക്കു മാത്രമേ സാധിച്ചുള്ളൂ. ഇത്രവളരെ മർദ്ദനങ്ങൾ ഏറ്റിട്ടും യാതൊരു കോട്ടവും ക്ലേശവും കൂടാതെ പൂർവ്വാധികം ധാടിയോടും മോടിയോടും ഓജസ്സോടും തേജസ്സോടും നിലകൊള്ളുന്ന വേറൊരു സ്ഥാപനം ലോകത്തിൽ കണ്ടെത്തുവാൻ ആർക്കും സാധിക്കുന്നതല്ല. ചരിത്രപട്ടവായ ലോർഡ്ഡ് മെക്കാളിയുടെ സാക്ഷ്യം ഇതിനേ സ്ഥിരീകരിക്കുന്നു. "മാപ്പാപ്പാമാരുടെ അവിരതവും സുദീർഘവുമായ വംശാവലിയോട് ജഗൽപ്രസിദ്ധങ്ങളായ രാജകുടുംബങ്ങളും താരതമ്യപ്പെടുത്തുമ്പോൾ രാജകുടുംബങ്ങളും ഇന്നലെ ഉണ്ടായവ മാത്രമാണ്.... പാപ്പാധികാരം വെറുമൊരു പ്രാചീനവസ്തുവായിട്ടല്ല സ്ഥിതി ചെയ്യുന്നതു്. പ്രത്യുത ജീവനുള്ളതും, നവയൗവനത്തിലുള്ളതുമാണ്."

സഭാനഭസ്സിൽ ഉദിച്ചുയരുന്ന പ്രശാന്തഭാനു പൊടുന്നനവേ നീരന്ധ്രമേഘപടലങ്ങളാൽ ആവൃതനായി; ജാജ്വല്യമാനമായിരുന്ന രാഷ്ട്രീയാന്തരീക്ഷം അന്ധകാരമയമായിത്തീർന്നു. വീണ്ടും മാപ്പാപ്പാമാർ രംഗപ്രവേശം ചെയ്യുന്നതായി നമുക്കു കാണാം. അതേ, അവരുടെ പുരോഗാമികളുടേയും മറ്റു രക്തസാക്ഷികളുടേയും രക്തപ്രവാഹത്തിൽ ആറാടിയി

രുന്ന ഖഡ്ഗസഞ്ചയത്തിന്മേലുള്ള നിണകണങ്ങൾ ഉണങ്ങുന്നതിനു മുൻപു് ശത്രുനിരോധനാർത്ഥം പാപ്പാമാർ ബദ്ധകങ്കണരായി.

ഇത്തരുണത്തിൽ റോമ്മായുടെ സ്ഥിതി എന്തായിരുന്നു എന്നു് നമുക്കു ചുരുക്കത്തിൽ ഒന്നാലോചിക്കാം. അവിടം സുഖഭോഗപ്രമത്തന്മാരാൽ ഭരിക്കപ്പെട്ടും, തദ്വാരാ അവളുടെ ശക്തി ക്ഷയിച്ചും, ഭരണഘടന ദുർബലപ്പെട്ടും വിഖ്യാതി മങ്ങിയും വന്നിരുന്നു. അവളുടെ അധഃപതനം ആകാംക്ഷയോടെ പാർത്തിരുന്ന വൈറുഹൺസു്, വാൻസൽസു്ഗോത്തുസു് എന്നാ പേരുകളാൽ അറിയപ്പെട്ടിരുന്നവരും, ജർമ്മനി, റഷ്യാ, സ്വീഡൻ എന്നീ രാജ്യങ്ങളിലേ ഘോരവിപിനങ്ങളിൽ വസിച്ചിരുന്നവരുമായ മ്ലേച്ഛരവർഗ്ഗക്കാർ സാമ്രാജ്യശൃംഖല ഭേദിച്ചു് മാൻപേടയെക്കണ്ട ചെന്നായ്ക്കളെപ്പോലെ റോമ്മായെ ലാക്കാക്കിപ്പാഞ്ഞു. മനുഷ്യാധമന്മാരായ ഇവർ കണ്ണിൽ കണ്ടതെല്ലാം കൊള്ളിവച്ചു നശിപ്പിച്ചു. ഇവരുടെ ശക്തിയേറിയ പ്രവാഹത്തെ തടയുന്നതിനു അന്നാർക്കും സാധിച്ചില്ലെന്നു പറയുമ്പോൾതന്നെ ഈ മനുഷ്യച്ചെന്നായ്ക്കളുടെ ശക്തി എത്ര വലുതായിരുന്നു എന്നു് നമുക്കൂഹിക്കാമല്ലൊ.

453–ൽ വൈറുഹൺസിന്റെ നായകനായ അറിലാ, ലോകത്തിന്റെയും തൽസ്രഷ്ടാവായ ദൈവത്തിന്റെയും കണ്ണുകോടാലിയെന്നു സ്വയം അഭിമാനിച്ചുകൊണ്ടു തന്റെ വീരശൂരന്മാരായ 50000 യോദ്ധാക്കളോടുകൂടി ആൽപ്സു് പർവ്വതപംക്തികളും തരണം ചെയ്തു. വെട്ടുകിളികളെന്നോണം ഇറലിയുടെ ഉത്തരസമതലപ്രദേശങ്ങളെ ഫലശൂന്യമാക്കിയ അറിലായും കൂട്ടരും പത്തു നൂറ്റാണ്ടുകളുടെ പരിശ്രമഫലമായി, അതേ സകല കലാവിദ്യകളുടേയും കേളീരംഗമായി പരിലസിച്ചിരുന്ന റോമ്മായിലേയ്ക്കു തിരിച്ചു. ഈ വാർത്ത കാട്ടുതീപോലെ നാടെങ്ങും പര

മാതാപിതാക്കന്മാരുടെ അവകാശം.

സന്താനങ്ങളെ വിദ്യഅഭ്യസിപ്പിക്കുന്നതിൻള്ള അവകാശം മാതാപിതാക്കന്മാർക്കാണു് ഉള്ളതു്. എന്നാൽ കാര്യക്ഷമതയ്ക്കുവേണ്ടി സമർത്ഥന്മാരും സന്മാർഗ്ഗനിഷ്ഠരും മതഭക്തരുമായ അദ്ധ്യാപകന്മാരെ ഇതിനു നിയോഗിക്കാം. ഇപ്രകാരം ബാലകന്മാരെ വിദ്യ അഭ്യസിപ്പിക്കേണ്ടതു് മാതാപിതാക്കന്മാരുടെ അവകാശം മാത്രമല്ല, കടമയും ക്രടിയാകുന്നു. ഏതദനുഷ്ഠാനത്തിൽ രാഷ്ട്രത്തിനു് ഇവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യാമെന്നല്ലാതെ പകരം നോക്കുവാൻ പാടില്ല. ജന്മകർത്താക്കളുടെ ഈ അവകാശം രാഷ്ട്രത്തിന്റെതിനു് മുമ്പുള്ളതാകയാൽ രാജ്യാധികാരികൾക്കു് ഇതിൽ അന്യായമായി കൈകടത്താൻ പാടില്ല. സ്വാഭാവികബുദ്ധി നമുക്കു് ഉപദേശിച്ചുതരുന്ന ഈ സത്യങ്ങൾ സ്ഥിരീകരിക്കുകമാത്രമാണു് സഭ ചെയ്യുന്നതു്.

ന്നു. പട്ടണവാസികളും വ്യാധനെക്കണ്ട മാൻപേടകളെപ്പോലെ ഭയവിഹ്വലരായി നാലുപാടും ഓടിത്തുടങ്ങി. സ്ത്രീകളുടെയും കുട്ടികളുടെയും ഹൃദയഭേദകമായരോദനമേ എവിടെയുംകേൾക്കാനുണ്ടായിരുന്നുള്ളു. എന്നാൽ ഈ ആപദ്ഘട്ടത്തിൽ ഒരാൾമാത്രമേ നിർഭയനായി, നിശ്ചഞ്ചലനായി കാണപ്പെട്ടുള്ളു. അദ്ദേഹം, അന്നു പത്രോസിന്റെ കപ്പലിനെ സ്വഗൃഹം നിയന്ത്രിച്ചിരുന്ന മഹാമാലുമി അതേ ഭാഗ്യസ്മരണക്കർഹനായ ലേയോ പ്രഥമൻ തന്നെ ആയിരുന്നു. ശത്രുക്കൾ പട്ടണദ്വാരത്തോടടുത്തുവെന്നറിഞ്ഞ പരിശുദ്ധപിതാവു് തന്റെ ഔദ്യോഗികവസ്ത്രങ്ങളും അണിഞ്ഞു് സ്ഥാനചിഹ്നങ്ങളും ധരിച്ചു പ്രശാന്തഗംഭീരനായി സ്വരാജ്യരക്ഷാർത്ഥം ശത്രുവിനെതിരായി പുറപ്പെട്ടു. കാറ്റിനേയും കടലിനേയും തന്റെ ആജ്ഞയ്ക്കധീനപ്പെട്ടുത്തിയ മിശിഹായുടെ വികാരിയെ കണ്ട അറിലാ മഹാരാജനെക്കണ്ട മത്തേഭത്തെപ്പോലെ തലതാഴ്ത്തി, ഒരടിപോലും മുൻപോട്ടു വയ്ക്കുന്നതിനു് ആ മനുഷ്യാധമൻ ധൈര്യപ്പെട്ടില്ല. വന്ന വഴിയെ തന്നെ അവൻ മടങ്ങി. ലേയോ തന്റെ പേരിനു് അനുയോജ്യമായ ധൈര്യം ആ അവസരത്തിൽ പ്രദർശിപ്പിച്ചില്ലായിരുന്നുവെങ്കിൽ പത്തു നൂറ്റാണ്ടിലെ പണി ഒരു മണിക്കൂർ ഇടകൊണ്ടു് നാമാവശേഷമാകുമായിരുന്നു. പ്രസ്തുത കാട്ടാളജാതികളെ പരാജിതരാക്കിയെന്നു മാത്രമല്ല, അവരുടെ സന്തതികളെ, അനന്തരകാലങ്ങളിലുണ്ടായ മാറ്റപ്പുമാർ, കത്തോലിക്കാസഭയുടെ അരുമസന്താനങ്ങളായി സ്വീകരിക്കുകയുംചെയ്തു. അതെ അവർ ചെന്നായ്ക്കളെ ചെമ്മരിയാട്ടിൻകുട്ടികളാക്കി.

ഇനി നമുക്കു പതിനൊന്നാം നൂറ്റാണ്ടിലേയ്ക്കു് ഒന്നു കടക്കാം. പ്രഭുക്കന്മാരിൽനിന്നും രാജാക്കന്മാരിൽനിന്നും മെത്രാന്മാർക്കു് സ്ഥാവരവസ്തുക്കളും ലഭിക്കുകയും അതിനുപ്രതിഫലമെന്നപോലെ ആദ്ധ്യാത്മികാധികാരചിഹ്നങ്ങളായ മോതിരവും വടിയും രാജാക്കന്മാരും പ്രഭുക്കന്മാരും തന്നെ വൈദികാദ്ധ്യക്ഷന്മാർക്കു പ്രദാനം ചെയ്യുകയെന്ന ഒരു പതിവു് അന്നുണ്ടായിരുന്നു. ഈ മാമൂൽകാരണത്താൽ വൈദികോദ്യോഗദാനം സ്വഗൃഹാപ്രഭുക്കന്മാരുടെ സ്വായത്തമായി ഭവിച്ചു. ഇതിൽ നിന്നുൽഭൂതമായ നാശഫലങ്ങളും വാചാമഗോചരങ്ങളത്രെ പള്ളിവസ്തുക്കളുടെ ആദായവും കൈക്കലാക്കണമെന്നുള്ള ദുർമോഹത്തോടെ ഒട്ടുചില സ്വഗൃഹാപ്രഭുക്കൾ വേണ്ടത്ര ശാസ്ത്രവ്യുൽപത്തിയും പുണ്യാഭ്യസനവും ഇല്ലാതിരുന്ന എന്നു മാത്രമല്ല പ്രത്യുത സഹോദരങ്ങളോടും മറ്റു സഖാക്കളോടുംകൂടി വെട്ടയാടുന്നതിലും യുദ്ധം ചെയ്യുന്നതിലും, നൃത്തമാടുന്നതിലും ഉൽസുകരായിരുന്ന അവരുടെ കനിഷ്ഠസന്താനങ്ങൾക്കു് വൈദികോദ്യോഗങ്ങളും നൽകുകയും, ഇവരാകട്ടെ തങ്ങളുടെ അധികാരസീമയിൽപ്പെട്ട ഉദ്യോഗങ്ങളും സ്വമിത്രങ്ങൾക്കും അനുചരന്മാർക്കും പ്രദാനം ചെയ്യുകയും ചെയ്തുവന്നു. മറ്റുചിലരാക

ട്ടെ ഉദ്യോഗയോഗ്യതയുടെയും കൈക്കുലിയുടെ കൂട്ടുതലും ഉദ്യോഗാർത്ഥിയുടെ സ്വത്തും മാനദണ്ഡമായി സ്വീകരിച്ചു. ഏതൽഫലമായി വൈദികോദ്യോഗങ്ങളുടെ ഒഴിവിൽ പ്രഭുമിത്രങ്ങളും കുബേരന്മാരും തിക്കിക്കയറി.

ഈ അവസരത്തിൽ സഭയുടെ നേരിട്ട ഈ അത്യാപത്തിനെയും അതിന്റെ ക്രമപ്രപൂജ്യമായ വളർച്ചയേയും സൂക്ഷ്മാവലോകനം ചെയ്തുകൊണ്ട് ഹിൽഡബ്രാൻഡ് എന്ന ഒരു സന്ന്യാസിവര്യൻ റോമിൽ ജീവിച്ചിരുന്നു. ജപതപസാദികർമ്മംകൊണ്ട് ഈശ്വരസേവ ചെയ്തുകൊണ്ടിരുന്ന ഇദ്ദേഹമാകട്ടെ മിശിഹായുടെ സത്യസഭയെ ഈ അത്യാപത്തിൽനിന്നും ഏതുതരത്തിലെങ്കിലും വിമോചിക്കണമെന്നുറച്ച് തന്റെ സർവ്വശക്തിയും ഏതൽകായ്ത്നിർവഹണാർത്ഥം ഉദ്യോഗിച്ചു. ഇതിനു പ്രഥമമായി മിശിഹായുടെ ജീവിതം അനവദ്യമാക്കി ജീവിതം നയിക്കുന്ന ഒരുഗണം വൈദികരെ ബലിപീഠശുശ്രൂഷയ്ക്ക് നിയോഗിക്കുന്നതിനും, രണ്ടാമതായി സഭയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ലൗകികമേധാവിത്വത്തെ പാടെ വിപാടനം ചെയ്യുന്നതിനുമാണ് അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞതു്.

ക്രിസ്തുവിന്റെ സഭ പരിശുദ്ധയും, അതെ സമയംതന്നെ സ്വതന്ത്രയും ആയിരിക്കണമെന്ന് അദ്ദേഹം സകാരണങ്ങളാൽ സമർത്ഥിച്ചു. ഈ ഘട്ടത്തിലാണ് ധീരനും ധീമാനും, പരിശുദ്ധനും പണ്ഡിതനും കൃശാഗ്രബുദ്ധിയും ത്യാഗശീലനുമായ ഇദ്ദേഹം പത്രോസിന്റെ അനന്തരഗാമിയായി തിരഞ്ഞെടുക്കപ്പെട്ടതു്. ഗ്രിഗരി സപ്തമൻ എന്ന നവനാമം സ്വീകരിച്ച ഹിൽഡബ്രാൻഡ് സിംഹാസനാരൂഢനായ ഉടൻ, വൈദികോദ്യോഗവിക്രയം വഴിയായി ജീവസന്ധാരണം ചെയ്തിരുന്നവരും ചെയ്യുന്നവരുമായ എല്ലാ പട്ടക്കാരെയും തിരുസ്സഭയുടെ ഐക്യത്തിൽ നിന്നും വെട്ടി വേർപെടുത്തിയിരിക്കുന്നതായ ഒരു ചാക്രികലേഖനം പ്രസിദ്ധം ചെയ്തു. ഈ ലേഖനം വെടിയുണ്ടയെന്നോണം അനേകായിരത്തിന്റെ ചങ്കിൽ പാഞ്ഞുകയറി. രാജാക്കളും പ്രഭുക്കളും വൈദികരും അല്മായരും അദ്ദേഹത്തിനെതിരായി പുറപ്പെട്ടു. കൊട്ടാരാവും പിശാചും ചതുർഭാഗത്തുനിന്നും തന്നെ ഭയപ്പെടുത്തുന്നെന്നും, തന്റെ ജീവിതം തന്നെ സുദീർഘമായ ഒരു മരണവേദനയാണെന്നും പരിശുദ്ധപിതാവുതന്നെ പ്രസ്താവിക്കുകയുണ്ടായി.

പാപ്പായുടെ ആജ്ഞ ചിലരെല്ലാം പരസ്യമായി ലംഘിക്കുതന്നെ ചെയ്തു. ഇവരിൽ പ്രമുഖൻ ജർമ്മനിയെ അന്നടരിച്ചിരുന്ന ഹെൻറി ചതുർത്ഥനായിരുന്നു. ഇയാൾ പാപ്പായുടെ കല്പന തൃണവദ്ഗണിച്ചു എന്നു മാത്രമല്ല, അതിനെ പരിഹസിന്നമാക്കി നിലത്തിട്ട് ചവിട്ടുകയുതെ ചെയ്തു്. ഇതുകൊണ്ടും അയാൾ തൃപ്തിയടഞ്ഞില്ല. പാപ്പായുടെ കല്പനയ്ക്കെതിരായി സ്വമിത്രങ്ങൾക്കു വൈദികാധികാരങ്ങളായ മോതിരവും വടിയും കൊടുക്കുകയുംചെയ്തു.

ഗ്രിഗറി സപ്തമനാകട്ടെ പിതൃഹൃദയത്തോടെ ഹെൻറിയെ ഉപദേശിച്ചു. കിം ഫലം. കോപാക്രാന്തനായ ഹെൻറി ഇതിനുപകരമായി മഹറോൻ ചൊല്ലപ്പെട്ട ആളുകളുടെ ഒരു മഹായോഗം വിളിച്ചുകൂട്ടി. അതിവച്ച് ഹിൽഡബ്രാണ്ടിനെ സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നതായി പ്രഖ്യാപനംചെയ്തു.

ശക്തനായ ഹെൻറിയുടെ ഈ ബീഭത്സമായ പ്രവൃത്തികൾക്കൊന്നും ധീരകേസരിയായ മാർപ്പാപ്പായെ തന്റെ ദൃഢനിശ്ചയത്തിൽനിന്നും ഒരണുപോലും വ്യതിചലിപ്പിക്കുവാൻ സാധിച്ചില്ല. ജർമ്മൻചക്രവർത്തി പാപ്പായുമായുണ്ടായ ഘോരസമരത്തിൽ വിജയി ആയിരുന്നുവെങ്കിൽ കത്തോലിക്കാസഭയുടെ ഭാവി എന്തായിരുന്നോനെ ?

സഭയുടെ ഭാവിവിപത്തുകളെ തന്റെ ദീർഘദൃഷ്ടിയിൽ കണ്ട ഹിൽഡബ്രാണ്ട് ഹെൻറിയെ സഭാമാതാവിന്റെ ഉത്സംഗത്തിൽനിന്നും സോൽക്കണ്ഠം നിഷ്കാസനംചെയ്തു.

പാപ്പായെ പരിഹസിക്കുന്നതിലും സ്ഥാനഭ്രഷ്ടനാക്കുന്നതിലും ഹെൻറിയുടെ ബഹിശ്ചരപ്രാണനായി പ്രവർത്തിച്ചിരുന്ന ചെലമാരിൽ അദ്വിതീയൻ പൊടുന്നനവേ നിരാശയോടെ മൃത്യുയടയുകയും മരണസമയത്ത് അയാളുടെ കൊട്ടാരവും രാജ്യഭരണവും മിന്നൽപിണരുകൾക്ക് ഇരയാവുകയുംചെയ്തു.

" നീതി സംരക്ഷചെയ്യുന്ന
നിഷ്ക്കളങ്ക ജനങ്ങളെ
പാപിതൻ പാപഭാരത്താൽ
നിലത്തടിപെടുന്നുകേൾ "

ഈ ദൈവശാപം ഹെൻറിയുടെ മനസ്സിനെ വല്ലാതെയൊന്നിളക്കി. " ആഴലാന്ധനായിപ്പിന്നെ മഴപോൽ കണ്ണുനീരേറ്റം " കൂടി ചക്രവർത്തി പുത്രകളത്രസമേതം മാർപ്പാപ്പായുടെ പാദാരവിന്ദങ്ങളിൽ ക്ഷമാപണാർത്ഥം അഭയംതേടി. മഹാമനസ്കനായ പരിശുദ്ധപിതാവ് ധൂർത്തപുത്രനെ എന്നപോലെ ചക്രവർത്തിയെ സന്തോഷാശ്രുക്കൾപൊഴിച്ചാലിംഗനംചെയ്ത് സഭയിലേയ്ക്കു സ്വീകരിച്ചു.

ഹെൻറിയുടെ പശ്ചാത്താപം സാക്ഷാത്തായതല്ലായിരുന്നുവെന്ന് അയാളുടെ അനന്തരപ്രവൃത്തികൾ പ്രത്യക്ഷമാക്കി. അഹങ്കാരപ്രമത്തനായ ഹെൻറി രണ്ടാംപ്രാവശ്യം ആൽപ്സുപർവതം കടന്നത് റോമിനെനിരോധിക്കുന്നതിനു് ഒരു വലിയ സൈന്യവ്യൂഹത്തോടുകൂടെവന്നു. ഇതറിഞ്ഞ ഗ്രിഗറി സപ്തമൻ സലേർമൊ എന്നസ്ഥലത്തെ അഭയംപ്രാപിച്ചു. അവിടെവെച്ചു വ്യസനാക്രാന്തനായ ആ തപോവൃദ്ധൻ " ഞാൻ നീതിയേ സ്നേഹിക്കുകയും അനീതിയെ ദ്വേഷിക്കയുംചെയ്തുകാര

ണത്താൽ ഈ വിദേശത്തു മരിക്കുന്നു" എന്നു് തന്റെ അനുയായികളോടു പറഞ്ഞുകൊണ്ടു് ഇഹലോകവാസം വെടിഞ്ഞു. ഹാ! എത്ര ആനന്ദസംദായകമായ പരലോകയാത്ര!!

തൽഫലമായി സഭയെ ബാധിച്ചിരുന്ന വ്യാധി ഭേദമായി. പരിശുദ്ധമായ ഒരു വൈദികഗണം അംഭാരശുശ്രൂഷയ്ക്കണഞ്ഞു. മതകാര്യങ്ങളിൽ ലൗകികമേധാവിത്വം പാടെ വിപാടനംചെയ്യപ്പെട്ടുകയുംചെയ്തു. ഭാഗ്യസ്മരണാർഹനായ ഗ്രിഗരി സപ്തമന്റെ ശവകുടീരത്തിൽനിന്നും പാപ്പാധികാരം പൂർവാധികം ധാടിയോടും മോടിയോടും, ഓജസ്സോടും തേജസ്സോടുംകൂടി ഉയിർത്തെഴുനേറ്റു.

ഇവിടെനിന്നും നമ്മുടെ മനോരഥത്തെ പതിനാറാംനൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലേയ്ക്കു് ഒന്നുതെളിക്കാം. പ്രോട്ടസ്റ്റാൻമതവിപ്ലവത്തോടുകൂടി, ഏകയോഗക്ഷേമമായി കഴിഞ്ഞുകൂടിയിരുന്ന ക്രൈസ്തവരാജ്യങ്ങളും അഹിനകുലപ്രായങ്ങളായി. തൊഴുത്തിൽ കയ്യുവീണാലത്തെ കഥ പറയണമോ? ഇതൊരു ശുഭാവസരമെന്നുകരുതി അടിക്കടി പൂർവ്വദേശങ്ങളെ അമർത്തി കൊള്ളചെയ്തുകൊണ്ടിരുന്ന മഹമ്മദീയർ സ്വശക്തിയെ യൂറോപ്യൻരാജ്യങ്ങളിലേയ്ക്കു തിരിച്ചു. ഹിംസ്രജന്തുസമന്മാരായ ഇവർക്കു കണ്ണിൽക്കാണാനാതെല്ലാം അഗ്നിക്കിരയാക്കണമെന്നല്ലാതെ യാതൊരു ചിന്താരവും ഇല്ലായിരുന്നു. ഈ അത്യാപദ്ഘട്ടത്തിലും യൂറോപ്പിനെ സംരക്ഷിക്കുവാൻ റോമ്മാമാർപ്പാപ്പായ്ക്കുമാത്രമെ സധിച്ചുള്ളു.

മാർപ്പാപ്പാമാരുടെ ഗണത്തിൽനിന്നും അവസാനമായി വിശുദ്ധരുടെ പട്ടികയിൽ ചേർക്കപ്പെട്ട പീയൂസ് പഞ്ചമൻ യൂറോപ്പിന്റെ പിതാവെന്ന നിലയിൽ, ക്രിസ്ത്യാനികൾ എല്ലാവരും ഒത്തൊരുമിച്ചു് ശത്രുക്കളുടെ ഗതിയെ നിരോധിക്കേണ്ട ആവശ്യകതയെ ക്രൈസ്തവരാജ്യങ്ങളെ ഉദ്ബോധിപ്പിച്ചു. എന്നാൽ, സദാ വിശ്വസ്തയായിരുന്ന സ്പെയിനും വെനീസിലേ ജനാധിപത്യഗവർമ്മൻറും മാത്രമേ പരിശുദ്ധപിതാവി

സുറിയാനിപരീക്ഷാബോർഡ്.

മദ്രാസ് സർവ്വകലാശാലയിൽ നിന്നും പ്രാദേശികഭാഷകളുടെ കൂട്ടത്തിൽ ഒരു അഭ്യസനഭാഷയായി സ്വീകരിച്ചിരിക്കുന്ന സുറിയാനി, ഹീബ്രൂ എന്നീ ഭാഷകൾക്കു പാഠപുസ്തകങ്ങൾ നിർണ്ണയിക്കുക, പരീക്ഷാബോർഡ് രൂപവൽകരിക്കുക മുതലായതിലേയ്ക്കു തിരുവനന്തപുരം മെത്രാപ്പോലീത്ത മാർ ഇവാനിയോസ് തിരുമനസ്സുകൊണ്ടു പ്രസിഡൻറായും, മാർ തീമോഥിയൂസ് മെത്രാപ്പോലീത്താ, റവ. ഫാദേഴ്സ് ജോൺ പാലോക്കാരൻ എം. എ; മാത്യു പൂരയ്ക്കൽ എം. എ. യാക്കോബായ സുറിയാനി മല്പാൻ എം. റവ. അബ്രഹാം കത്തനാർ, ഏ. ബി. സേലം എന്നിവരെ അംഗങ്ങളായി സർവ്വകലാശാലയിൽ നിന്നു നിയമിച്ചിരിക്കുന്നു.

ന്റെ ക്ഷണത്തെ സ്വീകരിച്ചുള്ളൂ. അവർ അതിവേഗം ഒരു കപ്പൽ സൈന്യം സജ്ജീകരിച്ചു. സേനാനായകനായി സ്പെയിൻരാജാവിന്റെ മാതുവ്യനായിരുന്ന ഓസ്ട്രിയായിലേ ഡോൺജോണിനെ നിശ്ചയിച്ചു. ജനറൽകയറിയിരുന്ന കപ്പലിന്റെ പുരോഭാഗത്തായി സകലർക്കും കാണത്തക്കവിധത്തിൽ പരിശുദ്ധ ജനനിയുടെ ഒരു പ്രതിമ വിശേഷാലങ്കാരങ്ങളോടുകൂടി വച്ചിരുന്നു. ഈ പ്രതിമയ്ക്കൊരു താലവൃന്തമെന്നോണം പത്രോസിന്റെ പതാക പാമരാഗ്രങ്ങളിൽ പരിലസിച്ചു. ഗായകസംഘം മേരീസ്തവപല്ലവികളിൽ നിർവൃതിതേടി. മോക്ഷരാജ്ഞിയെ പാടിക്കൊണ്ടോടുമാറ് കല്ലോലതരംഗപരമ്പരകളും മന്ദമാരുതനിൽ നൃത്തമാരംഭിച്ചു. സ്വർഗ്ഗരാജ്ഞിയുടെ സഹായത്തിൽമാത്രം ആശ്രയിച്ചുകൊണ്ടു പുറപ്പെട്ട നാവികസൈന്യം ലെപ്പാന്റോ എന്ന ഉൾക്കടലിൽവെച്ചു തുർക്കികളുമായി കണ്ടുമുട്ടി.

"ദന്തംഞെരിച്ചു വിരലാഞ്ഞുനിലത്തിലൂന്നി
പ്പന്തംകണക്കു മിഴി ഭീഷണമാക്കിരോഷാൽ
അന്തംവെടിഞ്ഞു പകയോടിരുകൂട്ടരുംവാരം
കുന്തംതുടങ്ങിയവയാൽപെരുമാറ്റമായി"

ഈ സമയത്താകട്ടെ പരിശുദ്ധപിതാവും തിരുസ്സംഘവും എന്നുവേണ്ട റോമിലുണ്ടായിരുന്ന ക്രിസ്ത്യാനികളെല്ലാവരും മൂട്ടിന്മേൽനിന്നു ജപമാല ആരംഭിക്കുകയാണു ചെയ്തതു്. ഭക്തിപാരവശ്യത്തിലാണ്ടിരുന്ന പരിശുദ്ധപിതാവു് പെട്ടെന്നു മൂട്ടിന്മേൽനിന്നൊണിറ്റു് "ഇതാ ക്രിസ്ത്യാനികളുടെ വിജയികളായിരിക്കുന്നു. അതിനാൽനമുക്കു് ദൈവത്തിനു നന്ദി പറയാം" എന്നു കർട്ടിനാളന്മാരോടു പറഞ്ഞതും ക്രിസ്ത്യാനികളും മഹമ്മദീയരെ പരാജിതരാക്കിയതും ഒരേസമയത്തു കഴിഞ്ഞു. ഇതിന്റെ സ്മാരകമായിട്ടാണല്ലോ പരിശുദ്ധ ജനനിയുടെ കീർത്തനമാലയിൽ "ക്രിസ്ത്യാനികളുടെ സങ്കേതമെ" എന്ന സംബോധനകൂടി ചേർത്തിരിക്കുന്നതു്. ഇതാ; പത്രോസെന്ന പാറയിൽ മൂന്നാമതായിത്തട്ടിയ പ്രവാഹവും എങ്ങനെ ചിന്നിച്ചിതറി എന്നുനാം കണ്ടുകഴിഞ്ഞു.

ഇനി നാം പതിനെട്ടാംനൂറ്റാണ്ടിലേയ്ക്കു കടക്കുന്നതായാൽ അവിടെ ഹേതുവാദികളും എന്നൊരുകൂട്ടർ പ്രസ്തുത പാറയെ തകർക്കാൻ അക്ഷീണയത്നം ചെയ്യുന്നതായി നാം കാണും. അന്നത്തെ പേരെടുത്ത സാഹിത്യശിരോമണികളും ഹൃദയാവർജ്ജകമായ കവനത്താലും, സരസലളിതകോമളമായ ഗദ്യത്താലും ക്രൈസ്തവസഭയേയും അവളുടെ സനാതനവും അതിപാവനവുമായ തത്വങ്ങളേയും അപലപിക്കുന്നതിനും അവഹേളിക്കുന്നതിനും രംഗപ്രവേശനംചെയ്തു. തൽഫലമായി കുടിൽമുതൽ കൊട്ടാരംവരെ അന്ധവിശ്വാസവും നിരീശ്വരത്വവും വ്യാപിച്ചു.

കൃപ്രസിദ്ധമായ ഫ്രഞ്ചുമതവിപ്ലവത്തിനു ഹേതുവായതും ഇതുതന്നെ. ഇതൊക്കെയായിട്ടും സഭാശിലയുടെ ഒരു കോണുപോലുമിളക്കുന്നതിനു് എതിർകക്ഷികൾക്കു സാധിച്ചില്ല എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ.

ഏതാവൽപ്രയത്നംകണ്ടതിലും വലിയൊരുശക്തി പത്തൊൻപതാം നൂറ്റാണ്ടിൽ സഭയോടെതിർക്കുന്നതായി നമുക്കുകാണാം. യൂറോപ്പിനെ അടിമേൽമറിച്ച നെപ്പോളിയൻ ബോണപ്പാർട്ടിന്റെ കഥ ശ്രദ്ധേയം തന്നെ. പത്രോസിന്റെ സിംഹാസനത്തോടു് ഐകൃമായിരുന്നകാലത്തു നെപ്പോളിയനു് വിജയമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. വിജയത്തിൽ മതിമറന്നഹംകരിച്ച നെപ്പോളിയനാകട്ടെ തന്റെ ന്യായവിരുദ്ധമായ പ്രവൃത്തികൾക്കു പത്രോസിന്റെ സിംഹാസനം ഒരു പ്രതിബന്ധമായിക്കണ്ടു. തന്റെ ഉദ്യമങ്ങൾക്കു വിഘാതംവരുത്തുന്ന എല്ലാവരെയും ഉന്മൂലനംചെയ്യുക എന്നതു് ഒരു മുദ്രാവാക്യമായി സ്വീകരിച്ചിരുന്ന നെപ്പോളിയൻ വലിയൊരു സൈന്യവ്യൂഹത്തോടെ ആൽപ്സു പർവ്വതംകടന്നു് ഇറാലിയുടെ പൂർവ്വഭാഗത്തുള്ള ലൊമ്പാർഡി എന്ന സ്ഥലത്തിൽ എത്തി ഇറാലി കീഴടക്കി. ഇതുകൊണ്ടും അദ്ദേഹം തൃപ്തനായില്ല. അന്നു് പത്രോസിന്റെ സിംഹാസനത്തിൽ ഭാഗൃമോടെ വാണിരുന്ന പീയുസു് സപ്തമനെ അയാൾ ബന്ധനസ്ഥനാക്കി. ആ വിനാഴികയിൽ വീരപരാക്രമിയായിരുന്ന നെപ്പോളിയന്റെ അധ:പതനവും ആരംഭിച്ചു. കാലവിളംബമെന്യേ നെപ്പോളിയൻ വാട്ടർലോയിൽവച്ചു് പരാജിതനാവുകയും, സെൻറു ഹെലനായിലേ കാരാഗൃഹവാസത്തിൽ മൃത്യു അടയുകയുംചെയ്തു.

രണ്ടായിരം വർഷങ്ങളോളംപഴക്കമുള്ള പത്രോസിന്റെ സിംഹാസനം ഒന്നിനുപിറകിലൊന്നായി തള്ളിക്കേറിവന്ന വീചീപംക്തികളുടെ നിർദ്ദയമർദ്ദനമേറ്റിട്ടും യാതൊരുഭംഗവുംകൂടാതെ നിലകൊള്ളുന്നു. അതിനോടെതിർത്ത നാശകീയശക്തികളും നിൽക്കക്കള്ളിയില്ലാതെ സമയമാകുന്ന യവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു് നാമാവശേഷമായതെങ്ങിനെയെന്നു നാം കണ്ടുകഴിഞ്ഞു.

പത്രോസ്സിന്റെ സിംഹാസനം വർത്തമാനകാലത്തേയും വീക്ഷിക്കുന്നു. രാജ്യങ്ങളുടെ ഉദയവും അസ്തമനവും അതു് കാണാതിരിക്കുന്നില്ല. അറാലിയുടെ ശക്തി നിഴലെന്നവണ്ണം കടന്നുപോയപ്പോൾ കണ്ടുപിടിക്കാതിരുന്ന ഭൂവിഭാഗങ്ങളിൽ നവംനവങ്ങളായ രാജ്യങ്ങളും സാമ്രാജ്യങ്ങളും അതു് ദർശിക്കുന്നു. അതേസമയംതന്നെ അക്രൈസ്തവ പഠനങ്ങളും അസ്തൃതപ്രബോധനങ്ങളും പ്രതാപവാന്മാരായ രാജ്യക്കാരുടെ സന്മാർഗ്ഗസൗധത്തിന്റെ അസ്ഥിവാരത്തെ ഇളക്കുന്നതും; അ

വരുടെ രാജ്യങ്ങളും അലയിൽപ്പെട്ട പനപോലെ ഛിന്നഭിന്നമാകുന്നതും അതിന്റെ ദൃഷ്ടിയിൽപ്പെടുന്നു.

പത്രോസ് ഭാവിയെ ദർശിക്കുമ്പോൾ അവിടെയും ആശങ്കാജനകങ്ങളായ കാഴ്ചകളാണ് താൻ കാണാതിരിക്കുന്നില്ല. സ്ഥിതിസമത്വവാദവും അരാജകത്വവും നിരീശ്വരത്വവും മനുഷ്യസമുദായത്തെ അതിന്റെ നാശഗർത്തത്തിലേയ്ക്കു തള്ളിയിടുന്നതും, ഈ പ്രവാഹങ്ങളെല്ലാം പത്രോസ്സാകുന്ന പാറമേൽ തട്ടിത്തകരാൻപോകുന്നതും തന്റെ ദീർഘദൃഷ്ടിയിൽപ്പെടുന്നു. ഈ കാഴ്ചകളൊന്നും തന്നെ ലവലേശം ഭയപ്പെടുത്തുന്നില്ല. ഊക്കേറിയ പ്രവാഹങ്ങൾക്കൊന്നും പത്രോസ്സിന്റെ സിംഹാസനത്തെ, അതേ ആ ലൊകൈകശിലയെ ഭേദിക്കാൻ സാധിക്കുന്നതല്ല. മെക്സ്ക്കോയിലേ കാലസുപ്രഭൃതികളുടേയും, റഷ്യയിലേ ലെനിൻ പ്രഭൃതികളുടേയും ഏതാദൃശൊദ്യമങ്ങളും വിഫലമായി കലാശിക്കുന്നതെയുള്ളൂ. എന്തുകൊണ്ടെന്നാൽ "നീ പാറയാകുന്നു, ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും, നാരകീയകവാടങ്ങളും അതിനെതിരായി പ്രബലപ്പെടുകയില്ല"

ദേവമാതാവിന്റെ കരേറ്റം.

(ചാലങ്ങാടിൽ തോമ്മാ ക.)

(ബാൻഡനോട്ട് വാൽസ്മട്ട്)

ക. അമ്മേ! നിൻകരേറ്റമേ—ആത്മശരീരത്തോടെ
എന്മാത്രംഭാഗ്യമാണെ—നിന്മക്കൾക്കേകിമോദം

ഖ. ദൈവപിതാവുനിന്നെ—ദൈവപുത്രനുംകൂടി,
ദൈവമായരൂഹായും—മൂവരും സ്വീകരിച്ചു.

ന. ദൂതരാംമാലാഖാമാർ—ഗീതങ്ങൾപാടിടുന്നു.
പതിയെക്കൈക്കൊള്ളുവാൻ—നീതിമാൻയൗസേപ്പുമെ

ർ. മോക്ഷവാസികളെല്ലാം—അക്ഷമരായിവന്നു.
പക്ഷമോടേറ്റവുമെ—വീക്ഷിച്ചുരാജസ്ത്രീയെ.

ങ. സ്നേഹചിറകിനാലെ—മഹിമയോടേസ്വർഗ്ഗാ-
രോഹണംചെയ്തോരമ്മേ—സ്നേഹിക്കുന്നുമക്കളും

ദൈവജനനിയുടെ സ്വർഗ്ഗാരോഹണം.

(റവ. തോമ്മസ് പുത്തൻവീട്ടിൽ)

യഹൂദന്മാരുടെ നടപ്പു് അനുസരിച്ചു് വിവാഹാവസരത്തിൽ ദൈവജനനിയുടെ വയസ്സു് പതിനഞ്ചായിരുന്നെങ്കിൽ, കർത്താവു് സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ സ്വമാതാവിനു് ൮൯ വയസ്സു പ്രായമായിരുന്നു. തന്റെ കുരിശ്ശിൽനിന്നുള്ള മരണപത്രികപ്രകാരം വി. യോഹന്നാൻ പരി. കന്യകയുടെ പ്രത്യേകപരിപാലകനായിഭവിച്ചു. ഇതുമുതൽ ദൈവജനനി അപ്പസ്തോലസംഘത്തോടും ആദിമക്രിസ്തീയസമൂഹത്തോടും ഒന്നിച്ചു് ജെറൂസലത്തിൽ പാർത്തുവന്നു. അപ്പസ്തോലന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ച അവസരത്തിലും വി. പത്രോസിന്റെ പ്രസംഗഫലമായി വിശ്വാസികളുടെ സംഖ്യ പരിപുഷ്ടമായപ്പോഴും താൻ സന്നിഹിതയായിരുന്നു. താൻ എത്രനാൾ ജറൂസലത്തു് താമസിച്ചുവെന്നും ഈ വിശുദ്ധപട്ടണംവിട്ടു് വല്ലയിടത്തും പോയോ എന്നും ഉള്ളതു് ഇന്നും സംശയാസ്പദമാവുന്നു. എന്നാൽ താൻ വി. യോഹന്നാനോടുകൂടി എഫേസൂസ് സന്ദർശിച്ചു എന്നു് ഒരു പാരമ്പര്യമുണ്ടു്. ഈ പട്ടണത്തിൽ തന്നെയാണു് ഈ മഹാപുണ്യശാലിനി ശരീരം പ്രാപിച്ചുതെന്നുപോലും തൽപൗരന്മാർ അഭിമാനിക്കുന്നു. എങ്കിലും ഈ വസ്തുത നന്നായി തെളിയിക്കുന്നതിനു് പര്യാപ്തമായ രേഖകളൊ ഇതുവരെ കിട്ടിയിട്ടില്ല.

വിശുദ്ധ യോഹന്നാനോടുകൂടി കുറെ ദേശസഞ്ചാരം ചെയ്ത ശേഷം തിരിച്ചു ജെറൂസലത്തു് വരികയും, പരിശുദ്ധ കർമ്മലനാഥയുടെ സ്ഥാപനം മൂലം പരിപാവനമായ സെഹിയോനിൽനിന്നും കുറച്ചുപടിഞ്ഞാറുള്ള ഒരു വീട്ടിൽ താമസിച്ചു് (സെഹിയോനിലേ ഭോജനശാല ഈ സമയം കൊണ്ടു് ഒരു ദേവാലയമായി രൂപാന്തരപ്പെടുത്തിയിരുന്നു) കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന്റെ പതിനഞ്ചാം വർഷത്തിൽ, തന്റെ ൫൯–ാം വയസ്സിൽ ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു എന്നാണു് പരി കന്യകയെപ്പറ്റി ജെറൂസലത്തുള്ള പാരമ്പര്യം.

ഈ സംഭവത്തെപ്പറ്റി പല കഥകളുമുണ്ടെങ്കിലും അവയിൽ പ്രാധാന്യമുള്ളതു് ദമാസ്കുസ്സിലേ വി. യോഹന്നാന്റേതാവുന്നു. അതു് ഇപ്രകാരമാണു് "നിത്യരക്ഷോദ്യമങ്ങൾക്കായി അനേകസ്ഥലങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്ന അപ്പസ്തോലന്മാർ പരി. കന്യകയുടെമഹിമയേറിയ ദീർഘനിദ്രാവസരത്തിൽ പെട്ടെന്നു് ജെറൂസലത്തു് ഒന്നിച്ചുകൂടി എന്നു് അതിപൂ

രാതനമായ ഒരു പാരമ്പര്യമുണ്ട്. ഈവിധം ഒന്നിച്ചിരിക്കെ അവർക്ക് ദൈവദൂതന്മാരുടെ ഒരു ദർശനമുണ്ടായി. സ്വർഗ്ഗീയഗണങ്ങളുടെ മധുരഗാനം ശ്രവിക്കുകയും ദൈവമാതാവ് തന്റെ നിർമ്മലയായ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നതു് അവർ കാണുകയും ചെയ്തു. ദൈവത്തിന്റെ ഭവനമായിരുന്ന അവളുടെ ശരീരം മാലാഖാമാരുടേയും പ്രേഷിതപുരുഷന്മാരുടേയും കീർത്തനമധ്യേ ഗെത്സെമനിലേ ഒരു ശവകുടീരത്തിൽസംസ്കരിക്കുകയും ഉണ്ടായി. തദനന്തരം മൂന്നുദിവസത്തേക്കു് ആ വിടെ വാനാരൂപികളുടെ പാട്ടു കേൾക്കപ്പെട്ടു.

ഇപ്പാട്ടു് മൂന്നു ദിവസത്തേക്കേ ഉണ്ടായിരുന്നുള്ളു. പരി. കന്യകയുടെ മരണവേളയിൽ അവടെ ഇല്ലാതിരുന്ന ഏക അപ്പസ്തോലൻ വി. തോമസ്സായിരുന്നു. മൂന്നു് ദിവസം കഴിഞ്ഞെപ്പോഴും താൻ വന്നുചേരുകയും സർവ്വശക്തന്റെ ആലയമായിരുന്ന ആ പുണ്യശരീരം കാണണമെന്നുള്ള ആഗ്രഹം അറിയിക്കുകയും ചെയ്തു. ഈ അഭിലാഷപൂർത്തിക്കായി കല്ലറ തുറന്നെങ്കിലും ദിവ്യശരീരം പൊതിഞ്ഞിരുന്ന തുണിക്കഷണങ്ങളും മാത്രമേ അതിൽക്കണ്ടുള്ളു. തദനന്തരം സൗരഭ്യം വീശിക്കൊണ്ടിരുന്ന പ്രേതാലയം അവർ മൂടുകയും ചെയ്തു. ഈ അത്ഭുതം കണ്ടപ്പോൾ 'കന്യകാമറിയത്തിന്റെ നിർമ്മലോദരത്തിൽനിന്നു് മനുഷ്യനായി ജനിക്കുന്നതിനു് ഇച്ഛിച്ചവനും അവളുടെ കന്യാത്വം സംരക്ഷിച്ചവനുമായ ആദം ദൈവപുത്രനും മഹത്വത്തിന്റെ നാഥനുമായിരിക്കയാൽ അവളുടെ വിമലജഡത്തെ മരണാനന്തരമുള്ള നാശത്തിൽനിന്നു് പരിപാലിക്കുവാനും പൊതുവേ അവസാനത്തിലുണ്ടാകുവാനിരിക്കുന്ന ഉയർപ്പിനു് മുമ്പേ സ്വർഗ്ഗത്തിലേയ്ക്കു് എടുക്കുവാനും താൻ തിരുവുള്ളമായിരിക്കുന്നു," എന്നു വസ്തുത അവർ ഗ്രഹിച്ചു.

ഇവയൊക്കെ സംഭവിച്ച സ്ഥലത്തുണ്ടായിരുന്ന ഒരു പള്ളി തീയ്ക്കു് നശിപ്പിക്കപ്പെടുകയാൽ ഒരു വലിയ കല്ലു മാത്രമാവുന്നു ഇവിടത്തെ ആധുനികസംഭാരകം.

ഇവിടം പരി. ജനനിയുടെ ശവകുടീരം ആണെന്നു് പറയുന്ന അതിപ്രബലമായ ഒരു പാരമ്പര്യം വി നാട്ടിലുണ്ടു്. ആദിമകാലങ്ങളിലേ അനേകക്രൈസ്തവഗ്രന്ഥകർത്താക്കളും മാത്രമല്ല അമ്മിനിയരും മോസ്ലേംവിലേ ജനങ്ങളുംകൂടി ഇതിനെ സ്ഥിരീകരിക്കുന്നു. മഹമ്മദീയർപോലും ഈ സ്ഥലത്തെ മേരിയുടെ അന്ത്യവിശ്രമസ്ഥലമായി ബഹുമാനിക്കുന്നു. ക്രൈ.-വരെ ഇവിടം കുരിശാലിക്കുടെ കൈവശത്തിലായിരുന്നു. എന്നാൽ ഒരു രാഷ്ട്രീയ വിപ്ലവത്തിനിടയിൽ ഇതും ന. കർത്താവു് രക്തം വിയർത്തതായ ഗ്രഹയുംകൂടി ഗ്രീക്കുകാർ കരസ്ഥമാക്കി. ഇന്നും അവർതന്നെ ഇതു് അനുഭവിച്ചുപോരുകയും ചെയ്യുന്നു.

ഇനിയും നമ്മുടെ ശ്രദ്ധയ്ക്ക് വിഷയീഭവിക്കേണ്ടതു് ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിന്റെ സ്വഭാവത്തെപ്പറ്റിയാണു്. മരണാനന്തരം മാതാവിനെ ദൈവം ഉയിർപ്പിച്ചു് ആത്മാവോടും ശരീരത്തോടും കൂടി മോക്ഷത്തിലേയ്ക്ക് എടുത്തു എന്നാണു് ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം എന്ന പദംകൊണ്ടു് നാം മനസ്സിലാക്കുന്നതു്. പരിശുദ്ധ കന്യകമറിച്ചോ അതോ നേരേ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടോ എന്നുപോലും നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന എപ്പിഫാനിയുസ്സ് എന്ന സഭാപിതാവു് സംശയിക്കുന്നു. പതിനേഴാം ശതകത്തിലേ ചില ദൈവികശാസ്ത്രജ്ഞന്മാരും ഈ അഭിപ്രായത്തെ പിൻതാങ്ങി. വി. കന്യകാമറിയം ജന്മപാപരഹിതയായിരുന്നതിനാൽ തൽഫലമായി മരണത്തിൽനിന്നും വിമുക്തയായിരുന്നിരിക്കണം എന്നുംമറ്റുമാണു് ഇക്കൂട്ടരുടെ വാദഗതി. ഈ സംഭവത്തിന്റെ ആശാസ്യതയെപ്പറ്റി വാദിച്ചുകൊണ്ടും ഇതിന്റെ യാഥാർത്ഥ്യത്തെ സ്ഥാപിക്കുവാൻ ഇവർ ശ്രമിക്കുന്നു. എന്നാൽ ഒരു ചരിത്രത്തെ തെളിയിക്കുവാൻ ഏതാദൃശ ശിഥിലവാദങ്ങളും മതിയാകുകയില്ലല്ലോ. ഈ അഭിപ്രായംതന്നെ അണ്ണാൾഡി എന്ന ശാസ്ത്രജ്ഞൻ ക്രി–ാം നൂറ്റാണ്ടിൽ പുനർജ്ജീവിപ്പിക്കയുണ്ടായി. എന്നാൽ ബെല്ലാമി പറയുന്നതുപോലെ "ഈ അഭിപ്രായം സഭാപിതാക്കന്മാരുടെ പാരമ്പര്യത്തിനും, പ്രാർത്ഥനാപുസ്തകങ്ങളും വഴിയായുള്ള അറിവിനും ദൈവികശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങൾക്കും എതിരാണു്." മാതാവിന്റെ സ്വർഗ്ഗാരോപണത്തെ സ്ഥാപിക്കുന്നതായ പാരമ്പര്യംപോലെ ശക്തിമത്താണു് തന്റെ മരണത്തെപ്പറ്റിയുള്ളതും. പെന്തക്കുസ്താത്തിരുനാളിനുശേഷം ദൈവമാതാവു് വി. യോഹന്നാന്റെ സംരക്ഷണയിൽ കാലയാപനം ചെയ്തു എന്നും തദവസരത്തിൽ ഈ പ്രേഷിതവരേണ്യൻ അപ്പസ്തോലപ്രവർത്തിക്കായി പല യാത്രകളും ചെയ്തിരുന്നെങ്കിലും പരി. കന്യകയുടെ പരമശേഷമേ എഫേസൂസ്സിലേയ്ക്ക് പോയുള്ളൂ എന്നും ലെസെറു് എന്ന മഹാൻ സാക്ഷിക്കുന്നു. എന്നാൽ ശരിയായ തെളിവുകളുടെ അഭാവം നിമിത്തം പരി. കന്യകയുടെ ജീവിതാവസാനം എവിടെയായിരുന്നു എന്നതിനെപ്പറ്റി ഒരു തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. താൻ എഫേസൂസിലേയ്ക്കു പോയി എന്നു പറയുന്നവരുടെ സാക്ഷ്യങ്ങൾക്കു് പൂർണ്ണമായ ആധാരങ്ങളില്ല. ജെരുസലെമ്മിൽ താമസിക്കുകയും അവിടെത്തന്നെ മരിക്കുകയും ചെയ്തുവെന്നുള്ളതും ശരിയായി വിശ്വസിക്കുവാൻ നിവൃത്തിയില്ല.

ഇപ്രകാരം ദൈവമാതാവിന്റെ അന്ത്യകാലം കഴിച്ചുകൂട്ടിയതു് എവിടെ എന്നു് നിർണ്ണയിക്കുന്നതിനു് സമീപിനമായ ചരിത്രരേഖകൾ ഇല്ലെങ്കിലും ഏതൽസംബന്ധമായ ആഖ്യായികകൾ (Apocryphals) സുലഭമാണു്. വി. യോഹന്നാന്റെ ലേഖകത്വത്തിൽ പ്രത്യക്ഷപ്പെ

ടുന്നതായ "പരി. കന്യകയുടെ നിദ്രയുടേയും സ്വർഗ്ഗാരോപണത്തിന്റേയും ചരിത്രം" എന്ന ഒരു ഗ്രീക്കു ഗ്രന്ഥത്തിൽക്കാണുന്നതു് വി. കന്യകാമറിയം ജെറുസലയ്മ്മിൽവെച്ചു് പരലോകഗാമിനിയായി എന്നാണു്. ഇപ്രകാരം സംഭവിച്ചസ്ഥലം നിശ്ചയം ചെയ്യുന്നതിനു് നിവ്വാഹമില്ലെങ്കിലും സ്വർഗ്ഗാരോപണം വിശ്വാസയോഗ്യമാക്കിത്തീർക്കുന്നതിനു് മതിയായ രേഖകളുണ്ടു്. ഇതിൽ പ്രധാനമായതു് ഏഴാം നൂറ്റാണ്ടുമുതൽ ഇത്തിരുനാൾ കിഴക്കൻസഭയും പടിഞ്ഞാറൻസഭയും ഒന്നുപോലെ കൊണ്ടാടിവരുന്ന എന്നുള്ളതാണു്. ഇതിനു് ആധാരമായ സംഭവത്തിന്റെ പുരാതനത്വത്തിനു് ഒരു ഉത്തമസാക്ഷ്യമാണു് ഈസാവ്വത്രികാചരണം. ആദ്യകാലങ്ങളിൽ ഈ മഹാമഹത്തിനു് ഹേതുഭൂതമായ സംഭവത്തെപ്രതിപാദനപുസ്തകങ്ങളും തെളിവായ വാക്കുകളിൽ പ്രകാശിപ്പിക്കുന്നില്ല. ഈ സുദിനത്തിൽ ഒരു പ്രദക്ഷിണം നടത്തണമെന്നു് സെർജീയൂസ്സു് (സുമാ-൬൭) പാപ്പാ ആജ്ഞാപിച്ചപ്പോൾ ദൈവപ്രസ്വിന്റെ നിദ്ര എന്നാണു് ഈ പുണ്യാഹത്തെ സംബോധനം ചെയ്യുന്നതു്. ഈ മംഗളദിനംതന്നെ 'വിശ്രമം' 'സന്തരണം' എന്നു് നാനാസംജ്ഞകളിൽ അറിയപ്പെട്ടിരുന്നു. കാലക്രമേണയാണു് 'ആരോപണ'മായിത്തീർന്നതു്. ഏ. ഡി. ൮൫-ൽ ജെരുസലത്തെ മെത്രാനായിരുന്ന ജുവേനൽ എന്ന സഭാപിതാവാണു് ആദ്യം സ്വർഗ്ഗാരോപണത്തിലുള്ള നമ്മുടെ വിശ്വാസത്തെ സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്നതു്. രണ്ടാമത്തെ ആൾ, ഒർ-ൽ ദിവംഗതനായ ടൂർസിലേ ഗ്രീഗറി ആണു്. ഗോത്തുകാരുടേയും ഫ്രഞ്ചുകാരുടേയും വകയായ ഏഴാം ശതകത്തിലേ പൂജാവിധികളും ഇതിനെ ദൃഢീകരിക്കുന്നുണ്ടു്. സെർജിയൂസ്സുപാപ്പായുടെ പ്രദക്ഷിണത്തെപ്പറ്റിയുള്ള കല്പനയ്ക്കുമുമ്പു് ഇത്തിരുനാൾ റോമിൽ സുസ്ഥാപിതമായിക്കഴിഞ്ഞിരുന്നു. മഹാനായ ഗ്രിഗോരിയൻ പാപ്പാ ഇതിനു് സാക്ഷ്യം വഹിക്കുന്നുമുണ്ടു്. ഈ തീയതിമുതൽ സ്വർഗ്ഗാരോപണത്തെക്കുറിച്ചുള്ള വിശ്വാസത്തിനു് ധാരാളം തെളിവുകളുണ്ടു്.

ഈ പ്രബോധനം ഒരു വിശ്വാസസത്യമായി സഭ നിവ്വചിച്ചിട്ടില്ലാത്തതിനാൽ നമ്മുടെ വിശ്വാസത്തെ തെളിയിക്കേണ്ടിയിരിക്കുന്നു. ഇതിനു് അത്ര ക്ലേശിക്കേണ്ടതില്ല. സഭയിലേ സാധാരണ പഠനം നമ്മുടെ വിശ്വാസത്തിനു് ഒരു ഉത്തമസഹായി ആണു്. ഇപ്രകാരം നമ്മുടെ വിശ്വാസം സകാരണമെന്നിരുന്നാലും സഭയുടെ ഔദ്യോഗികനിവ്വചനം ഇതിനെ ദൃഢതരമാക്കുന്നതിനു് പ്രയോജനപ്പെടുന്നു. ഏതൽപ്രഖ്യാപനംവരെയും ഒരു യഥാർത്ഥ കത്തോലിക്കന്റെ നില ഇപ്രകാരമാണു് "ഇക്കാര്യത്തെപ്പറ്റി സംശയിക്കുന്നതു് ബുദ്ധിശൂന്യവും കത്തോലിക്കനു് അടുക്കാത്ത ഒരു പ്രവൃത്തിയുമാവുന്നു. എന്റെ ഈ വിശ്വാസം സഭയുടേയും വിശ്വാസികളുടേയും പൊതുവിശ്വാസത്തെ ആധാരമാക്കിയുള്ളതാണു്. സഭ ഇതിനെ

സ്വാധികാരം പ്രയോഗിച്ചു് നിർവചിച്ചേക്കാം. ആകയാൽ ഇപ്പോൾ തന്നെ സംവദനീയമായിരിക്കുന്ന ഈ വിശ്വാസം അപ്പോൾ സുദൃഢമായി പ്പരിണമിക്കുകയും ചെയ്യും."

എന്നാൽ കത്തോലിക്കേതരന്മാക്കു് ഈ പ്രബോധനത്തിന്റെ ആധുനികസ്ഥിതിയും ഇതു് സംസ്ഥാപിക്കുന്നതിനു് നമുക്കുള്ള പ്രമാണങ്ങളും നിഷ്കപടമായി നാം വെളിപ്പെടുത്തിക്കൊടുക്കണം. ഇതിനു് നമുക്കുള്ള ആധാരം വേദപുസ്തകമോ സമകാലീനരേഖകളോ അല്ല. പ്രത്യുത പുരാതനവും അപ്പസ്തോലകാലം മുതലുള്ളതുമായ പാരമ്പര്യവുമത്രെ. അതിശയോക്തിപരമായ സുവിശേഷങ്ങളും നമുക്കു പരിപൂർണ്ണമായ ചരിത്രരേഖകളായി കരുതാൻ പാടില്ലെങ്കിലും പാരമ്പര്യത്തിന്റെ സ്ഥിരീകാരകങ്ങളായി ഗണിക്കുന്നതിൽ വലിയ പിശകുണ്ടെന്നു് തോന്നുന്നില്ല. സഭയുടെ പ്രാർത്ഥനപുസ്തകങ്ങളും ഇതിനു് ഉത്തമസാക്ഷികളാണു്. ക്രൂശതെ സ്ഥാരോപണദിനം ഒരു കടമുള്ളദിവസമാണെന്നുള്ളതു് പ്രത്യേകം സ്മരണീയമാണു്.

ഇതുപോലെ ബലവത്തല്ലെങ്കിലും യുക്തിയുക്തമായ ഒരു കാരണം കൂടി ഉള്ളതു് നമുക്കു് അല്പം ആലോചിക്കുന്നതുതന്നെ. സെറാപ്പായിലേ വിധവയുടെ പുത്രൻ, യായിരൂസിന്റെ പുത്രി, ലാസർ മുതലായി പലരും ഉജ്ജീവിച്ചതായി നാം വേദപുസ്തകത്തിൽ വായിക്കുന്നു. നമ്മുടെ കർത്താവു് ക്രൂശിതനായ അവസരത്തിൽ അനേക വിശുദ്ധന്മാർ വീണ്ടും ശരീരം പ്രാപിച്ചു് "പട്ടണത്തിൽപ്പോയി പലർക്കും കാണപ്പെട്ടു." ക്രൂശതെ മരിക്കാതെതന്നെ ഏനോക്കും ഏലിയാസും സ്വർഗ്ഗത്തിലേയ്ക്കു് എടുക്കപ്പെട്ടിട്ടുണ്ടല്ലോ. നമുക്കു് അജ്ഞാതമെങ്കിലും ഇതിനെല്ലാം ദൈവത്തിനു് ഒരു വിശേഷോദ്ദേശം ഉണ്ടായിരിക്കണം. ഉയിർത്തവരെല്ലാം വീണ്ടും മരിച്ചുവെങ്കിലും ന. കർത്താവിന്റെ കുരിശുമരണസന്ദർഭത്തിൽ ഉയിർത്തവർ വീണ്ടും ചരമം പ്രാപിച്ചുവോ എന്നുള്ളതു് ഇന്നും ഒരു വിവാദവിഷയമത്രെ. അവസാന ദിവസത്തിൽ എല്ലാവരും ഉയിർത്തു് ആകാശത്തിൽ കരേറുമെന്നു് നാം വിശ്വസിക്കുന്നുണ്ടല്ലോ. ആകയാൽ അന്ത്യദിവസം എല്ലാവർക്കും ഭവിക്കാനിരിക്കുന്നതു് ഇവരുടെ കാര്യത്തിൽ അല്പം മുമ്പേയായി എന്നേയുള്ളു. ഈ പ്രത്യേകത നമ്മുടെ പരി. മാതാവിനും ലഭിച്ചുവെന്നാണു് നാം വിശ്വസിക്കുന്നതു്. തന്നേക്കാൾ സ്ഥാനം കുറഞ്ഞവർക്കു് ഈ വിശേഷപദവി ലഭിച്ചെങ്കിൽ, മനുഷ്യനായ ദൈവവചനത്തോടു് മറ്റെല്ലാവരേയുംകാൾ ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്ന വി. കന്യകയ്ക്കു് ഇതു് എത്രയോ അനുരൂപ്യമാവുന്നു. ഇതിനു് പാരമ്പര്യവും സഭയുടെ പഠനവും നമുക്കു് താങ്ങുണ്ടുതാനും.

പ്രത്യക്ഷാങ്കം,

നിഷ്കളങ്കയായവിധവ.

(പയ്യനാട്ട് പെ .ബ. യൗസേപ്പുകത്തനാർ.)

അവൾ ഒരു വിധവയായിരുന്നു. ഒരു നിർധനയുടെ വിധവയായിരുന്നു. ഗുണവതിയുമായിരുന്നു. ഗുണാനുബന്ധംമൂലം ആൾക്ക് കടപ്പെട്ടിരുന്നുവോ, അവൻതന്നെ വയലിൽ വേലചെയ്യിക്കുന്നതിനായിട്ട് അവളുടെ രണ്ടുപുത്രന്മാരെയും ബലാൽ പിടിച്ചുകൊണ്ടുപോകുന്നതിനുദ്ദേശിച്ച് തദർത്ഥം യത്നിച്ചുകൊണ്ടിരിക്കുന്നതായി കേട്ടതുമുതൽ തരളിതഹൃദയയായി. ദുരന്തദുഃഖദ്രുയിഷ്ടമായ ഈ ദുരവസ്ഥയ്ക്ക് യേനകേനപ്രകാരേണയും നിവൃത്തിയുണ്ടാക്കണമെന്നവൾ തീർച്ചപ്പെടുത്തി. ഗുണമുക്തിമാർഗ്ഗമില്ലാത്തവർ ഗുണദാതാവിൻറെപക്കൽ നമ്രശിരസ്ക്കരാകാതെ എന്തുചെയ്യും? അവളുടെ അഭിമാനം അതിനു സമ്മതിച്ചില്ല. ഏവംവിധമുള്ള പരിസരങ്ങളിലായിരുന്നെങ്കിലും ആപത്തുകളിൽ അസ്പൃഷ്ടചേതനയാകുന്ന സ്വഭാവമല്ലായിരുന്ന അവളുടേതു്. കളങ്കമഷിലേശം കളങ്കപ്പെടുത്തിയിട്ടില്ലാത്ത ശുദ്ധമനസ്സു്, നീചതയെന്തെന്നറിഞ്ഞിട്ടില്ലാത്ത ആത്മീയഭദ്രതയും, അനുപമേയമായ ധൈര്യം, നിശ്ചഞ്ചലമായ സ്വഭാവദാർഢ്യം, പ്രശംസനീയമായ സത്യസന്ധത, എന്നീ വിശിഷ്ടഗുണങ്ങൾ അവളിൽ സ്വച്ഛന്ദം വിഹരിച്ചിരുന്നതിനാൽ എങ്ങിനെയും കടം വീട്ടണമെന്നതന്നെ അവൾ തീർച്ചപ്പെടുത്തി.

എന്നാൽ അബലയായവൾ എന്തുചെയ്യും? മാർഗ്ഗമൊന്നുംകാണാതെ ചിന്താകുലയായിരിക്കുമ്പോൾ, എലിസേവൂസ് ദീർഘദർശിയെക്കുറിച്ചും അയാളുടെ അത്ഭുതപ്രവർത്തനങ്ങളേപ്പറ്റിയും കേൾക്കുന്നതിനിടയായി. തൻറെ ശോച്യാവസ്ഥയ്ക്ക് അദ്ദേഹത്തിൽനിന്നും വല്ല പരിഹാരമാർഗ്ഗവും കരഗതമാകുമെന്നു തീർച്ചപ്പെടുത്തി, വിപദിധൈര്യസമേതം അദ്ദേഹത്തെ സമീപിച്ചു് അഭിവാദനാനന്തരം, കടബാധ്യതയും നിവൃത്തിമാർഗ്ഗം കണ്ടെത്താൻ എന്നാലെന്തനുകരണീയമെന്നു് പ്രസ്തുതമായ വിനയത്തോടെ ബോധിച്ചു . . . .

അവളുടെ മനസ്സിൽക്കൂടി പാഞ്ഞുകൊണ്ടിരുന്ന ഓരോ വിചാരവും തെളിവായിക്കണ്ടുകൊണ്ടിരുന്ന നിവ്യാ, നിനക്കുവേണ്ടി ഞാനെന്തുചെയ്യണം? നിന്റെ ഗൃഹത്തിലെന്തുണ്ടെന്നവളോട് പൊദ്യംചെയ്യ. എനിക്കു ലേപനത്തിനായിട്ട് കുറച്ചു എണ്ണമാത്രമേയുള്ളുവെന്നു് അവളിൽനിന്നുഗ്രഹിച്ച നിവ്യാ, നീ ഇതുമാത്രം ചെയ്യണം. പ്രതിവേശികളിൽനിന്നും കിട്ടാവുന്നിടത്തോളം ഒഴിഞ്ഞപാത്രങ്ങൾ വായ്പവാങ്ങണം. നീയും പുത്രന്മാരും ഗൃഹാന്തർഭാഗപ്രാപ്തരായശേഷം കവാടങ്ങൾ ഭദ്രമായി അടച്ചു് നിന്റെ എണ്ണയിൽനിന്നും ഒഴിഞ്ഞ പാത്രങ്ങളിലേക്കു വീഴ്ത്തണം. അതുമാത്രം ചെയ്യണമെന്നാജ്ഞാപിച്ചശേഷം അവളെ പറഞ്ഞയച്ചു

അവൾ ആജ്ഞാപാലയെല്ലാംചെയ്തു. പാത്രമെല്ലാം എണ്ണകൊണ്ടു നിറഞ്ഞു. ഇനി പാത്രമൊന്നുമില്ലെന്നവളുടെ തനയന്മാർ പറഞ്ഞതുവരെ, എണ്ണ പെരുകിയിരുന്നു. പിന്നിട്ട് എണ്ണ വർദ്ധിച്ചതില്ല.

നിവ്യായുടെ വചനാമൃതനിർഗ്ഗളിതമായ ദിവ്യാനുഗ്രഹത്തിൽനിന്നു് ഉത്ഭൂതമായ തൈലവർദ്ധനവിനാൽ അവളിൽ സംജാതമായ ഹർഷപ്പവനത്തെ അവളുടെനിയമനശക്തിയിൽകുറഞ്ഞയാതൊന്നിനും തന്നെ പ്രതിരോധിക്കുന്നതിനു സാധിച്ചില്ല. അവളിൽ അപ്പോൾ ഉദയംചെയ്ത അത്ഭുതാനന്ദങ്ങൾ അവർണ്ണനീയമായിരുന്നു. അത്യുത്കൃഷ്ടമണാവിരഹിതന്മാർക്കു അകസ്മാൽ വാഛനിധിയും ലഭ്യമായാലുള്ള അവസ്ഥ എന്തായിരിക്കുമെന്നു് പറയുന്നതിൽഭേദം ഊഹിച്ചുകൊള്ളുകയാണല്ലൊ.

സന്തോഷപാരാവാരത്തിൽ മതിമറന്നു കളിച്ചു മദിച്ചു കളിയാടിയ ആ സ്ത്രീ, പൊടുന്നനവേ, "ദൈവം എത്രനല്ലവൻ, എത്രയോ ശക്തൻ" എന്നു് സ്വാമുഖത്തിൽ ഉദീരണം ചെയ്തു. ആ ശക്തിമത്തായ ധ്യാനം പാർശ്വവത്തികളെ ഗൃഹത്തിലേയ്ക്കാകർഷിക്കത്തക്കവണ്ണം, ഗൃഹഭിത്തികളിൽ അലച്ചു മാറ്റൊലിക്കൊണ്ടു ആകാശത്തിൽ പറന്നുയർന്നു.

അനന്തരം ആ തരുണി ത്വരിതഗതിയിൽ നിവ്യായുടെ സാമീപ്യം പ്രാപിച്ചു് സംഗതികളെല്ലാം അദ്ദേഹത്തെ നിവേദിപ്പിച്ചു.

ചാത്തൻപറമ്പിലേ കുടുംബവഴക്കു്.

റവ. ജോൺ കിഴക്കേത്തയ്യിൽ എസ്. ജെ.

കുറെ മാസങ്ങളായിട്ടു ചാത്തൻപറമ്പിലെ കുടുംബസ്ഥിതി വളരെ പരിതാപകരംതന്നെ. ഭാര്യയും ഭർത്താവും പട്ടിയും പൂച്ചയുംപോലെ കടിപിടി. പിള്ളേരു നാലുള്ളതു നാലുദിക്കും ചുറിനടന്നു നാട്ടിലുള്ള അസംബന്ധമെല്ലാം കൈവശമാക്കിയിട്ടുണ്ടു്. രണ്ടുനേരമെങ്കിലും സമാധാനത്തിൽ മാതാപിതാക്കന്മാരും കുട്ടികളും ഒരുമിച്ചു പ്രാർത്ഥനനടത്തി ഊണുകഴിച്ചിട്ടു മാസം കുറെ ആയി. ചാത്തൻപറമ്പിലെ പയിലിച്ചനു തന്റെ കെട്ടിയവളെ കണ്ണെടുത്തു കണ്ടുകൂടാ. അവൾക്കു പയിലിച്ചന്റെ അടിപ്രായത്തിൽ വേണ്ടേ സൗന്ദര്യം പോരാ. "കണ്ണു അല്പം കോങ്കണ്ണാണുപോലും." മൂക്കു കിളിച്ചുണ്ടപോലെ നീണ്ടു അഗ്രം വളഞ്ഞു മനോഹരമായി കാണാന്നില്ല. വെറ്റില അധികം ചവച്ചു പല്ലിന്റെ പളുങ്കുനിറം പോയെന്നു മാത്രമല്ല കറ പിടിച്ചു കാണാൻപോലും കൊള്ളാതായി. വീട്ടുകാരത്തി ചിന്നമ്മയ്ക്കു സംസാരിക്കുമ്പോൾ അല്പം ഒരു 'മൂക്കുകിണങ്ങു്" ഉണ്ടെന്നു വേറൊരു ദുഷ്യം. ഇതു മാത്രമോ, ഈ വക്കത്തില്ലാത്ത അസത്തിനു കഞ്ഞി വെക്കുവാനും കറിയ്ക്കരയ്ക്കുവാനും പോലും അറിഞ്ഞുകൂടാ. അരിവെന്തോ എന്നു പാകം നോക്കുന്നതിനു ഈ കിടത്തിനു വശമില്ല. ഒന്നുകിൽ വെള്ള പായസംപോലെ. അല്ലെങ്കിൽ തൊടുപോലും കൊള്ളാത്ത പച്ചരി. അതങ്ങനെ, പിന്നെ കറിവച്ചാൽ കറിയ്ക്കുപ്പില്ല, മുളകില്ല. മഞ്ഞളുമാത്രം അരച്ചു നീട്ടിയ ഒരു നെട്ടം ചാറു്. ഇങ്ങനെയെല്ലാമുള്ള പയിലിച്ചന്റെ അടിപ്രായത്തിന്റെ ഫലമെന്താ? വിദ്വാൻ നാടെല്ലാം നായെപ്പോലെ അലഞ്ഞുനടന്നു വീട്ടിൽ തിരിച്ചുവരുമ്പോൾ കൊടുക്കും ചിന്നമ്മയുടെ തലയ്ക്കു നാലു്. പിടിയ്ക്കും അവളുടെ കഴുത്തിനു മുറുക്കെ, മരിക്കും ചിന്നമ്മെ ഉരലിനു പുറത്തു്, തൊഴിയ്ക്കും അവളെ സ്ഥാനം നോക്കി രണ്ടു്. പിന്നത്തെ കോലാഹലം പറയാനുണ്ടോ. വീട്ടിലെ കോലാഹലം

നീ പോയി എണ്ണവിറു് കടംതീർത്തു ബാക്കിയിൽനിന്നു നീയും പുത്രന്മാരും കാലയാപനം ചെയ്തുകൊള്ളണമെന്ന നിവ്യായുടെ ശാസനമനുസരിച്ചവർ ഐഹികപ്രവാസം കഴിച്ചുകൂട്ടി.

തുടരും.

കേട്ട നാട്ടിലെപട്ടികളെല്ലാംകൂടി കുരയ്ക്കുന്നതു് അങ്ങനെ. പിള്ളേരുടെ ഏങ്ങലടിച്ചുള്ള കരച്ചിൽ ഒരു വശത്തു്. തമാശ കാണാൻവന്ന തെമ്മാടിച്ചെറുക്കന്മാരുടെ കൈകൊട്ടിച്ചിരി വേറൊരു വശത്തു്. പയിലിച്ചന്റെ ഒന്നാന്തരം 'പൂരപ്പാട്ടുകളുടെ കൊണ്ടുപിടിച്ചുള്ള തകൃതിയും, ചിന്നമ്മയുടെ 'തലയണമന്ത്രങ്ങളുടെ സുകൃതവും ഒന്നും പറയാനില്ല. ചിന്നമ്മയ്ക്കു കിട്ടിയതുകൊണ്ടോന്നും തൃപ്തിയാകാഞ്ഞിട്ടൊ എന്നു തോന്നുമാറു തന്നാത്താൻ മാറത്തടിച്ചു ദിക്കെങ്ങും കിടുകിടുങ്ങുമാറു അലർച്ചയും തുടങ്ങും; പിള്ളേരെ ശപിക്കുന്നതു് അങ്ങനെ സ്വന്ത മാതാപിതാക്കന്മാരെ പിരാകുന്നതു വേറൊന്നു. ഭർത്താവിനെ പച്ചജീവനോടെ കടിച്ചുതിന്നുവാൻ അഗ്രഹിക്കുന്നതു മറെറാന്നു് വെച്ചുചോറു തന്നെ ചിന്നമ്മ കലത്തോടെ എടുത്തു നിലത്തടിച്ചു നാലുപാട്ടം ചിതറിയ്ക്കും. കറിയും ചട്ടിയും തെക്കേ വാതലിൽക്കൂടെ കുപ്പയിലെറിയും. ഇതെല്ലാം കഴിഞ്ഞതിന്റെ ശേഷം "ഞാനിതാ എന്റെ പാട്ടിനു പോകുകാ; ഇനിയും തന്നോടു കൂടിയുള്ള പൊറുതി മതി" എന്നാട്ടഹസിച്ചുകൊണ്ടു വീടും വിട്ടും.

ഈവിധ അനുദിനനാടകത്തിന്റെ രഹസ്യം എന്താണെന്നറിവാൻ വായനക്കാർക്കു ജിജ്ഞാസ ഉണ്ടായേക്കാം. പയിലിച്ചനും ചിന്നമ്മയുമായി കല്യാണം നടന്നതിന്റെശേഷം അവർതമ്മിൽ വളരെ സ്നേഹത്തോടെ വർത്തിച്ചുവന്നിരുന്നു. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അവർ രണ്ടാളുകളായിരുന്നുവെങ്കിലും ഒരു ജഡംപോലെ ജീവിച്ചുവന്നു. അവരുടെ അതിസന്തോഷകരമായ ദാമ്പത്യ ജീവിതത്തിന്റെ ഫലമായി കുട്ടികളും നാലുപിറന്നു. ചിന്നമ്മയും പയിലിച്ചനും സ്വന്തവിയർപ്പുകൊണ്ടു വേണ്ടുന്ന വസ്തുവകകളും ഉണ്ടാക്കി മാറി താമസവുംതുടങ്ങി. ആരംഭത്തിൽ ചിന്നമ്മയ്ക്കു സൗന്ദര്യത്തിനു ഒട്ടുംതന്നെ കുറവില്ലായിരുന്നു. ചിന്നമ്മ വയ്ക്കുന്ന ചോറുംകറിയും ഉണ്ണുന്നതിനു പയിലിച്ചനു ഒരു വിശേഷരുചിതന്നെ ഉണ്ടായിരുന്നു. വീട്ടിലെ കാര്യങ്ങളും എല്ലാം ശരിയായി നടന്നുവന്നു. പയിലിച്ചൻ ദിവസംതോറും പറമ്പിലും പാടത്തും പോയി വേലചെയ്തു വളരെ അദ്ധ്വാനിച്ചു നെല്ലും പണവും ശേഖരിക്കുമ്പോൾ ചിന്നമ്മ വീട്ടിലിരുന്നു കുടുംബജോലികളും സകലതും നടത്തിവന്നു. സാമാന്യികവും മനപരവുമായ കുട്ടികളുടെ അഭ്യസനത്തിലും അവർ പ്രത്യേകം ശ്രദ്ധ പതിച്ചിരുന്നു. ഇക്കാലങ്ങളിലെല്ലാം അവർ യഥാർത്ഥ ഭാര്യാഭർത്താക്കന്മാരെപ്പോലെ നിർവ്യാജം സ്നേഹിച്ചുവന്നതിനാൽ അവരുടെ കുടുംബത്തിൽ ഐശ്വര്യം കളിയാടിയിരുന്നു. വി. പൗലോസു ശ്ലീഹാ പറയുന്നതുപോലെ ചിന്നമ്മയുടെ ശരീരത്തിന്മേലുള്ള പൂർണ്ണാധികാരം പയിലിച്ചനും, പയിലിച്ചന്റെ ശരീരത്തിലുള്ള പൂർണ്ണാവകാശം ചിന്നമ്മയ്ക്കുമായി അവർ സ്നേഹാനുരാഗ

ത്തിൽ കാലം കഴിച്ചു. അവരുടെ ഇപ്രകാരമായ സമാധാന സന്തോഷത്തിലുള്ള കുടുംബജീവിതം ഒരു ഭൗമ പറുദീസായും, മറ്റു ജനങ്ങൾക്കു ഒരുത്തമ മാതൃകയും ആയിരുന്നു.

എന്നാൽ അന്യരുടെ അഭ്യുദയത്തിലും സമാധാനജീവിതത്തിലും കിണ്ണംകടിയുള്ളവരെ നാം ഇന്നും കണ്ടുവരുന്നതാണല്ലൊ. അവന്റെ വീട്ടിൽ തീ പുകയുന്നതു് ഇവന്റെ കണ്ണിൽ പിടിക്കയില്ല. മാനുഷികശത്രുവായ പിശാചു ഏതുവിധ തന്ത്രങ്ങളും ഉപയോഗിച്ചു നല്ലമനുഷ്യരെ തമ്മിൽ ഭിന്നിപ്പിക്കുവാൻ ശ്രമിക്കുന്നതു് അവന്റെ പ്രധാന ജോലിയല്ലേ ?

പയിലിച്ചൻ സാധാരണ സ്വന്ത വയലിലേയ്ക്കു പോകുന്നതിനു വീട്ടിൽനിന്നും ഏകദേശം ഒരു നാഴികയോളം നടക്കേണ്ടിയിരുന്നു. പോകുന്ന വഴിയിലായിരുന്ന കുഞ്ഞമ്മയുടെ കച്ചവടപ്പീടിക. കുഞ്ഞമ്മയുടെ ഭർത്താവു മരിച്ചിട്ടു ഇപ്പോൾ മാസങ്ങൾ പത്തോളമായി. പെറ്റുപ്പത്തിൽതന്നെ ഭർത്താവു മരിച്ചുപോയതിനാൽ കുഞ്ഞമ്മയുടെ യൗവ്വനദശ ഇനിയും വിട്ടുമാറിയിട്ടില്ലായിരുന്നു. പോരെങ്കിൽ അതിനടുത്ത ഗർഭ്ഗണങ്ങളും കുഞ്ഞമ്മ വശത്താക്കീട്ടുണ്ടു്. ഈ തന്റെ ദുരാഗ്രഹത്തെ പ്രവൃത്തിയിൽ വരുത്തുവാൻ ഏറ്റവും പര്യാപ്തമായ ഉപായമായിരുന്ന കച്ചവടവൃത്തി. ഈ പീടികയിൽനിന്നായിരുന്ന പയിലിച്ചൻ വീട്ടിലേയ്ക്കു അടുക്കള സാമാനങ്ങളും വാങ്ങിച്ചുവന്നതു്. ആരംഭത്തിൽ പയിലിച്ചൻ പീടികയിൽ കയറി സാമാനങ്ങളും വാങ്ങിച്ചു ഉടനടി പുറപ്പെട്ടുക പതിവായിരുന്നു. കാലാന്തരത്തിൽ കുഞ്ഞമ്മ ഈ സാധു പയിലിച്ചനെ വട്ടത്തിലാക്കുവാൻ വേണ്ട പണി തുടങ്ങി. കൃഷിക്കാര്യത്തെയും വീട്ടുകാര്യങ്ങളെയും പറ്റി വളരെ താല്പര്യത്തോടെ കുഞ്ഞമ്മ പയിലിച്ചനോടു ചോദ്യങ്ങളും ചോദിച്ചു് അധികനേരം പയിലിച്ചനെ വീട്ടിൽ ഇരുത്തി അടുത്തിരുന്നു വർത്തമാനവും തുടങ്ങും. ആദ്യത്തിൽ പയിലിച്ചൻ വരുവാനിരിക്കുന്ന കൊടിയനാശം എന്താണെന്നു സ്വപ്നേപി വിചാരിച്ചില്ലെങ്കിലും പയിലിച്ചനതുമറിയാതെതന്നെ കുഞ്ഞമ്മയുമായി വെടി പറയുന്നതിൽ ഒരു പക്ഷം താനിരുത്തുടങ്ങി. എന്തിനേറെ പയിലിച്ചൻ കുഞ്ഞമ്മയുമായി നാട്ടുവർത്തമാനങ്ങളും പറഞ്ഞു നേരം ധാരാളംകഴിച്ചു. കുഞ്ഞമ്മ ഈ തക്കത്തിനു പയിലിച്ചനു നല്ല മീനും മറ്റുംവറുത്തു ഊണും കൊടുക്കുവാൻ തുടങ്ങി. സ്നേഹം അടിക്കടി വളർന്നതോടുകൂടി കുഞ്ഞമ്മയുടെ പിന്നത്തെ ഉപായം പയിലിച്ചനെ സ്വന്ത ഭാര്യയുമായി പടവെട്ടിക്കാനുള്ളതായിരുന്നു. കുഞ്ഞമ്മ ഒന്നിനൊന്നിനു പിന്നമ്മയുടെ കാര്യശേഷിക്കുറവും, വികൃതരൂപവും, തന്റേടമില്ലായ്മയും എല്ലാം അതിപാടവത്തോടെ വളരെ സൂക്ഷി

ച്ചു പയിലിച്ചനെ പറഞ്ഞുധരിപ്പിച്ചു. ഇപ്പോഴാണു് പയിലിച്ചൻ വാസ്തവത്തിൽ കണിയിൽ അകപ്പെട്ടതു്. പയിലിച്ചനു കുഞ്ഞമ്മയിൽ അനുരാഗംതന്നെ ഉണ്ടായി. ചിന്നമ്മയെ വെറുത്തുതുടങ്ങി. ഇതോടെ കാര്യങ്ങളും എല്ലാം മുടങ്ങി. പാടത്തെ വേലയ്ക്കു പയിലിച്ചനെ കാണാനില്ല. പിള്ളേരെ പഠിപ്പിക്കുന്നതിൽ ശ്രദ്ധയില്ല. വീട്ടുകാര്യങ്ങളും ശരിയായി നടത്തുന്നതിനു വിചാരമോട്ടവുമില്ല. ചിന്നമ്മയ്ക്കു സൗന്ദര്യംപോരാ. അവർക്കു തൊട്ടതെല്ലാം കുറവു്. പോരെങ്കിൽ വീട്ടിൽ ദിനംതോറും നടത്താവുള്ള പ്രാർത്ഥനയും നാസ്തി. പള്ളിയിൽപോക്കും അവസാനിച്ചു. ആണ്ടുകുമ്പസാരം കഴിച്ച നാളുതന്നെ മറന്നു. വല്ലാത്ത പെൺപിശാചല്ലെ പയിലിയെ പിടിക്കുടിയിരിക്കുന്നതു്. അവനെ വിട്ടുമെന്നാണോ! 'ഭൂക്ഷിച്ചാൽ ദഃഖിക്കണ്ട' എന്നുള്ള പഴമൊഴി പയിലിച്ചൻ മനസ്സിലാക്കി കാലത്തിനടുത്ത പ്രതിക്രിയകളും ചെയ്തിരുന്നെങ്കിൽ ഈ അത്യാഹിതത്തിനു സംഗതിയാകുമായിരുന്നോ ? എന്നാൽ ഇപ്പോൾ കാലം അതിക്രമിച്ചുപോയി. പയിലിച്ചനു എങ്ങനെയെങ്കിലും ചിന്നമ്മയെ ഇല്ലാതാക്കി കുഞ്ഞമ്മയെസ്വസ്വമാക്കണംഎന്നുള്ളലാക്കുമാത്രം. "മോഹപാപത്തിനടുത്ത ഉദ്ദേശ്യത്തോടുകൂടി ഒരുസ്ത്രീയെ നോക്കുന്നവൻതന്നെ ആസ്ത്രീയുമായി മോഹപാപം ചെയ്തുകഴിഞ്ഞു." എന്നു ദിവ്യരക്ഷകൻ പറഞ്ഞിരിക്കുമ്പോൾ നമ്മുടെ പൈലിച്ചന്റെ മഹാപാതകവിചാരത്തേക്കുറിച്ചു് എന്തുപറയട്ടെ ! സ്വന്തഭാര്യയേ ഉപേക്ഷിച്ചു് പരസ്ത്രീയെ സ്വീകരിക്കുന്നവൻ അവളുമായി വ്യഭിചാരം ചെയ്യുന്നുവെന്നല്ലേ ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നതു! മാത്രമോ പൈലിച്ചൻ ഇതാതന്റെ ഏറ്റവും പാപകരമായ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിനു് ഭാര്യയെ കൊലചെയ്യുന്നതിനുകൂടി ഉദ്ദേശിക്കുന്നു. അയ്യോ എത്രഎത്ര പാപങ്ങളാണു് മനുഷ്യൻ ജഡമോഹത്താൽ വരുത്തിക്കൂട്ടുന്നതു്. എല്ലാവിധത്തിലും ദൈവത്താൽ വിലക്കപ്പെട്ട മഹാപാപം ചെയ്യുന്നു. വിവാഹം എന്ന ക്രമാശയെ അകമാനം അലങ്കോലപ്പെടുത്തി ദൈവദോഷം തലയിൽകെട്ടിവയ്ക്കുന്നു.

പലേർമോ പാക്ക്.

അർജന്റയിൻറി പബ്ലിക്കിന്റെ തലസ്ഥാനമായ ബ്യൂനോസ് അയേഴ്സിലാണല്ലോ 32-ാമത്തെ സാർവദേശിക ദിവ്യകാരുണ്യ കോൺഗ്രസ് സമ്മേളിക്കുന്നതു്. ഡബ്ലിനിലേ ഫേനിക്സ്പാർക്കും ചിക്കാഗോയിലേ ഹൈഡ്പാർക്കുംപോലെ ബ്യൂനോസ് അയേഴ്സിലേ പാലേർമോ പാർക്കിലാണു് അടുത്ത കോൺഗ്രസ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതു്. പാലേർമോ പാർക്കിൽ 360000 പേർക്കു് സുഖമായി സമ്മേളിക്കാവുന്നതാണു്

കൊലപാതകം എന്ന പാപം മനസ്സാലെ ചെയ്തുകഴിഞ്ഞു. സ്വന്തഭാര്യയ്ക്കു മരണത്തോളം വാഗ്ദത്തംചെയ്ത ശരീരം അന്യവംശക്കു കൊടുത്തു നീതിയ്ക്കു വിരോധമായും ചാവദോഷം പിഴയ്ക്കുന്ന. കുടുംബസമാധാനവും ഭാര്യാഭർത്തൃസ്നേഹവും ഛിന്നഭിന്നമാക്കി. സ്വന്തകുടമായ കുടുംബസംരക്ഷണവും സന്താനവളർത്തലും നാശമാക്കീ. മാത്രമോ! സ്വന്ത ആത്മാവിനെ നിത്യനരകത്തിനു എന്നാന്നേയ്ക്കുമായി പാത്രമാക്കുന്നുവെന്ന മാത്രമല്ല പരന്റെ ആത്മാക്കളെക്കൂടി നിത്യനാശത്തിനു ഉൾപെടുത്തുന്ന. ഓ! ഇങ്ങനെയുള്ള ജനങ്ങളുടെമേൽ വീഴുവാൻപോകുന്ന ദൈവശിക്ഷ എന്തായിരിക്കുമെന്നു ആരാൽ വണ്ണിക്കട്ടെ!!

പൈലിച്ചൻ തന്റെ പാപോദ്ദേശ്യം സാധിക്കുവാൻ ചതുർവിധ ഉപായങ്ങളും പ്രയോഗിച്ചു. ഇതിന്റെ മുന്നോടിയാണു നാം ആദ്യം ഭത്തിൽ കണ്ടതു്. ചിന്നമ്മയ്ക്കു തന്റെ ഭർത്താവിൽ കണ്ടുതുടങ്ങിയ ഭാവഭേദങ്ങളും പാപകൃത്യങ്ങളും അസഹനീയമായിത്തുടങ്ങിയപ്പോൾ ഭർത്താവിന്റെ വീടുവിട്ട് സ്വന്തഗൃഹത്തിൽ പോയിനിന്ന കാര്യങ്ങളും എല്ലാം ഇടവകവികാരിയെഅറിയിച്ചു. ഇടവകവികാരി ഇരുപാട്ടുകാരെയുംവിളിച്ചു് കാര്യങ്ങളും എല്ലാം ചോദിച്ചറിഞ്ഞു് അതിന്റെ ഉള്ളുകള്ളികൾ മനസ്സിലാക്കി ഈവിധം ഒരു ഉപദേശം കൊടുത്തു.

"വാത്സല്യ മക്കളേ, ഭാര്യയും ഭർത്താവുമായി മരണത്തോളം ഒന്നിക്കപ്പെട്ട നിങ്ങൾ ഇങ്ങനെ കലഹിച്ചു കാലംകഴിക്കുന്നതു നല്ലതല്ല. നിങ്ങൾ ഉത്തമസ്നേഹത്തിന്റെ ദൃഷ്ടാന്തങ്ങൾ ആയിരിക്കണം. ഈ ശോമിശിഹാ തന്റെ മണവാട്ടിയായ തിരുസ്സഭയെ എപ്രകാരം സ്നേഹിക്കുന്നുവോ, അതുപോലെ പയിലിച്ചാ നീ നിന്റെഭാര്യ ചിന്നമ്മയെ സ്നേഹിക്കണം അതുപോലെതന്നെ, ചിന്നമ്മേ, നീ നിന്റെ ഭർത്താവു പയിലിച്ചനേയും സ്നേഹിക്കേണ്ടതു് ആവശ്യമാണു്. നിങ്ങളുടെ കല്യാണസമയത്തു് ഇതിനാണു് നിങ്ങൾ പറഞ്ഞൊത്തതു്. നിങ്ങൾ അന്യോന്യം മരണത്തോളം ഭാര്യഭർത്താക്കന്മാരായിരുന്നുകൊള്ളാം എന്നു സമ്മതിച്ചപ്പോൾ നിങ്ങൾ എന്തിനാണു സമ്മതിച്ചതെന്നറിയാമോ! നിങ്ങൾ രണ്ടാളുകളിൽ ഒരുശരീരംപോലെ ഇരുന്നുകൊള്ളാമെന്നും, നിങ്ങളുടെ ശരീരത്തിന്മേലുള്ള പൂർണ്ണാധികാരം നിങ്ങൾ രണ്ടുപേർക്കും മാത്രമായിരിക്കുമെന്നും നിങ്ങൾ സമ്മതിച്ചു. ഭർത്താവിന്റെ ശരീരത്തിന്മേലുള്ള പൂർണ്ണാധികാരം ഭാര്യയ്ക്കും. ഭാര്യയുടെ ശരീരത്തിന്മേലുള്ള പൂർണ്ണാവകാശം ഭർത്താവിനും ആയിരിക്കണമെന്നുള്ള ശ്ലീഹായുടെ ഉപദേശം നിങ്ങൾ മനസ്സിലാക്കി അതിനുനിങ്ങൾ ഉടമ്പടിയുംചെയ്തു. ഈ നിങ്ങളുടെ ഉഭയസമ്മതംമൂലം നിങ്ങൾ ദൈവത്തിനുമുമ്പിൽ ഈ വിവാഹം ഒരു

ക്രമാശയായി സ്വീകരിച്ചു. ഈ നിങ്ങളുടെ വാഗ്ദാനത്തിനു് ലംഘനം ചെയ്യുന്നതു് വിശ്വാസവഞ്ചനയും ദൈവദ്രോഹവുമാകുന്നു. ദൈവത്താൽ യോജിപ്പിക്കപ്പെട്ട നിങ്ങൾ മരണത്തോളം ഒന്നായിരിക്കേണ്ടതാണു്. ഇതുകൊണ്ടാണു് ദിവ്യരക്ഷകൻ പറയുന്നതു്. "ആദിയിൽ മനുഷ്യനെ ഉണ്ടാക്കിയവൻ ആണും പെണ്ണുമായി അവരെ ഉണ്ടാക്കി. ഇതു ഹേതുവാൽ മനുഷ്യൻ അപ്പനേയും അമ്മയേയുംവിട്ടു്, തന്റെ ഭാര്യയോട് ചേർന്നിരിക്കയും, ഇരുവരും ഒരു ജഡമായിത്തീരുകയുംവേണം. അതുകൊണ്ടു് മേലാൽ അവർ രണ്ടല്ല ഒരു ജഡമത്രെ. ആകയാൽ ദൈവം യോജിപ്പിച്ചതു് മനുഷ്യർ വേർതിരിക്കരുതു്." ഈ നിങ്ങളുടെ അന്യോന്യയോജിപ്പിന്റെ ഫലമായി ദൈവരാജ്യത്തിനവകാശികളെ പുലർത്തുവാൻ ദൈവത്തോടുകൂടെ സഹകരിക്കേണ്ടതും നിങ്ങളുടെ കടമയാകുന്നു. നിങ്ങൾ യഥാർത്ഥസ്നേഹത്തിൽജീവിച്ചു സന്താനങ്ങളെ പുലർത്തി അവരെ ദൈവവിശ്വാസത്തിലും സകല സന്മാർഗ്ഗത്തിലും വളർത്തി തിരുസ്സഭയുടെ വാത്സല്യസന്താനങ്ങളാക്കി ജീവിക്കേണ്ടതു് അത്യാവശ്യമാകുന്നു. നിങ്ങളുടെ കുടുംബജീവിതം നസ്രേത്തിലേ തിരുകുടുംബത്തിനു് അനുരൂപമായിരിക്കണം. യഥാർത്ഥ സമാധാനത്തിലും അന്യോന്യസ്നേഹത്തിലും ഭാര്യാഭർത്താക്കന്മാരും, പിതൃസന്താനങ്ങളും വർത്തിക്കണം. ഒരു കുടുംബത്തിൽ ഭർത്താവു് ഈശോമിശിഹായും, ഭാര്യ കർത്തോലിക്കാത്തിരുസ്സഭയും മക്കൾ വിശ്വാസികളും എന്നപോലെ ജീവിക്കേണ്ടതു് ആവശ്യമാണു്. ഇതുകൊണ്ടത്രെ വി. പൗലോസ്ശ്ലീഹാ പറയുന്നതു്:—"ഈശോമിശിഹാ തന്റെ മണവാട്ടിയായ തിരുസ്സഭയെ സ്നേഹിക്കുന്നതുപോലെ ഭർത്താവു ഭാര്യയെ സ്നേഹിക്കട്ടെ. ഭർത്താക്കന്മാർ സ്വന്ത ശരീരങ്ങളെ എന്നപോലെ സ്വന്തഭാര്യമാരെ സ്നേഹിക്കണം. സ്വന്തഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെ സ്നേഹിക്കുന്നു. ഈ ക്രമാശ വലിയതാകുന്നു. എന്നാൽ ഞാൻ മിശിഹായിലും പള്ളിയിലുമാണു പറയുന്നതു് വിശേഷിച്ചു് നിങ്ങൾ ഓരോരുത്തരും തന്നെത്തന്നെ എന്നപോലെ സ്വന്തഭാര്യയേയും സ്നേഹിക്കണം. എന്നാൽ ഭാര്യ സ്വന്തഭർത്താവിനെ ഭയപ്പെടട്ടെ. അവൾ ഭർത്താവിൽനിന്നു പിരിഞ്ഞുപോകരുതു്. ഇങ്ങനെ നിങ്ങൾ ജീവിക്കുന്നുവെങ്കിൽ നമ്മുടെ കുടുംബങ്ങളിൽ എത്രവലിയ സമാധാനവും സന്തോഷവും വാഴും! ഓരോരുത്തരും മറ്റവരുടെ കുറവുകളെ ക്ഷമിച്ചു എല്ലാക്കാര്യങ്ങളിലും അന്യോന്യം സഹായിച്ചു സകലർക്കും മാതൃകയായി ജീവിക്കുക. അവിടെ ദൈവാനുഗ്രഹം കുടികൊള്ളും. നസ്രേത്തിലേ തിരുകുടുംബംതന്നെ അവിടെ വാസംചെയ്യും. സകല സങ്കടദുരിതങ്ങളും അവർ ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്പ്പെടുത്തുകയുംചെയ്യും. നേരേമറിച്ചു കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാർതമ്മി

ലും മക്കളും പിതാക്കളുംതമ്മിലും സ്നേഹമില്ലെങ്കിൽവരുന്ന നാശങ്ങളും ആ രോടുപറയട്ടെ. കുഞ്ഞൻനമ്പ്യാർ, നായരുടെ കോപത്തെ വണ്ണിച്ചിട്ടുള്ളതു നിങ്ങളും കേട്ടിട്ടില്ലേ ?

"നായർവിശന്നു വലഞ്ഞുവരുമ്പോളും
കായക്കഞ്ഞിക്കരിയിട്ടില്ല.
ആയതുകേട്ടകലമ്പിച്ചെന്നാ–
ങ്ങായുധമുടനെ കാട്ടിലെറിഞ്ഞു.
മുട്ടുപഴത്തൊരു വെള്ളമശ്ശേഷം
കുട്ടികൾതന്നുടെ തലയിലൊഴിച്ചു.
കെട്ടിയപെണ്ണിനെ മടിക്കുടാതെ
കിട്ടിയവടികൊണ്ടൊന്നുപിടച്ചു.
ഉരുളികൾകിണ്ടികളൊക്കെയുടച്ചു
ഉരലുവലിച്ചുകിണറ്റിൽമറിച്ചു.
അതുകൊണ്ടരിശം തീരാഞ്ഞിട്ടവ–
നരുപ്പുപുരയുംമണ്ടിനടന്നു."

(ഇതുകേട്ടപ്പോൾ പയിലിച്ചനും, പിന്നമ്മയും അന്യോന്യം മുഖത്തോ ട്ടുനോക്കി, കാലുകൊണ്ടു നിലത്തെഴുതി, വിരലു മൂക്കിൽവച്ചു, ലജ്ജ കൊണ്ടു മഞ്ഞളരച്ചു..) ഇങ്ങനെ കുടുംബം ഒരു യഥാർത്ഥ നാകം തന്നെ ആയിത്തീരും. പാപത്തിനുമേൽ പാപം. കോപത്തിനുമേൽ കോപം. പിന്നത്തെക്കാര്യം നിങ്ങളുംകൂടതന്നെ അറിഞ്ഞുകൂടെ. ഭാര്യ്യയും ഭർത്താവിനുംതമ്മിൽ സ്നേഹമില്ല. അവരുടെ കൂടാശ്രയത്തെ ജീവിതത്തിനുഭംഗംവന്നു ദൈവദോഷംപിഴയ്ക്കുന്നു. അന്യരിൽഅവർ സ്നേഹംവെച്ചു മോഹപാപംചെയ്യുന്നു ദൈവകല്പന വെറുത്തുതള്ളുന്നു. ദൈവകോപത്തിനുപാത്രമാകുന്നു. ഭാര്യ്യയുടെ വാഗ്ദത്തംചെയ്യപ്പെട്ടശരീരം അന്യവംശനാശംകിടക്കുന്നു. ഭർത്താവും, ഭർത്താവിനു വാഗ്ദത്തംചെയ്യപ്പെട്ടമേനി അപരനുകൊടുത്തു ഭാര്യ്യയും നീതിക്കും ന്യായത്തിനും എതിരായി പിഴച്ചു വിശ്വാസവഞ്ചനചെയ്യുന്നു. വിവാഹസമയത്തു കയ്യേറ്റകടമകളെ ഉപേക്ഷിക്കുന്നു. സ്വന്തമക്കളെ വളർത്തുന്നതു കടമയിലും കുടുംബത്തെ ഒരു കുത്തോലിക്കകുടുംബമായി പുലർത്തുന്നു ജോലിയിലും അവർ ഉദാസീനരാകുന്നു. മാത്രമോ, നാട്ടിനും നാട്ടാക്കും, സഭയ്ക്കും സമുദായത്തിനും അവർ ഉതപ്പായിത്തീരുന്നു. തങ്ങൾക്കും മറ്റനേകർക്കും അവർ നിത്യനാശം വരുത്തിവയ്ക്കുകയും ചെയ്യുന്നു. അയ്യോ വാത്സല്യ കുഞ്ഞുങ്ങളെ, ഇതിനൊല്ലാം നിങ്ങളും ഇടയാക്കാതെ, ഇനിയും സ്വഭവനത്തിലും സ്നേഹത്തിലും ജീവിച്ചു നിങ്ങളുടെ കടമയെ ശരിയായിനടത്തി ദൈവമഹിമയ്ക്കും സ്വന്ത

ആത്മരക്ഷയ്ക്കും അന്യരുടെ ആത്മരക്ഷയ്ക്കും നിങ്ങൾ യത്നിച്ചാലും! ഇതിനു ദൈവസഹായം പ്രത്യേകം അപേക്ഷിക്കുക. വീട്ടിൽമുടങ്ങാതെ സന്ധ്യാജപങ്ങളും കൊന്തനമസ്ക്കാരവും നടത്തുക. സമയമുള്ളപ്പോഴെല്ലാം ഇടദിവസങ്ങളിൽപ്പോലും പള്ളിയിൽപോയി കുർബാന കാണുക. മാസത്തിലൊരിക്കലെങ്കിലും കുറഞ്ഞപക്ഷം കുമ്പസാരിച്ചു കുർബാന കൈക്കൊള്ളുക. ഇനിയെങ്കിലും അതുകൊണ്ടു് എന്റെ വാത്സല്യമക്കളേ, നിങ്ങൾ സമാധാനമായി ജീവിക്കുക. നസ്രത്തിലേ തുക്കുട്ടം ബം നിങ്ങൾക്കൊരു മാതൃകയായിരിക്കട്ടെ. സർവേശ്വരൻനിങ്ങളെ സർവ്വപ്രകാരേണയും അനുഗ്രഹിക്കട്ടെ!. ”

ഇതിന്റെശേഷം ഇടവകവികാരി ഇരുപാട്ടുകാരെയും അനുഗ്രഹിച്ചു വീട്ടിലേയ്ക്കു് അയച്ചു.

അച്ചന്റെ ഉപദേശത്തിനനുസരിച്ചു് കുറേനാൾ പയിലിച്ചനും ചിന്നമ്മയും സമാധാനത്തിൽ ജീവിച്ചു. ഇപ്പോഴാണു് താൻനിശ്ചയിച്ച കാര്യം വെള്ളത്തിലായി എന്നുള്ള ആശാഭംഗത്തോടുകൂടി കുഞ്ഞമ്മതന്നെ പയിലിച്ചനേ തിരക്കിയിറങ്ങിയതു്. ഹാ! ഇപ്രകാരമുള്ള പരമദുഷ്ടകളായ വിധവകളേക്കുറിച്ചു് എന്തുപറയട്ടെ!! ഇവരാണോ കത്തോലിക്കർ!! ഇവരാണോ അന്യരാൽ സഹായിക്കപ്പെടേണ്ട അനാഥകൾ! അന്യരുടെ ശരീരത്തേയും ആത്മത്തേയും ഒരേസമയത്തു നശിപ്പിക്കുന്ന പൈശാചികസർപ്പങ്ങളല്ലെ ഈ മരുന്നും മന്ത്രവും ഫലിക്കാത്ത കുലടകൾ!! കത്തോലിക്കവിധവകൾ എങ്ങിനെയാണു ജീവിക്കേണ്ടതെന്നു് ഇവർ അല്പമൊന്നു മനസ്സിലാക്കിയിരുന്നെങ്കിൽ ! ! വിധവകളുടെ ജീവിതം എതുവിധമായിരിക്കണമെന്നു പൗലോസുശ്ലീഹാ പറയുന്നതു ശ്രവിച്ചാലും! “ വല്ലവിധവയ്ക്കും പുത്രന്മാരോ പൗത്രന്മാരോ ഉണ്ടെങ്കിൽ അവർ സ്വന്തഭവനം ഭരിക്കുവാനും മാതാപിതാക്കന്മാർക്കു പരസ്പരസ്നേഹമതല നിറവേറ്റിക്കൊടുക്കുവാനും ആദ്യമേ പഠിക്കട്ടെ. എന്തെന്നാൽ ഇതു ദൈവത്തിരുമുമ്പാകെ സ്വീകാര്യമാകുന്നു. എന്നാൽ സാക്ഷാൽ വിധവയും അനാഥയുമായവൾ ദൈവത്തിൽ ശരണപ്പെട്ടുകയും രാപകൽ യാചനകളിലും (ദൈവത്തോടുള്ള) പ്രാർത്ഥനകളിലും നിഷ്ക്കർഷിക്കയും ചെയ്യട്ടെ. എന്തെന്നാൽ അടിലാഷങ്ങളിൽ (ജഡമോഹങ്ങളിൽ) വർത്തിച്ചിരിക്കുന്നവൾ ജീവിച്ചിരിക്കുന്നുവെങ്കിലും മരിച്ചവളാണു്.

“ അവൾ മക്കളെ വളർത്തിയെങ്കിൽ, അഥവാ അതിഥിയെ സ്വീകരിച്ചെങ്കിൽ, അന്യരാ വിശുദ്ധന്മാരുടെ പാദങ്ങൾ കഴുകിയെങ്കിൽ, അല്ലെങ്കിൽ ഞെരുക്കമനുഭവിക്കുന്നവർക്കു് താങ്ങായിരുന്നെങ്കിൽ, അതല്ലാത്ത

പക്ഷം സകല സൽപ്രവൃത്തികളും തുടർന്നിരുന്നെങ്കിൽ അവർക്കു സൽപ്രവൃത്തികളും സാക്ഷ്യമായിരിക്കട്ടെ."

നേരേമറിച്ചു വൈധവ്യജീവിതം ദൈവസ്നേഹത്തിലും, പരോപകാരപ്രവൃത്തികളിലും ആശാപാശനിഗ്രഹത്തിലും കഴിക്കുവാൻ പാടില്ലാത്ത യുവവിധവകളേക്കുറിച്ചു ക്രിസ്തീഹാപരയുന്നതെന്തുകൊണ്ടു. "പ്രായംകുറഞ്ഞ വിധവമാർ മിശിഹായിൽ നല്ലവണ്ണം വളരാതെ വിവാഹംകഴിക്കുവാൻ ആഗ്രഹിക്കുന്നു. അവർ വീട്ടുതോറുംനടന്നു് മിനക്കെടുവാനും ശീലിക്കുന്നു. മിനക്കെടുവാൻ മാത്രമല്ല പ്രയോജനവേണ്ടാത്തവ സംസാരിച്ചുകൊണ്ടു് അതിഭാഷിണികളും (വായാടികളും) ജിജ്ഞാസാവതികളുമാകുന്നു. അതുകൊണ്ടു് യുവതികളും വിവാഹംചെയ്യുകയും, മക്കളെ ഉല്പാദിപ്പിക്കുകയും, ഗൃഹിണികളായിരിക്കയും, വിരോധിക്കു അപവാദത്തിനു് യാതൊരു അവസരവും കൊടുക്കാതിരിക്കയുംചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ വിവാഹജീവിതത്തിൽ ഏർപ്പെടാതെ നാടും വീടും വിട്ടു അലഞ്ഞുനടന്നു വായാടികളായി അസഭ്യപ്രവൃത്തികളും അതിമോഹകൃത്യങ്ങളും ചെയ്യുന്ന കുഞ്ഞമ്മയേപ്പോലുള്ള യുവതികളെക്കുറിച്ചു പൗലോസു ക്രിസ്തീഹാ വിലപിച്ചു പറയുന്നതു കേട്ടാലും. "അവർ പിശാചിന്റെ പിറകെ തിരിഞ്ഞുപോവുക കഴിഞ്ഞിരിക്കുന്നു.

ആദ്യത്തിൽ കുഞ്ഞമ്മ ചിന്നമ്മയുമായി വളരെ പരിചയത്തിൽ പെരുമാറുവാൻ തുടങ്ങി. ഇഹലോകസന്തതികളും പരലോകസന്തതികളേക്കാളും കൗശലക്കാരെന്നല്ലേ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്. ചിന്നമ്മയെ കുശിനിവേലയിൽ സഹായിക്കുന്നതിൽ കുഞ്ഞമ്മ അത്യുത്സാഹിയായി കാണപ്പെട്ടു. എന്നാൽ അവളുടെ കണ്ണു എപ്പോഴും പയിലിച്ചന്റെമേൽ ആയിരുന്നു. ഈ പെൺരൂപത്തിൽവന്ന കുഞ്ഞമ്മപ്പിശാചു് പയിലിച്ചനെ സ്വന്തമാക്കുവാൻ പഠിച്ച പണി പതിനെട്ടും നോക്കി. ഒടുവിൽ അവളുടെ ഉരുട്ടുമിരുട്ടിൽ പയിലിച്ചനെ അകപ്പെടുത്തുകതന്നെ ചെയ്തു. . . .

മേമാസത്തിലെ ആദ്യ ഞായറാഴ്ച. ദൈവമാതാവിനു പ്രതിഷ്ഠിക്കപ്പെട്ട നല്ലോരുമാസം. ചിന്നമ്മ പിള്ളേരുമായി പള്ളിയിൽ പോയിരുന്നപ്പോൾ കുഞ്ഞമ്മ പയിലിച്ചനെ വന്നു കണ്ടു ചിന്നമ്മയെ അപായപ്പെടുത്തുവാനുള്ള വഴിനോക്കി. എന്തിനധികം. ചിന്നമ്മയെ ഉപായത്തിൽ വിഷം കൊടുത്തു കൊല്ലുവാൻ അവർ നിശ്ചയിച്ചു. ഇങ്ങനെയുള്ള പാപകൃത്യത്തിനുശേഷം നടത്തുന്ന വിവാഹം അസാധുവാണെന്നുള്ളതു തിരുസ്സഭാകല്പനയാണല്ലോ. അന്നു ചിന്നമ്മയും മക്കളും നാലുപേരും അതിഭക്തിയോടെ കുർബാനകണ്ടു കുമ്പസാരിച്ചു കുർബാന കൈയ്ക്കൊണ്ടു പയിലിച്ചന്റെ സ്വഭാവമാറ്റത്തിനും കുടുംബത്തിലെ സമാധാനത്തിനും വേണ്ടു

തീവ്രമായി ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം മാതാവുവഴി അവരുടെ പ്രാർത്ഥന സ്വീകരിക്കയുംചെയ്തു.

"ഈശ്വരവിലാസങ്ങളാക്കുപോൽ തട്ടിക്കാവൂ"

അപ്പോൾ ചാത്തൻ പറമ്പിൽ നടന്ന സംഭവമെന്തായിരുന്നു? തൊയറാട്ട കർഷകനായും മുടക്കി നാരകപ്പിശാചിന്റെ വേലചെയ്യുന്ന കുഞ്ഞമ്മയും പയിലിച്ചനും കാപ്പിയിൽ വിഷംകലക്കി ചിന്നമ്മയെ കൊല്ലുവാൻ ഒരുക്കങ്ങളും തകൃതിയായി നടത്തുന്നു. കുഞ്ഞമ്മ കാപ്പിക്കു വെള്ളം കൊണ്ടുവരുവാൻ പാളയും കയറും എടുത്തുകൊണ്ടു കിണറ്റിങ്കലേയ്ക്കുപോയി. പോകുംവഴിയിൽ എങ്ങനെയാണ് ചിന്നമ്മയെ അകപ്പെടുത്തിയശേഷം ഒരു നവീനജീവിതം തുടങ്ങേണ്ടതെന്നും ചിന്നമ്മയുടെ മക്കളെ വഴിയാധാരമാക്കേണ്ടതെന്നും പയിലിച്ചന്റെ പുതുഭാര്യയായിരുന്ന കാനോത്തിസ്ഥാനം കേമമായി ആരംഭിക്കേണ്ടതെന്നും മറ്റും വിചാരിച്ചു വിചാരിച്ചു കുഞ്ഞമ്മ അത്യധികം ആനന്ദികമായി മാത്രമല്ല ബാഹ്യമായിപ്പോലും ആനന്ദിച്ചു.

ദുഷ്ക്കർമ്മങ്ങളോരോന്നു ചെയ്യുന്ന മർത്ത്യനു
ദുഃഖം ഭവിക്കുന്നു സന്തതം മേൽക്കുമേൽ

ഒടുവിൽ കിണറ്റിന്റെ കൽപ്പടിയിൽ കയറി വക്കത്തുള്ള ഒരു കല്ലിൽ മുൻകാലുന്നി, ചാടുവഴി വെള്ളം പാളനിറച്ചു വലിച്ചുകയറുവാൻ തുടങ്ങി. പെട്ടെന്നു കയറു ചാടിന്റെ ഇടയിൽ അകപ്പെടുകയും, മനോരാജ്യത്തിൽ കോട്ടകെട്ടിക്കൊണ്ടുനിന്ന കുഞ്ഞമ്മ മുൻകാലുതെറ്റി ഊക്കോടെ മുന്നോട്ടമറിഞ്ഞു കിണറ്റിൽ പതിക്കയും ചെയ്തു. 'താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീണോ' 'അയ്യോ' എന്നാലറിക്കൊണ്ടു ക്രോധഗാധത്തിൽ ആണ്ടുപോയ കുഞ്ഞമ്മയുടെ ദീനസ്വരം കേട്ട പയിലിച്ചൻ ഓടിവന്നു. അയ്യോ! പയിലിച്ചന്റെ ആവലാധിയും വേവലാധിയും എന്തു പറയട്ടെ ഇതു തന്റെമേൽ വീണ ദൈവശാപം ആണെന്നു മനസ്സിലാക്കി മാറത്തടിച്ചുകൊണ്ടു അവൽവാസികളെ ആർത്തുവിളിക്കുവാൻ തുടങ്ങി. അടുത്തുള്ള കിട്ടനും, കോരനും, കവുപ്പനും, കുഞ്ഞുവും വന്നു കിണറ്റിൽ ഇറങ്ങികുടിച്ചുവീർത്ത കുഞ്ഞമ്മയെ പിടിച്ചു കയറ്റിൽ കെട്ടി വെളിക്കൊരു പ്രകാരത്തിൽ വലിച്ചെടുത്തു. പിന്നീടു ബലം പ്രയോഗിച്ചു കുഞ്ഞമ്മയുടെ ഉദരത്തിൽ അമിതമായി സംഭരിച്ചിരുന്ന ജലം കഴിയുന്നതു ബഹിർഗമിപ്പിച്ചു. അപ്പോൾ കുഞ്ഞമ്മയ്ക്കു ജീവൻ വീണതുപോലെ തോന്നി. അവൾ പിച്ചും പേയും പറയുവാനും തുടങ്ങി. "അയ്യോ പയിലീ നിന്നെ കണ്ട നാൾ ശപിക്കപ്പെട്ടതാണെ, അയ്യോ. ഞാൻ നിന്നോടുകെട്ടി. എന്നോടു കെട്ടി, പാവം ചിന്നമ്മയോടു കെട്ടി. അയ്യോ നരകം എന്നെ വിഴുങ്ങാൻ

പോണെ. അയ്യോ! ചിന്നമ്മെ ഞാൻ വിഷംകൊടുത്തു കൊന്നല്ലോ; ചി
ള്ളേരെ ഞാൻ വഴിയാധാരമാക്കീല്ലൊ; നീയുമായി ഞാൻ വ്യഭിചാരത്തി
ന സമ്മതിച്ചല്ലോ; അയ്യോ, എന്റെ തലയിൽ ഇടിത്തി വീണെ. ഞാൻ
നരകത്തിക്കിടന്നു വേകാൻ....പോ – ന്നോ – എന്റെ പാപം – മ – ഹാ – പാ
പം – ആ – യി – പ്പോ – യോ – എ – നി – ക്കി – തിനു – പൊ = റു = തി = കി = ട്ടു = കേ =
ലേ; ഇതോടെ കുഞ്ഞമ്മയുടെ വായു മുട്ടി എടുത്തു വലിക്കുവാനും ആരം
ഭിച്ചു. അടുത്തുള്ളവർ അച്ചനേയും പോലീസുകാരെയും വിളിക്കുവാൻ എ
ഴുപ്പത്തിൽപ്പോയി. പയിലിച്ചൻ ലജ്ജകൊണ്ടു വെളുത്തുവിളുത്തു രോമാ
ഞ്ചംകൊണ്ടു തന്നെത്താനെ ശപിച്ചു ബോധമറ്റു നിലംപതിച്ചു.

ഇടവകവികാരി കർണ്ണാനന്ദ കഴിഞ്ഞു ചിന്നമ്മയോടും മക്കളോടും
കൂടി വന്നപ്പോൾ കുഞ്ഞമ്മയുടെ പ്രേതമാണു കണ്ടതു്. പയിലിച്ചൻ ഭ്രാ
ന്തു പിടിച്ചവനെപ്പോലെ നാലുപാടും ചുറ്റിനടന്നു അലറുന്നു. ഇതിനി
ടയിൽ പോലീസുകാരും വന്നുചേർന്നു. പയിലിച്ചൻ കുഞ്ഞമ്മയെ കിണ
റ്റിൽ മറിച്ചു കൊന്നെന്നു ഒരു കിംവദന്തി ദിക്കെങ്ങും പരന്നതിനാൽ
പോലീസുകാർ പയിലിച്ചനെ പിടിച്ചു കയ്യു "വീരശൃംഖല" വച്ചു, സ
ത്യം പറയിക്കുവാനാണെന്നുംപറഞ്ഞു പയിലിച്ചന്റെ പുറം കൂളമാക്കി. മ
ർമ്മങ്ങളിലും, രോമച്ചുഴികളിലും, ബിറ്റുതടി പ്രയോഗവും, മൂക്കടപ്പുറം, ശങ്കട
പ്പുറംമറും പയിലിച്ചനു പോലീസുകാർ ഒരു ലുബ്ധും കൂടാതെ നല്ല ക
ണക്കിനുകൊടുത്തു. ഈ മരുന്നിന്റെ ശക്തിയാൽ പയിലിച്ചൻ തന്റെ
തലയിൽകെട്ടിനിന്നു ദുഷ്ടരക്തം തന്നെ തുപ്പുവാൻ തുടങ്ങി. അപ്പഴാണു്
പയിലിച്ചൻ തന്റെ സാധുഭാര്യ ചിന്നമ്മയോടു ചെയ്ത കയ്യേറ്റത്തിന്റെ
ശിക്ഷ ഇഹത്തിൽവച്ചുതന്നെ അനുഭവിക്കുന്നെന്നു മനസ്സിലാക്കിയതു്.
"കൊടുത്താൽ കൊല്ലത്തും കിട്ടുമെന്നല്ലേ മൂപ്പീന്നാന്മാർ പറയാറുള്ളതു്"
എങ്കിലും ഉടനെ "ചുണ്ടങ്ങാ കൊടുത്തിട്ടു വഴുതനങ്ങാ വാങ്ങി" ചെന്നമാ
ത്രം ഒരു വ്യത്യാസം. ഇതോടെ പയിലിച്ചന്റെ വ്യഭിചാരമോഹവും, പു
തുഭാര്യസ്വീകരണവും, സ്വഭാര്യാനിഗ്രഹവും എല്ലാംപോയി കാശികടന്നു.

"ദുഷ്ടന്മാർ ചെയ്യുന്ന ദുഷ്കർമ്മത്തിൻഫലം
ചെറ്റെന്നനുഭവിച്ചീടുമവർതന്നെ"

ഒരു വിചിത്രസംഭവം.

ഈയിട, റോമാനഗരത്തിൽനിന്നും പുറപ്പെട്ടന്ന "ഒബ്സർവാത്തോരെ റൊമാനോ' എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ഫാദർ ഔറേലിയോ എന്നയാളിപ്പോഴുള്ള (ആസ്സാമിൽ) ഒരു പ്രേഷിതന്റെ ലേഖനത്തിന്റെ ഒരു ഭാഗം രസാവഹമാകയാൽ ചുവടെചേർക്കുന്നു. "ഇവിടെ പല ഇൻഡ്യൻകത്തോലിക്കരുടെയും മതപരിവർത്തനം സാധിച്ചിട്ടുള്ളതു് ഏതോ ഒരു അജ്ഞാതപുരുഷന്റെ ക്ഷണനംമൂലമാകുന്നു. ഇപ്പുരുഷൻ പാപ്പായാണെന്നു് മാനസാന്തരശേഷമനസ്സിലായിരിക്കുന്നു. ഇടത്തുടിന്റെ ഒരു പ്രധാനസ്ഥലമായ ഒരു പ്രോട്ടസ്റ്റന്റു കുഗ്രാമത്തിൽ കുറെനാൾമുമ്പു് ഞങ്ങളിൽഒരുമിഷണറിപോകുവാൻഇടയായി. അപ്പോൾ ഇദ്ദേഹത്തിനു് കേവലം അപരിചിതരായിരുന്ന രണ്ടുസ്ത്രീകൾവന്നു് മാമ്മോദീസാമുക്കണമെന്നു് ആവശ്യപ്പെട്ടു. വെള്ളവസ്ത്രംധരിച്ച ഒരു ഗംഭീരപുരുഷൻ സചിത്രത്തിൽപ്രത്യക്ഷപ്പെട്ടു തങ്ങളുടെ അന്ധകാരമയമായസ്ഥിതിയും നിസ്സഹായതയും കാണിച്ചുകൊടുത്തതാണു് ഈ മാനസാന്തരത്തിനു് കാരണമായി അവർപറഞ്ഞതു. അദ്ദേഹം ഒരു ദീപവുംകൈയിൽപ്പിടിച്ചുകൊണ്ടു് 'നിനക്കു് സൗഭാഗ്യത്തോടെ നല്ലവഴിയിലൂടെ സഞ്ചരിക്കണമെന്നു് ആഗ്രഹമുണ്ടെങ്കിൽ കത്തോലിക്കയാകുക' എന്നുപറഞ്ഞു് തന്നെ അനുഗമിക്കുവാൻക്ഷണിച്ചു. മാമ്മോദീസാമുങ്ങി ഏതാൻംദിവസങ്ങൾകഴിഞ്ഞു, ഈ മിഷണറി ഈ സ്ത്രീകളെകുറെപ്പടങ്ങൾകാണിക്കുകയും അവയിൽ ഒരു മാപ്പിപ്പായുടെപടംകണ്ടപ്പോൾ 'അദ്ദേഹമാണു് കത്തോലിക്കരാകുവാൻ ഞങ്ങളെക്ഷണിച്ചതു്' എന്നു് ഏകസ്വരത്തിൽ സമ്മതിക്കുകയുംചെയ്തു.

അഭിനന്ദനീയമായ ആതുരസംരക്ഷണം.

മംഗലാപുരത്തെ ഒരു ഡോക്ടറായ കാസ്സിർ മത്തിയാസ്സു് ദിവസം ശരാശരി ൧൦൦ രോഗികളെ സൗജന്യമായി ചികിത്സിച്ചുവരുന്നു. ഇതിനു് കൃതജ്ഞതപ്രദർശിപ്പിക്കുവാനായി ആണ്ടിലൊരിക്കൽ മേയ്മാസത്തിൽ ഒരുദിവസം ഇവിടെയുള്ള പാവപ്പെട്ടവരെല്ലാംകൂടി ഈ ഉദ്യമത്തിനു് ചെറിയകാഴ്ചകൾ സമർപ്പിക്കുകപതിവുണ്ടു്. ധനികന്മാരായ രോഗികൾകൊടുക്കുന്നപണം ഈവകയ്ക്കായിത്തന്നെ അദ്ദേഹംചെലവിടുന്നു. ഇതുപോലെ ദരിദ്രരെ ദാനമായിചികിത്സിക്കുന്ന രണ്ടുഡോക്ടർമാർകൂടി മംഗലാപുരത്തുണ്ടു്. ഡോക്ടർ എൽ. പി. ഫർണാണ്ടസ്സു് എന്ന ഒരു കത്തോലിക്ക പ്രമാണി കഴിഞ്ഞ മുപ്പതുവർഷങ്ങളായി ഫാദർ മുള്ളറിന്റെ ആസ്പത്രിയിൽ ഇപ്രകാരം സേവനംചെയ്തുവരികയാണു്. ഡോക്ടർ പീറർ പോൾപിന്റോ തനിക്കു് വളരെ ആദായകരമായ മദ്രാസ്സിലേ ഒരു ജോലിരാജിവെച്ചിട്ടു് തെക്കെകാനറായിലേ തീണ്ടൽജാതികളുടെഇടയിൽ ഭിക്ഷാചര്യത്തിനടത്തിവരുന്നു.

ബുദ്ധിഭ്രമം ആർക്കു് ?

(യുവകോകിലം.)

ദൈവാനുഗ്രഹത്താൽ തന്റെ കീഴിൽ എത്തിച്ചേർന്നിരുന്ന കുട്ടികളെ ശരിയായി അഭ്യസിപ്പിക്കുന്നതിനു് ജോൺബോസ്കോ ഒരു ഭഗീരഥപ്രയത്നം തന്നെ കഴിക്കേണ്ടിവന്നു. ഒരിക്കൽ വിഷമങ്ങളും മൂർദ്ധന്യാവസ്ഥയിൽ എത്തിയപ്പോൾ ആശ്വസിപ്പിക്കുന്നതിനുപകരം തന്റെ ചില ക്ലാളികം ഈ ജോലിയിൽ നിന്നു് വിരമിക്കുന്നതിനാണു് ഉപദേശിച്ചതു്. കുട്ടികളുടെ വിനോദങ്ങളിലും മറ്റും പങ്കെടുക്കുന്നതും അവരിൽ ഒരുവനെപ്പോലെ വിചാരിക്കുന്നതിനു് അനുവദിക്കുന്നതും ഒരു വൈദികനു് ചേർന്നതല്ലെന്നായിരുന്നു അവരുടെ വെപ്പു്. "നമ്മുടെ പ്രസ്ഥാനം മുഴുവൻ നശിക്കാതിരിക്കുന്നതിനു് ചെറിയ കുട്ടികളിൽ ഇരുപതുപേരെ എടുത്തുംവച്ചു് ശേഷമുള്ളവരെ പിരിച്ചുവിടാം. ഇവരെ ശരിയായി പരിപാലിച്ചുകൊണ്ടിരിക്കുമ്പോൾ ഭാവിമാഗ്ഗങ്ങം ദൈവം തുണ്ടിക്കാണിക്കും. നമ്മുടെ പ്രയത്നങ്ങൾക്കു് അത്യന്താപേക്ഷിതമായ സ്ഥലവുംമറ്റും ഉണ്ടാക്കിത്തരികയും ചെയ്യും," എന്നാണു് തന്റെ ഒരു അഭ്യുന്മിത്രമായ ബോരൽ അച്ചൻപോലും പറഞ്ഞതു്. എന്നാൽ "ദൈവം തുടങ്ങിയവേല താൻ തീർച്ചയായും പൂർത്തിയാക്കും. ഇപ്പാവപ്പെട്ട കുട്ടികൾക്കുവേണ്ടി എന്തുംമാത്രം ഉപകാരം ചെയ്വാൻ നമുക്കു് സാധിച്ചു എന്നു് അങ്ങു് കാണുന്നില്ലയോ? ഇവരെ ഞാൻ ഒരിക്കലും ഉപേക്ഷിക്കുകയില്ല" എന്നായിരുന്നു ജോൺബോസ്കോയുടെ മറുപടി.

"അച്ചൻ അവക്കു് എവിടെ സ്ഥലമുണ്ടാക്കും?"

"പ്രാർത്ഥനാലയത്തിൽ"

"പ്രാർത്ഥനാലയം എവിടെ? ആസ്തുതിയിലേസ്ഥലം തടികൂതർ എടുത്തുകളഞ്ഞു. കളിസ്ഥലത്തുനിന്നും നിങ്ങളെ പറഞ്ഞയച്ചല്ലോ.." "എന്റെ പ്രാർത്ഥനാലയം താമസംസൗകര്യം, കളിസ്ഥലം മുതലായ യഥാവിധി നിർമ്മിതമായിരിക്കുന്നതായി

ഞാൻ കണ്ടെന്നു." "അച്ചൻ പറയുന്ന ഈ ബ്രഹ്മാണ്ഡമായകെട്ടിടം എവിടെ?" "അതെനിക്കു് അറിയുവാൻ പാടില്ല എങ്കിലും താമസിയാതെ അതു് നമുക്കു് ലഭിക്കും."

ഈ വാക്കുകൾ കേട്ടപ്പോൾ ജോൺബോസ്കോയിക്കു് ബുദ്ധിഭ്രമമായിരിക്കുമെന്നു് വിചാരിച്ചു് ബോൽ അച്ചൻ വളരെ പരിഭ്രമിച്ചു. ഈ വിഷയത്തെപ്പറ്റി നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി പലവൈദികരും ജോൺബോസ്കോയുടെ പക്കൽ വന്നെങ്കിലും എല്ലാവർക്കും ലഭിച്ചതു് ഈ മറുപടിതന്നെയാണു് "പ്രാർത്ഥനാലയം തുടർന്നുകൊണ്ടുപോകുവാൻ സാധിക്കുകയില്ലെന്നാണു് നിങ്ങളേവരുടേയും അഭിപ്രായമെങ്കിൽ അതു് തെറ്റാണു്. ഇക്കുട്ടികളെ എനിക്കു തന്നതൈവംതന്നെ അതിനുള്ള മാർഗ്ഗവും തരും. ഇതിനുള്ള ഉപായം പരി. കന്യക നമുക്കു വേഗം സജ്ജീകരിക്കും. എത്ര കുട്ടികൾക്കു വേണമെങ്കിലും ഇരിക്കാവുന്ന ഒരു വലിയകെട്ടിടവും വർക്കുഷാപ്പും വിനോദസ്ഥലവും ഒരു മഹാദേവാലയവും അനേകം വൈദികരും അദ്ധ്യാപകന്മാരും മറ്റും നമുക്കു താമസിയാതെ ഉണ്ടാകും."

"അപ്പോൾ അച്ചൻ ഒരു സന്ന്യാസസഭസ്ഥാപിക്കാനാണോ ഉദ്ദേശിക്കുന്നതു്. അതിന്റെ പ്രത്യേകലക്ഷണം എന്തായിരിക്കും?"

"ഔദാര്യം"

ഇതൊക്കെകേട്ടു് ജോൺബോസ്കോയിയുടെ 'സ്ക്രൂ'ഒന്നുമില്ല എന്നു് കണക്കാക്കി സന്ദർശകന്മാർ പോകുകയും ചെയ്യും. താൻ പറഞ്ഞതൊക്കെ സംഭവിക്കുമെന്നു് നിശ്ചയമുണ്ടായിരുന്നതുകൊണ്ടാണു് ജോൺബോസ്കോ ഇപ്രകാരമെല്ലാം കഥനം ചെയ്തതു്. തന്റെ സ്വപ്നങ്ങളിൽ ഇവയെല്ലാം കാണുകയും അതൊക്കെ വിശ്വാസയോഗ്യമാണെന്നു് കൂടാസ്സോ അച്ചൻ ഉറപ്പുകൊടുക്കുകയും ചെയ്തതിനാൽ ഭാവിയെപ്പറ്റി തനിക്കു് ഒട്ടുംതന്നെ ആകുലതയുണ്ടായിരുന്നില്ല.

എങ്കിലും തനിക്കു് ബുദ്ധിഭ്രമമാണെന്നു് ശത്രുചിത്രീകരണമെന്നു് സകലരും വിധിക്കുകയും ഭ്രാന്താശുപത്രിയിൽ കുറച്ചുനാൾ താമസിക്കുന്നതാണു് നല്ലതെന്നു് തീർച്ചയാക്കുകയും ചെയ്തു. ഇ

തിനുവേണ്ട ഒരുക്കങ്ങൾ ചെയ്തശേഷം ഒരു ദിവസം രണ്ടുവൈ
ദികർ ജോൺബോസ്ക്കോയെ ക്ലൂട്ടിക്കൊണ്ടു പോകുന്നതിനായി
തന്റെ പക്കൽ വന്നു. സംഭാഷണമദ്ധ്യേ പ്രാർത്ഥനാലയത്തേ
യും മറ്റുംകുറിച്ച് സാക്ഷാൽ സ്ഥാപിതമായവകളെപ്പറ്റി എ
ന്നപോലെയും വളരെ വലിയപ്രസന്നതയോടും കൂടിയാണ് ജോ
ൺബോസ്ക്കോ സംസാരിച്ചതു്. ഇതിനിടയ്ക്ക് തന്നെ വട്ടത്തി
ലാക്കാനുള്ള വിദ്യകളെല്ലാം ഈസന്ദർശകന്മാർ ചെയ്യുന്നുണ്ടായിരു
ന്നു. ഇതൊക്കെ വേഗം മനസ്സിലാക്കിയ നമ്മുടെ കഥാപുരുഷൻ
ഒന്നും അറിയാത്തവനെപ്പോലെ മൗനം ദീക്ഷിച്ചുതേയുള്ളൂ. സമ
യമായന്നുകണ്ടു് നമ്മുടെ വിദ്വാന്മാർ തന്നെ ഒരു ഉല്ലാസയാത്ര
യ്ക്ക് ക്ഷണിച്ചു. "കാറുകൊണ്ടാൽ ഭവാനു് ഭ്രമണംസിദ്ധിക്കാ
തിരിക്കയില്ല" എന്നു് അവർ പറയുകയുംചെയ്തു. ഇതു കേട്ട
പ്പോൾ ഈ ബുദ്ധിഭ്രമലക്ഷിതനു് കാര്യമെല്ലാം തിരിഞ്ഞു. ഉട
നെ നിവാരണമാർഗ്ഗവും കണ്ടുപിടിച്ചു. തനിക്ക് പല കാര്യങ്ങൾ
ചെയ്തീർക്കാനുണ്ടെന്നും സന്ദർശകന്മാരായി ചിലർ വന്നിട്ടു
ണ്ടെന്നും മറ്റും ഒഴികഴിവുകൾ പറഞ്ഞുതിന്റെ ശേഷം അവ
രുടെ നിർബന്ധമനുസരിച്ച് അടുക്കൽ തയാറാക്കിയിരുന്ന വാ
ഹനത്തിങ്കലേയ്ക്കു താൻ സൗഹാർദ്ദപൂർവ്വംപോയി. അവിടെ
ച്ചെന്നപ്പോൾ അവർ ആദ്യം വണ്ടിയിൽ കേറുന്നതിനു് നമ്മു
ടെ ബാലഗണോദ്ധാരകൻ മര്യാദാപൂർവ്വം യാചിച്ചു. കളിപ്പീരി
ന്റെ കണികപോലും ശങ്കിക്കാതെ ഈ വിദ്വാന്മാർ വണ്ടിക്കകേ
ത്തു കയറി. തൽക്ഷണം ജോൺബോസ്ക്കോ അതിന്റെ കതകു് അടച്ചു് "നിങ്ങളോടു പറഞ്ഞിരിക്കുന്ന പ്രകാരം വേഗം അ
നുവർത്തിപ്പിൻ. അവിടെ എത്തിയല്ലാതെ നിൽക്കരുതു്." എ
ന്നു് സാരഥിയോടു് ചട്ടംകെട്ടി. കേട്ടതുപാതി കേൾക്കാഞ്ഞതു
പാതി വണ്ടിക്കാരൻ കുതിരകളെ അതിവേഗം പായിച്ചു. വ
ണ്ടിക്കകത്തുനിന്നും കാറിച്ചയും ക്രുകിച്ചയും മറ്റും ധാരാളം പുറ
പ്പെട്ടുകൊണ്ടിരുന്നെങ്കിലും അവൻ അതു് പുല്ലോളം വകവെക്കാ
തെ ഭ്രാന്താസ്പത്രിയുടെവാതുക്കൽകൊണ്ടുചെന്നേ നിറുത്തിയുള്ളൂ.
അവിടെ എത്തിയ ഉടനെ കാവൽക്കാർ ഓടിവന്നു. കാത്തിരു
ന്ന ഒന്നാംകിട പകരം രണ്ടുവൈദികരെ കണ്ടതിൽ അവർ ആശ്ച

യ്പ്പെട്ടുകയും മോന്തനമാരല്ലെന്നു് ഇവർരണ്ടും ശക്തിപൂർവ്വം വാദിച്ചതിനാൽ കുഴങ്ങുകയുംചെയ്തു. തദനന്തരം ഇരുവരേയും യഥാവിധിബന്ധനത്തിലാക്കി. ഡാക്ടറെ കൊണ്ടുവരാൻ അവർ കോപാവേശത്തോടെ ആജ്ഞാപിച്ചെങ്കിലും അദ്ദേഹം അന്നത്തേയ്ക്കു് സ്ഥലം വിട്ടുപോയതിനാൽ ഫലമുണ്ടായില്ല. കപ്പലോനച്ചനെ കൊണ്ടുവരാൻ ദയവുണ്ടാകണമെന്നു് ഈ നിർഭാഗ്യർ വീണ്ടും യാചിച്ചു. "അദ്ദേഹം ഉച്ചഭക്ഷണം കഴിക്കാൻ പോയിരിക്കുന്നതിനാൽ ഇപ്പോൾ വിളിക്കാൻ നിവൃത്തിയില്ല" എന്നതെ ലഭിച്ച പ്രത്യുത്തരം. കുറെക്കഴിഞ്ഞു് കപ്പലോനച്ചനെ ഒരു രഥവിധത്തിൽ വിളിച്ചുകൊണ്ടുവന്നു. അദ്ദേഹം സന്ദർഭോചിതം ഈ 'രോഗി'കളുടെ ആരോഗ്യത്തിനു് സാക്ഷ്യം വഹിച്ചതിനാൽ ഇരുവരും സ്വതന്ത്രരാക്കപ്പെട്ടു. ജോൺബോസ്കോയെ മോന്തോലയത്തിൽ അടയ്ക്കാൻ അവർ പിന്നീടൊരിക്കലും പരിശ്രമിച്ചില്ലെന്നു് പറയണമെന്നില്ലല്ലോ.

"തിരുരക്തവണക്കം"

വില ചക്രം 8.

വേദോപദേശക്ലാസുകൾക്കുള്ള

ഹാജർപുസ്തകം.

ഒന്നാംതരം വില അണ. 3.

രണ്ടാംതരം " " 2.

മദ്ധ്യസ്ഥൻബുക്ഡിപ്പോ.

ചങ്ങനാശ്ശേരി.

ഇന്നത്തെ
വിദ്യാഭ്യാസരീതിയേക്കുറിച്ചു്.

കണക്കും സയൻസും ചരിത്രവും ഭൂമിശാസ്ത്രവും പഠിച്ചു് അത്ഥമോ ആവശ്യമോ ഇല്ലാത്ത പരീക്ഷകൾ ജയിക്കുന്നതാണു് വിദ്യാഭ്യാസമെന്നും സർക്കാരുദ്യോഗമാണു് വിദ്യാഭ്യാസത്തിന്റെ ഫലമെന്നും ധരിച്ച ഇന്നത്തെ നാസ്തിക വിദ്യാഭ്യാസത്തെ വെച്ചു പുലത്തിക്കൊണ്ടിരിക്കുന്നതിനെ കണ്ടുകൊണ്ടു് ഉത്തരവാദിത്വമോ സ്വശക്തിയോ മനസ്സാക്ഷിയോ ഉള്ള ഒരു നേതാവു് സ്വസമുദായത്തെ അതിന്റെ പിന്നാലെ അങ്ങിനെതന്നെ അഴിച്ചുവിടുന്നതല്ല. ഓരോസമുദായവും അതിനുള്ള മതവും. ആചാരപദ്ധതിയും, അതാതിന്റെ സ്ഥാനങ്ങളിൽ ശ്രേഷ്ഠങ്ങളും സപ്രയോജനങ്ങളുമാണെന്നുള്ള തത്വം ആത്മവിസ്മരിക്കരുതു്. ഒരു ക്രിസ്ത്യൻ ക്രിസ്ത്യനും ഹിന്ദു ഹിന്ദുവും മുസ്ലീം മുസ്ലീമായും വളർന്നു ജീവിച്ചു് സമുദായത്തെയും രാഷ്ട്രത്തെയും അനുഗ്രഹിക്കണമെങ്കിൽ തിർച്ചയായും ഇന്നത്തെ നാസ്തികവും വിജാതീയവുമായ വിദ്യാഭ്യാസപദ്ധതിയെ പരിത്യജിച്ചു് അതാതിനനുരൂപങ്ങളും അനുകൂലങ്ങളുമായ ധർമ്മങ്ങളെ പ്രതിപാദിക്കുന്നതും, അദ്ധ്യേതാക്കളുടെ സ്വതന്ത്രയോഗ്യതയും അധികാരനിഷ്ഠയേയും തേജോവർധം ചെയ്വാനുള്ളതുമായ സ്വന്തം ദേശീയവിദ്യാഭ്യാസത്തെ സ്വാധീനങ്ങളും സ്വാനുകൂലങ്ങളുമായ പരിതഃസ്ഥിതികളോടുകൂടി അനുസരിക്കുകകൊണ്ടു വേണം. ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീങ്ങളും വേറെവേറെ വിദ്യാലയങ്ങൾ നിർമ്മിച്ചു വിദ്യാഭ്യാസം ചെയ്യുന്നതായാൽ രാജ്യവും സമുദായവും നശിക്കുമെന്നും, സമുദായങ്ങൾതമ്മിൽ പിണങ്ങുമെന്നുമുള്ള ഭീമാബദ്ധമായ വിഡ്ഢിത്തമാണു് മുമ്പിൽ പമ്പകടക്കേണ്ടതും കടത്തേണ്ടതുമെന്നാണു് ഞങ്ങളുടെ അഭിപ്രായം. കത്തോലിക്കരായ ക്രിസ്ത്യാനികൾ വേറെ വിദ്യലയങ്ങളിൽ വിദ്യാഭ്യാസം ചെയ്യുന്നതുകൊണ്ടു് മറവസമുദായക്കാർക്കോ ഗവർമെണ്ടിനോ വിദ്യാഭ്യാസമേലധ്യക്ഷനോ യാതൊരു മാനഹാനിയും സംഭവിപ്പാനില്ല. കത്തോലിക്കരുടെ വിദ്യാലയങ്ങളിൽനിന്നും ഇതുമൂലം മറവുള്ളവർ പിൻമാറുമെന്നുപറഞ്ഞു് ഭീഷണിക്കുന്നതു തീരെ നിരത്ഥകമാണു്. കത്തോലിക്കരോ അവരുടെ മതാദ്ധ്യക്ഷന്മാരോ ക്രിസ്ത്യാനിസമുദായംതന്നെയോ ഈ ഭീഷണികേട്ടു പരിഭ്രമിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. അങ്ങിനെ മറവുള്ളവർ അവരുടെ വിദ്യാലയങ്ങളെ ഉപേക്ഷിക്കുന്നതു് അവർക്കും മറവുള്ളവർക്കും നന്മയാണെന്നു മാത്രമല്ല അതൊരു സാധനപാഠം—Practical lesson—ആയി പരിണമിക്കുകയുംചെയ്യും.

(കുന്നംകുളത്തുനിന്നും പുറപ്പെടുന്ന "സനാതനി" എന്ന പ്രതിവാരിക പത്രികയുടെ ഒരു മുഖപ്രസംഗത്തിൽനിന്നു")

അനാഥ്യകാര്യങ്ങളുടെ മദ്ധ്യസ്ഥ അഥവാ വി. റീത്താ.

ആധുനിക പരിഷ്കാരവും, വിദ്യാഭ്യാസരീതിയും നിമിത്തം സത്യവിശ്വാസം ക്ഷയിച്ചും, ഈശ്വരഭക്തി നശിച്ചും, സാന്മാർഗ്ഗികബോധം അസ്തമിച്ചും, പരിശുദ്ധവും, പരിപാവനവും ആയ വൈവാഹികബന്ധം പൊളിഞ്ഞും തൽഫലമായി കുടുംബസമാധാനം തുലഞ്ഞും ഇരിക്കുന്ന ഈ ആപദ്ഘട്ടത്തിൽ, അതേ, പ്രകൃതിവിരുദ്ധവും, വിനാശകരവും ആയ സന്താനനിയന്ത്രണ നവീനപ്രസ്ഥാനം എവിടെയും തലപൊക്കിത്തുടങ്ങിയിരിക്കുന്ന ഈ ദുരവസ്ഥയിൽ ഈ ധന്യചരിതം വളരെ ഉപകാരപ്രദമായിരിക്കുമല്ലൊ.

ജനനം:– മനോഹരമായ പ്രകൃതിവിലാസത്താലും, ഫലസമൃദ്ധിയാലും, നിരവധി വിശുദ്ധന്മാരുടെ ജന്മഭൂമിയായിരിക്കുന്നതിനാലും നാടെങ്ങും പ്രകീർത്തിതവും വിപുലവുമായ ഇറ്റലിക്ക് ഒരു തിലകമായും പരിലസിക്കുന്ന "ഉംബ്രിയാ" രാജ്യത്തിൽ കാഷ്യാ പട്ടണത്തിൽ, റോക്കാ പൊറയന എന്ന കുഗ്രാമത്തിൽ മന്വവൃഥൽ അന്തോനിയോ അമാത്ത എന്നാമാതാപിതാക്കന്മാരിൽനിന്ന് നമ്മുടെ കഥാനായിക സംജാതയായി. ഇവർ കേവലം നിർദ്ധനരായ കൃഷിവലരായിരുന്നു. നസ്രസ്സിലേ തൃക്കുടുംബത്തെ മാതൃകയായി കൈവരിച്ചുകൊണ്ട് പ്രഭാതം മുതൽ പ്രദോഷംവരെ കാർഷികവേലകളിൽ ഇവർ ദത്തശ്രദ്ധരായിരുന്നു. കഷ്ടിച്ച് കാലയാപനത്തിനു മാത്രം കിട്ടുന്ന ആദായംകൊണ്ട് ഒരുവിധം ക്ലേശരഹിതരായി നല്ല സമാധാനത്തോടും, സംതൃപ്തിയോടുംകൂടിയാണ് ജീവിച്ചുപോന്നതു്. ക്രിസ്തീയസുകൃതങ്ങളിൽ അവർ അദ്വിതീയരായിരുന്നു. മതചിന്തയില്ലാതെയും സന്മാർഗ്ഗജീവിതം നാമാവശേഷമായും ഇരുൾ അടഞ്ഞിരുന്ന ഈ മദ്ധ്യശതകത്തിൽ "കയ്യൂക്കുള്ളവൻ കാര്യസ്ഥൻ, കണ്ണിനു കണ്ണ്, പല്ലിനു പല്ല്" എന്നീ നിയമങ്ങളാണ് എവിടെയും നടമാടിയിരുന്നതു്. എങ്കിലും, അന്യാദൃശമായ സദ്ഗുണസമ്പത്തുകൊണ്ട് ഏതാദൃശ ദുരവസ്ഥകളെ ഒക്കെതരണംചെയ്ത് എല്ലാവരുടെയും, കണ്ണിലുണ്ണികളായി, ക്രിസ്തീയ സമാധാനപാലകരായി ഇവർ വർത്തിച്ചുപോന്നു. സന്താനരാഹിത്യം ഒന്ന് മാത്രം ആയിരുന്നു, ഇവരുടെ ഏക ദുഃഖം. അനന്തകാരുണികനായ ദൈവം ഇവരുടെ നിരന്തരപ്രാർത്ഥനയെ കേട്ട്, അബ്രാഹത്തിന്റെയും, സാറായുടെയും, സക്കറിയാസിന്റെയും, എലിസബത്തിന്റെയും, കഥയെ അനുസ്മരിപ്പിക്കുമാറ്, തീരെ വൈകീട്ടെങ്കിലും ഒരു പെൺകുഞ്ഞിനെക്കൊണ്ടു

അവരുടെ കുടുംബത്തെ സമലങ്കരിക്കുന്നതിനു് ചിന്തമായി. അതിനു് റീത്താ (Righta) എന്നു് നാമകരണം ചെയ്യണമെന്നു് അവർ ആജ്ഞാപിക്കപ്പെട്ടു. ഈ ശിശുവിന്റെ ജ്ഞാനസ്നാനാനന്തരം വി. അമ്പ്രോസിനു് എന്നപോലെ വെള്ളത്തേനീച്ചകൾ ആജീവനാന്തം പരിഷേവനം ചെയ്തിരുന്നതുമൊഴിച്ചു്, ഇവളുടെ വചോമാധുരിയെ മുൻകൂട്ടി പ്രസ്പഷ്ടമാക്കിയിരുന്നു. സദ്ഗുണസമ്പന്നരും ഉത്തമ ക്രിസ്ത്യാനികളും ആയ മാതാപിതാക്കന്മാരുടെ പരിലാളനയിലും, സുശിക്ഷണത്തിലും, വളർന്നുവന്ന കുഞ്ഞുറീത്താ ക്രമശഃ പ്രായത്തോടടുത്തു് പുണ്യത്തിലും, വളർന്നുപോന്നതിൽ അതിശയിത്തിനു് തെല്ലും അവകാശമില്ലല്ലൊ. പരിതഃസ്ഥിതികളുടെ പ്രാതികൂല്യംനിമിത്തം, ഉന്നതവിദ്യാഭ്യാസം നേരത്തെ കരഗതമാക്കുന്നതിനു് അവൾക്കു സാധിച്ചിരുന്നില്ലെങ്കിലും, സാമാന്യവിദ്യാഭ്യാസം അവൾക്കു ലഭിച്ചു. ഒഴിവുള്ള സമയങ്ങളിൽ ഗാർഹിക ജോലിമാലികളിൽ മാതാപിതാക്കന്മാരെ യഥാശക്തി സഹായിക്കുക, ത്രികാലജപങ്ങളും മറ്റും, മുടക്കംവരുത്താതെ കഴിക്കുക, ഇവയ്ക്കുപുറമെ, തന്റെ ബാലികാബാലന്മാരുടെ നടനായകത്വം വഹിച്ചു്, കമനീയങ്ങളായ പ്രാർത്ഥനാലയങ്ങൾ കെട്ടി ഉണ്ടാക്കി, പരിശുദ്ധ കന്യകയുടെയും മറ്റും, മാസവണക്കങ്ങളും ഭംഗിയായി നടത്തുക, പ്രത്യേക മദ്ധ്യസ്ഥന്മാരായ മറ്റു വിശുദ്ധന്മാരുടെ നൊവേനകളും കഴിക്കുക, ബാലലോകത്തിലേ വഴക്കുകളും തീരുമാനിക്കുക, ധ്യാനം പ്രതിദിനം മുടങ്ങാതെ കഴിക്കുക, എന്നിവയായിരുന്നു നമ്മുടെ കഥാപാത്രത്തിന്റെ പ്രത്യേക പ്രവൃത്തികളും. ബാല്യദശയിൽനിന്നു് നമ്മുടെ കഥാനായിക യൗവനത്തിലേയ്ക്കു് കാലുകുത്തിക്കഴിഞ്ഞപ്പോൾ, മാതാപിതാക്കന്മാർ അവളുടെ വിവാഹകാര്യത്തെപ്പറ്റി ചിന്തിക്കുവാൻ തുടങ്ങി. അവരുടെ ഓമനസന്താനവല്ലിയായി, വാർദ്ധക്യത്തിലേ ഏകാവലംബമായി കരുതിപ്പോരുന്ന റീത്തായ്ക്കു് അനുരൂപ്യനായ ഒരു വരനെ കണ്ടുപിടിച്ചു് കുടുംബഭാരം അവരുടെ തോളിൽ എല്പിച്ചുംവച്ചു് ഈ ലോകവാസം സമാധാനത്തോടെ കൈവിടണം എന്നായിരുന്നു അവരുടെ അതിവാഞ്ഛ. എന്നാൽ ലോകജീവിതം പരിത്യജിച്ചു് അടുത്തുള്ള "അഗസ്റ്റീനിയൻ" കന്യകാമഠത്തിനുള്ളിൽ നേരത്തെ പ്രവേശിക്കുവാൻ മറ്റും സ്വർഗ്ഗീയ മണവാളനായ ക്രിസ്തുനാഥനെ അതേ, ശിശുത്തൊട്ടിമുതൽ, നിജമാതൃപ്രബോധനത്താൽ, സുപരിചിതനായിത്തീർന്ന, ശ്രീയേശുനാഥനെ വരിക്കണം, എന്നുള്ള വ്യാമോഹമായിരുന്നു റീത്തായെ സദാ അലട്ടിക്കൊണ്ടിരുന്നതു്. ഇങ്ങനെ, കടകവിരുദ്ധങ്ങളായ രണ്ടു് ശക്തികളോടു് അവൾക്കു് നിരന്തരം പോരാടുവാൻ ആവശ്യമായിരുന്നു. മാതാപിതാക്കന്മാരും അവളും അവരവരുടെ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനായി തീവ്രപ്രാർത്ഥന കഴിച്ചതിന്റെ ഫലമായി, തൽക്കാലം മാതാപിതാക്കന്മാർക്കു് വിജയവും അവൾക്കു് പരാജയവും ഉണ്ടായി. യോബിനെ

പ്പോലെ, എല്ലാം ദൈവഹിതമായി വിചാരിക്കുന്ന റീത്തായ്ക്ക് ഇതിൽ ഒട്ടും വല്ലായ്മ ഉണ്ടാകാതിരുന്നതിൽ അത്ഭുതപ്പെടാനില്ല.

വിവാഹം:– നിശ്ചിത ശുഭമുഹൂർത്തത്തിൽ മംഗല്യവും മംഗളമായി നടന്നു. എന്നാൽ വധൂവരന്മാർ തമ്മിൽ, കുഞ്ഞാടും സിംഹവും പോലെയുള്ള വ്യത്യാസം ഉണ്ടായിരുന്നു. ആകാരംതന്നെ അതിഭയങ്കരം!! ആരെയും ഭയപ്പെടുത്തും!! അക്കഥയെങ്ങനെയുമിരിക്കട്ടെ. ഒരു കുപ്രസിദ്ധ മുട്ടാളൻ! കുവാഹപ്രിയൻ! എന്നാലാകട്ടെ, മണവാളത്തം അങ്ങനെയിങ്ങനെ ഒരുവിധം തള്ളിവിട്ടു. പിന്നെ തൊട്ടതിനൊക്കെ കുറവും, ശകാരവും. അത് മൂത്ത് തല്ലും, തറയും, ഇടിയുമായി. വടിയും വാളുകൊണ്ട് ഗർജ്ജിച്ചുംകൊണ്ടുവരുന്ന ഭർത്താവിനെ ഭാര്യ എതിർക്കുന്നതു്, പുഞ്ചിരിപ്പൂനിലാവും, സഹനവും, ശാന്തതയും, സർവ്വോപരി പ്രാർത്ഥനയും കൊണ്ടായിരുന്നു. കുറെനാളത്തെ ഈട്ടിശ ആയോധനംകൊണ്ട് അവൾ അയാളെ പാട്ടിലാക്കി. അയാളും തന്റെ ദീർഘപരിചിതരായ കൂട്ടുലഹളക്കാരെയും മദ്യഷാപ്പുകളെയും വിട്ട് കുടുംബജോലി മുറയ്ക്ക് നോക്കിയ്യുടങ്ങി. പള്ളിയോടും പ്രാർത്ഥനയോടും ഉള്ള നിസ്സഹകരണം പാടെ പരിത്യജിച്ചു് മുറുക്ക് പള്ളിയിൽപ്പോകയും, ക്രമാശകരം കൈക്കൊള്ളുകയും, കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കയും ചെയ്യുതുടങ്ങി. റീത്തായുടെ വൈവാഹികജീവിതം രണ്ടു് ഓമന ആൺസന്താനങ്ങൾകൊണ്ടു് അനുഗ്രഹീതമായിരുന്നുവെന്നുള്ളതു്; ഇത്തരുണത്തിൽ സ്മർത്തവ്യമാണു്. എന്നാൽ ഭർത്തൃമാനസാന്തരംമൂലം ഉദ്ഭൂതമായ സന്തോഷസമാധാനം നീണാൾ അനുഭവിക്കുന്നതിനു് അവർക്കു് ഭാഗ്യം സിദ്ധിച്ചില്ല. അയാളുടെ പഴയ കൂട്ടുകാർ ഏതൊ പൂർവ്വദ്വേഷം വച്ചു് അയാളെ വെട്ടിക്കൊന്നു. ഈ ദാരുണവൃത്താന്തം ശ്രവിച്ച റീത്തായ്ക്ക് തന്റെ ഭർത്താവായ "ഫർഡിനാൻഡോ"ടെ അകാല നിര്യാണത്തെക്കാൾ കൂടുതലായ ദുഃഖം, അയാൾ അന്തിമക്രമാശകരം കൈക്കൊള്ളാതെ മരിക്കുന്നതിനു് ഇടയായല്ലൊ എന്നുള്ളതായിരുന്നു. മരണാനന്തരം നിർവഹിക്കേണ്ട എല്ലാ ക്രൈസ്തവചടങ്ങുകളും അവൾ യഥാവിധി നടത്തിച്ചു. മാത്രമല്ല, തന്റെ പ്രിയതമനുവേണ്ടി അവൾ എല്ലാ ദിവസവും പ്രാർത്ഥിക്കയുംമറ്റും ചെയ്തിരുന്നു. "യഥാരാജാ തഥാപ്രജാ" എന്ന പ്രമാണമനുസരിച്ചു് മക്കളും പിതാവിനെപ്പോലെ മുട്ടാളന്മാരായിത്തീർന്നു. പിതാവിനെ മൃതിപ്പെടുത്തിയ ഘാതകന്മാരെ ഉടനെതന്നെ വധിക്കണമെന്നുള്ള പ്രതികാരേച്ഛയാൽ പ്രേരിതരായി, ഊണും ഉറക്കവുമില്ലാതെ അവർ രാപകൽ ചുറ്റിത്തിരിഞ്ഞു സമയം കഴിച്ചുകൂട്ടുകയായിരുന്നു. മക്കളുടെ നാശകരവും അക്രിസ്തീയവുമായ ഈ ഉദ്യമത്തിൽനിന്നു് അവരെ പിൻമാറ്റുന്നതിനു് സർവപ്രയത്നങ്ങളും ചെയ്തിട്ട് നിഷ്ഫലമെന്നു് കണ്ടതിനാൽ, ഏതൽക്കാര്യനിർവഹണത്തിനു് മുമ്പായി അവരെ മരിപ്പിക്കണമെന്നു് അവൾ

ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കയും, തൽഫലമായി വിനാവിളംബം അവരിരുവരും മൃതിയടയുകയും ചെയ്തപ്പോൾ അവർക്കുണ്ടായ സ്വർഗ്ഗീയാനന്ദം അവാച്യമായിരുന്നു. ഇങ്ങനെ, കന്യകാമഠത്തിൽ ചേരുവാനുണ്ടായിരുന്ന പ്രതിബന്ധങ്ങളൊക്കെ ഓരോന്നോരോന്നായി ദൈവസഹായത്താൽ പമ്പകടന്നതിന്റെ ശേഷം ഏതൽക്കാര്യസാദ്ധ്യാർത്ഥം അവൾ ദൈവത്തോട് കൃതജ്ഞതയായി പ്രാർത്ഥിക്കയും, ജപതപോനുഷ്ഠാനങ്ങളിൽ ഉദ്യുക്തയായിരിക്കുകയും ചെയ്തുപോന്നു. അവളുടെ വീടിനടുത്തുണ്ടായിരുന്ന ഒരു "രഗസ്റ്റീനിയൻ" കന്യകാലയത്തിലേയ്ക്കായിരുന്നു കുട്ടിക്കാലം മുതൽ അവൾക്കുണ്ടായിരുന്ന നോട്ടം. പലതവണയും അവൾ ആ മഠാധിപയെ ചെന്നുകണ്ട് കാര്യം ബോധിപ്പിച്ചിട്ട്, വിധവയെന്നുള്ള കാരണത്താൽ മടക്കി വിടുകയാണു ചെയ്തിരുന്നിട്ടുള്ളതു്. ഈ അവസരങ്ങളിലൊക്കെയും മഠാധിപയുടെ കാക്കശ്യത്തേക്കാൾ തന്റെ അയോഗ്യതയെ ആയിരുന്നു ആ തരുണീരത്നം കൂടുതൽ പഴിച്ചതു്. എങ്കിലും ഇപ്രകാരഭംഗപ്പെടാതെ തന്റെ പാവപ്പെട്ട വസതിയിൽ ഏകാകിനിയായി നിരാവലംബയായി, പ്രാർത്ഥനയിലും താപസവൃത്തികളിലും കാലം കഴിച്ചുകൂട്ടിപ്പോന്നു.

മഠപ്രവേശനം:- ഒരുദിവസം അർദ്ധരാത്രിയിൽ സർവ്വചരാചരങ്ങളുംനിദ്രയിൽ ആണ്ടുകിടന്നിരുന്ന വേളയിൽ സാവർത്തികമായ നിശ്ശബ്ദതയെ പതിവുപോലെയുള്ള നിശാപ്രാർത്ഥനമൂലം അവൾ ഭഞ്ജിച്ചുകൊണ്ടിരുന്ന അവസരത്തിൽ ആരൊ കുറെ ആളുകൾ പുറത്തു വന്നു് അവളെ മുട്ടിവിളിക്കുന്നതായിക്കേട്ടു. അബലയായ ആ സാധുമണി ആദ്യം കുറെ മടിച്ചെങ്കിലും, ധൈര്യംഅവലംബിച്ചു്, വാതായനത്തിലൂടെ ഉണിഞ്ഞുനോക്കിയപ്പോൾ, സ്വർഗ്ഗീയപ്രഭാപൂരിതരായി മൂന്നു് അതിഥികൾ പുറത്തു് തന്നെകാണുന്നതിനായി, അക്ഷമരായി, നില്ക്കുന്നതു്, അവളുടെ അക്ഷിക്കു് ലക്ഷിതവിച്ചു. അതേ, അവർ അവളുടെ പ്രത്യേക മദ്ധ്യസ്ഥന്മാരായ വി. അഗസ്റ്റീനോസും നിക്കൊവോസും, സ്നാപകയോഹന്നാനും അല്ലാതെ മറ്റാരും അല്ലായിരുന്നതുതു്. ഖിന്നയായതീത്തായെ കന്യകാമഠത്തിൽപ്രവേശിപ്പിക്കുന്നതിനു് അവളുടെ സ്വർഗ്ഗീയമണവാളനായ യേശുനാഥനാൽ അയക്കപ്പെട്ട സ്വർഗ്ഗീയഉദ്യോഗസ്ഥന്മാരായിരുന്നു അവർ എന്നുള്ള സന്തോഷവാർത്തകേട്ടപ്പോൾ ആ തരുണീമണി ആനന്ദസിന്ധുവിൽ ആറാടുകതന്നെചെയ്തു. ക്ഷണം അവളെ അവർ അപരിചിതമായ ഒരു മാർഗ്ഗത്തിലൂടെ നിർദ്ദിഷ്ടമഠത്തിലേയ്ക്കു് ആനയിച്ചു. ബലിഷ്ഠങ്ങളായമതിൽക്കെട്ടുകളും, പൂട്ടുകളും, താനേതുറന്നു്, മഠഗഹ്വരത്തിലേയ്ക്കു് ഉള്ളമാർഗ്ഗം അവർക്കു് ഹസ്തഗതമായി!! വെളിയിൽനിന്നു് ഒരു ഈച്ചയ്ക്കുപോലും, ഉള്ളിലേയ്ക്കു് പ്രവേശിക്കുവാൻ പ്രയാസമായിരുന്ന കന്യകാമഠത്തിനുള്ളിൽ, അവളുടെ പ്രിയതമനായ വി. സക്രാരിയിലേ തടവുകാരനാ

യ ശ്രീയേശുനാഥന്റെ തിരുമുൻപിൽ അവൾ ആഗതയായിരിക്കുന്നു!! ഉത്തരക്ഷണം അവളുടെ സ്വർഗ്ഗീയമിത്രങ്ങൾ അപ്രത്യക്ഷരായി. പ്രഭാതത്തിനു മുമ്പുള്ള പ്രാർത്ഥനയ്ക്കു് കന്യാസ്ത്രികൾ കപ്പേളയിൽ എത്തിയപ്പോൾ അവിടെ ഒരു സ്ത്രീ മുട്ടുകുത്തി പ്രാർത്ഥിക്കുന്നതു് കണ്ടു. കേവലം അബലകളായ അവർക്കു് വിസ്മയവും ഭയവും ഒരുമിച്ചുണ്ടായി. ദീർഘനേരം അവളെ ക്രാസ് ചെയ്തപ്പോൾ, അവൾ പ്രവേശനത്തിനായി മഠകവാടത്തിങ്കൽവന്നു് പലപ്പോഴും മുട്ടീട്ടുള്ളവളും, ദൈവസഹായത്താൽ അത്ഭുതാവഹമായി ഇപ്പോൾ മഠപ്രവേശനം ചെയ്തിട്ടുള്ളവളും ആയ റീത്താ ആണെന്നു് അറിഞ്ഞു. അപ്പോൾ, അവർ അവളോടു് ക്ഷമാപണംചെയ്തു് സാദരം അവളെ സ്വീകരിക്കയുണ്ടായി. കുറഞ്ഞൊരുകാലത്തിനകം റീത്താ അവളുടെ അന്യാദൃശമായവിനയം, സുകൃതം, സഹോദരസ്നേഹം, ദീനശുശ്രൂഷ എന്നിവയാൽ ഒരു മഹാധന്യയാണെന്നുള്ളപേരു് എടുത്തുകഴിഞ്ഞു. ഒരിക്കൽ അവൾ ക്രിസ്തുശരീരത്തിൻമുമ്പിൽ തീവ്രമായിധ്യാനിച്ചുംകൊണ്ടിരിക്കുമ്പോൾ നമ്മുടെകർത്താവിന്റെ മുൾമുടിയിൽനിന്നു് ഒരു കുത്തുമുള്ളു് അസ്സുകണക്കു്, അവളുടെ നെറ്റിത്തടത്തിൽവന്നു പതിച്ചു. ഏതുമുതൽ, ഉച്ചവായമുറിവിന്റെപഴുപ്പും, ദുർഗ്ഗന്ധവും, ദുസ്സഹവേദനയും, അവളെ ദീർഘനാൾ കഷ്ടപ്പെടുത്തി. ഇതുകാരണം, അവളെ കൂട്ടത്തിൽനിന്നു് പെട്ടിമാറ്റി,. ഇട്ടങ്ങിയ ഒരുമൂറിയിൽ ജീവിതംകഴിച്ചുകൂട്ടുന്നതിനു് മഠാധിപ കർശനമായികല്പിച്ചു. ക്രമേണ നിക്കോവാസു് പഞ്ചമൻപാപ്പായാൽ, പ്രഖ്യാപനം ചെയ്യപ്പെട്ട ജൂബിലിമഹാമഹത്തിൽ പങ്കുകൊള്ളുന്നതിനു്, ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും, അനവധി തീർത്ഥകർ നിത്യനഗരത്തിലേയ്ക്കു് പോയ്ക്കൊണ്ടിരുന്നു. ഈമഠത്തിലേകന്യകകളും തീർത്ഥയാത്രയ്ക്കുള്ള കാര്യപരിപാടിനിശ്ചയിച്ചുകഴിഞ്ഞു. വ്രണം നിമിത്തം മഠാധിപ റീത്തായെ അനുവദിച്ചില്ല. ദുഃഖിതയായ നമ്മുടെ കഥാനായിക മുട്ടിപ്പായി പ്രാർത്ഥിച്ചുപ്പോൾ, ഭിഷഗ്വരന്മാരാൽ അസാദ്ധ്യമെന്നു് വിധിക്കപ്പെട്ടിരുന്ന ഭയങ്കരമുറിവു് സുഖമായതിന്റെഫലമായി, റീത്തായും തീർത്ഥകരുടെ എണ്ണത്തിൽ ചേർക്കപ്പെട്ടു. തീർത്ഥാടനാനന്തരം പ്രസ്തുതമുറിവു് വീണ്ടുംപ്രത്യക്ഷമാവുകയും അതു് അവളുടെ ഇഹലോകാവസാവസാനത്തിനു് കാരണമായിത്തീരുകയുംചെയ്തു. ആസന്നമരണയായിക്കിടന്നപ്പോൾ അവളെക്കാണാനായിനു് സ്വദേശത്തുനിന്നു് അനേകംപേർ, ദിനംപ്രതിവന്നിരുന്നു. റീത്താ അവളുടെ ഒരു സ്നേഹിതയോടു് തന്റെ പഴയതോട്ടത്തിൽനിന്നു് ഒരു റോസപുഷ്പവും, ആപ്പിൾപഴവും, സദയംകൊണ്ടുതരുന്നതിനു് ആവശ്യപ്പെടുകയുണ്ടായി. വൃക്ഷലതാദികളാൽ ഒരിലപോലും അവശേഷിക്കാത്തമഞ്ഞുകാലം ആയിരുന്നതിനാൽ, ഇതു് തീർത്തും അസാദ്ധ്യമാണെന്നും, വല്ല പനിപ്പിച്ചുകൊണ്ടാരോ,

ഇങ്ങനെപറഞ്ഞതായിരിയ്ക്കുമെന്നും, അവൾതീരുമാനിച്ചു. സ്വദേശത്തേയ്ക്കു മടങ്ങിയതിൻെറശേഷം, ഏതായാലും ഒന്നു് ശ്രമിക്കാമെന്നകരുതി തോട്ടത്തിൽച്ചെന്നപ്പോൾ, അവളുടെ അവിശ്വാസത്തെ പരിഹസിക്കുവാനോ എന്നു് തോന്നുമാറു്, ഒരു റോസപുഷ്പവും, ഒരു ആപ്പിളും, വികസിച്ചു് പക്വമായിനില്ക്കുന്നതുകണ്ടപ്പോൾ, അവൾ വിസ്മയഭരിതയായി. ഉടൻ അവൾ അവയെപ്പറിച്ചെടുത്തു്, നമ്മുടെ കഥാനായികയ്ക്കു് കൊണ്ടക്കൊടുത്തു. അവൾ അതുവാങ്ങി ദൈവത്തിനുസ്തുതിപറഞ്ഞു.

മരണം:– പ്രതിദിനം, റീത്തയുടെ സുഖക്കേടു് കൂടിക്കൂടി, വന്നു. ദിവ്യജനനി ഒരിക്കൽ, ഉണ്ണിയെ കരപങ്കജങ്ങളിൽ ഏന്തിക്കൊണ്ടു്, "നീ മൂന്നുദിവസത്തിനകം മരിച്ചു് സ്വർഗ്ഗംപ്രാപിക്കു"മെന്നു് അരുളിച്ചെയ്തു. റീത്തായുടെ അനുഗ്രഹാശിസ്സുകൾ വാങ്ങുന്നതിനു്, നിരവധി ആളുകളും എത്തിച്ചേർന്നു. താൻ ഒരു വലിയപാപിയാണെന്നും, തനിക്കുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നും, "പരസ്പരംസ്നേഹിക്ക" എന്നു് ക്രൈസ്തവവചനമല്ലാതെ, യാതൊന്നും തനിക്കു് അനുസ്മരിപ്പിക്കുവാൻ ഇല്ലെന്നുംപറഞ്ഞായിരുന്നു അവരെപിരിച്ചുവിട്ടിട്ടുള്ളതു്. കടശി, തിരുസ്സുഭോദ്യാനത്തിൽനിന്നു് ഒരു സുഗന്ധപുഷ്പം അറത്തെടുത്തു്, സ്വർഗ്ഗീയരാജധാനി അലങ്കരിക്കുന്നതിനുള്ള ഭാഗ്യാവസരംആയപ്പോൾ, അതേ, ക്രിസ്തുമേയ് ൧൨-ാം ൟ൯–ാമത്തെ വയസ്സിൽ, റീത്താ മരണംപ്രാപിച്ചു.

അത്ഭുതങ്ങൾ:– മരിച്ചുടൻ, കന്യകാമഠത്തിലേമണികളും താനേ അടിച്ചു്, അവയുടെസന്തോഷസന്താപങ്ങളും പ്രഖ്യാപനംചെയ്തു. അനേകം നാളും തളർവാതപീഡിതയായിരുന്ന ഒരു സ്ത്രീയെ റീത്തായുടെ മൃതശരീരത്തോടു് തൊടീച്ചപ്പോൾ, ഉടൻ രോഗശാന്തിയുണ്ടായി. ഉർബാൻ അഷ്ടമൻ മാപ്പാപ്പാ റീത്തായെ വാഴ്ത്തപ്പെട്ടവളെന്നു് നാമകരണംചെയ്തുകയും, ക്രി൦൦–ത്തിൽ, മേയ് മാസം ൨൪–ാം ൟ- പതിമൂന്നാംലെയോൻ മാപ്പാപ്പാ ഇവളെ വിശുദ്ധന്മാരുടെ പട്ടികയിൽ ഒരു ജൂബിലിവത്സരത്തിൽ ഔദ്യോഗികമായിചേർക്കയുംചെയ്തു. വി. പത്രോസിൻെറ പിൻഗാമിയാൽ വിശുദ്ധയെന്നു് നാമകരണംചെയ്യപ്പെടുന്നതിനു് അഞ്ചുറ കൊല്ലങ്ങളോളം താമസിച്ചതു് ഇവരുടെ സിദ്ധപദപ്രാപ്തിക്കു് ഒരിക്കലും ഒരുപോരായ്മയല്ല.

നഭോമണ്ഡലത്തിലേ നക്ഷത്രങ്ങളുംകണക്കു്, തിരുസ്സുഭാന്തരീക്ഷത്തിൽ അസംഖ്യംപുണ്യാത്മാക്കളും തിളങ്ങിവിളങ്ങുന്നുവെങ്കിലും, കൊട്ടാരംതൊട്ടു് കുടിൽവരെയുള്ള വിവിധാവസ്ഥകളിലുംഉള്ള വിശുദ്ധന്മാരെക്കൊണ്ടാനന്ദിക്കുന്നതിനു്, കത്തോലിക്കാ സഭാമാതാവിനു് കഴിയുമെങ്കിലും, കുടുംബജീവിതത്തോടു് ഇത്ര ഗാഢതരമായി ബന്ധിക്കപ്പെട്ടിരിക്കുന്നവരും പുണ്യാത്മാക്കളും ഉണ്ടോഎന്നു് സംശയിക്കുന്നു. പുരുഷന്മാർക്കും

സ്ത്രീകൾക്കും, ബാലന്മാർക്കും, ബാലികകൾക്കും, പണ്ഡിതന്മാർക്കും, പാമരന്മാർക്കും, വിവാഹിതർക്കും, അവിവാഹിതർക്കും ഒന്നുപോലെ പറ്റുന്ന ഒരു ഗാർഹികസ്വർഗ്ഗീയ മദ്ധ്യസ്ഥയാണു് വീ. റീത്താ എന്നതിനു് പക്ഷാന്തരമില്ല. പാശ്ചാത്യനാടുകളിലൊക്കെ ഒരു ആരാധ്യപദം വീ. റീത്തായ്ക്കു് കരഗതമായിട്ടുണ്ടെങ്കിലും ഭാരതത്തിൽ, വിശിഷ്യാ, മലയാളത്തിൽ ഈ സിദ്ധതീർത്ഥം അജ്ഞാതയായിരിക്കുന്ന എന്ന ആ ദുരവസ്ഥ ഇതിനാൽ പരിഹൃതമാവുമെന്നു് ദൃഢമായിവിശ്വസിച്ചുകൊണ്ടു് ഇതു് ഉപസംഹരിച്ചുകൊള്ളുന്നു.

പരേതനായ റവ. ഫാദർ
ഒണോരെ എസ്സ്. ജെ.

തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളേജിലെ ഫിസിക്സ് വകുപ്പിൻെറ മേധാവി എന്ന നിലയിൽ അൻപതിൽപരം കൊല്ലം അദ്ധ്യാപക വൃത്തിയിലിരുന്ന ദേഹവും മദ്രാസിലെ ലെയോളാ കോളേജിൻെറ സ്ഥാപകന്മാരിലൊരാളും, മദ്രാസ് യൂണിവേഴ്സിറ്റിയിലെ സെനറ്റ് മെംബറും, യൂണിവേഴ്സിറ്റി കമ്മീഷനിൽ പലപ്പോഴും അംഗമായിരുന്നിട്ടുള്ളയാളും, തെക്കേ ഇൻഡ്യയിലെവലിയൊരു വിദ്യാഭ്യാസപ്രവർത്തകനുമായിരുന്ന ബഹുമാനപ്പെട്ട ദെസിദരാറ്റസ് ഒണോരെ എസ്സ്. ജെ. ഇക്കഴിഞ്ഞ ജൂൺ ഉ—ാം തീയതി ലെയോളാ കോളേജിൽവച്ചു് പരമഗതി പ്രാപിച്ചിരിക്കുന്ന എന്ന സങ്കടകരമായ വിവരം ഇതിനകം സുവ്യക്തപ്രചരിച്ചു കഴിഞ്ഞിട്ടുണ്ടല്ലൊ. മൃതശരീരം മൈലാപ്പൂരിലെ ഭദ്രാസന ദേവാലയത്തിലേക്കു കൊണ്ടുപോകയും മൈലാപ്പൂരു് അഡ്മിനിസ്ട്രേറ്റർ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ അവിടത്തെ കബിബിം ഐലൻറ് എന്ന സിമിത്തേരിയിൽ സംസ്കരിക്കയും ചെയ്തു. കൊടൈക്കനാലിൽ വിശ്രമത്തിനായി താമസിച്ചിരുന്ന അദ്ദേഹം മരിക്കുന്നതിനു് ഏതാനും ദിവസങ്ങൾക്കുമുൻപുമാത്രം ലെയോളാകോളേജിലെ ഫിസിക്സ് വകുപ്പിൻെറ ചുമതല ഏറ്റെടുപ്പാൻ മദ്രാസിൽ വരികയും ഉ൪—ാംതീയതി അല്പം ക്ഷീണിതനായിത്തീരുകയും പിറേറദിവസം പെട്ടെന്നു ഹൃദയസ്പന്ദം നിന്നുപോവുകയും അങ്ങിനെ സമാധാനത്തിൽ അദ്ദേഹം പരലോകം പ്രാപിക്കയുമാണുണ്ടായതു്.

ഫ്രാൻസിൽ നോർമണ്ടി എന്നസംസ്ഥാനത്തു് 1862-ൽ ഒരു കുലീനകുടുംബത്തിലെ അംഗമായിട്ടാണു് അദ്ദേഹം ജ്ഞാതംചെയ്തതു്. മരിക്കുമ്പോൾ 72 വയസ്സു പ്രായമായിരുന്നു. ഈശോസഭക്കാരുടെ വകപൊയിറ്റിയേഴ്സു് എന്ന സ്ഥലത്തുള്ള കോളേജിൽനിന്നു 18-ാമത്തെ വയസ്സിൽ ഇദ്ദേഹം സർവ്വകലാശാലബിരുദ സമ്പാദിക്കുകയും 1891-ൽ മധുരമിഷനിൽചേർന്നു് ഇൻഡ്യയിൽ വരികയുംചെയ്തു. അനന്തരം വേദശാസ്ത്രപഠനം പൂർത്തിയാക്കുന്നതിനു് ജർമ്മനിയിലെ ഫോൾക്കൺബർഗ്ഗ് എന്ന സ്ഥലത്തേക്കു് പോവുകയും അവിടെ നിന്നും തിരിച്ചുവന്നു് മദ്രാസു് സർവകലാശാലാപദ്ധതി അനുസരിച്ചുള്ള ബിരുദ സമ്പാദിക്കുകയും തിരുനാപ്പള്ളി സെൻറ്ജോസഫ് കോളേജിൽ അദ്ധ്യാപകജോലി കയ്യേൽക്കുകയുമാണുണ്ടായതു്. അവിടെയിരുന്നു് മഹത്തരവും വാത്സല്യപൂർവകമായ തൻെറ ശിക്ഷണത്താൽ തൻെറ ശിഷ്യന്മാരുടെ പിതാവെന്ന അപരാഭിധാനത്തിനു് അദ്ദേഹം പാത്രമായെന്നു് മാത്രമല്ല; മദ്രാസു് പ്രസിഡൻസിയിലെ മഹാപാഠശാലകളുടെ കൂട്ടത്തിൽ സെൻറ്ജോസഫ്കോളേജിനു് ഒരു ബഹുമാന്യസ്ഥാനം സമ്പാദിക്കുകയുംചെയ്തു.

യൂണിവേഴ്സറികമ്മീഷനിൽ പലപ്പോഴും ഫാദർ ഒണോരെ അംഗമായി നിയമിക്കപ്പെട്ടകയാൽ അദ്ദേഹം മദ്രാസുസർവകലാശാലയ്ക്കു് അധീനപ്പെട്ടിരിക്കുന്ന എല്ലാക്കോളേജുകളും സന്ദർശിക്കുകയും അവയെക്കുറിച്ചെല്ലാം അദ്ദേഹത്തിൽ നിന്നും ഗുരുതരമായ ഉപദേശസഹായങ്ങളും സിദ്ധിക്കുകയുംചെയ്തിട്ടുണ്ടു്. തിരുവനന്തപുരത്തെ മഹാരാജാസു്കോളേജിൽ സയൻസുവകുപ്പു് ഏർപ്പെടുത്തിയപ്പോൾ നമ്മുടെ ഗവർമ്മേൻറിൽ നിന്നും ഫാദർ ഒണോരയെ വിദഗ്ധോപദേശത്തിനായി ക്ഷണിച്ചുവരുത്തുകയും അങ്ങിനെ അദ്ദേഹം കോളേജിലെ പ്രസ്തുത ഡിപ്പാർട്ടുമെണ്ടിൻെറ കായ്ക്ഷമമായ ഘടനയിൽ ഗണ്യമായ സഹായം ഗവർമ്മേൻറിനു ചെയ്യുകൊടുക്കുകയുമുണ്ടായിട്ടുണ്ടു്. തിരുവിതാംകൂറിൽ ഒരു സർവകലാശാലയുടെആവശ്യകതയെക്കുറിച്ചന്വേഷിപ്പാൻ ഗവമ്മേൻറിൽനിന്നും കമ്മററിയെ ഏർപ്പെടുത്തിയപ്പോഴും ഗവമ്മേൻറു് ഫാദർ ഒണോരയെക്കൂടി അതിലൊരംഗമായി നിയമിക്കയും അദ്ദേഹത്തിൻെറ നിർദ്ദേശങ്ങളും ഗവമ്മേൻറിനും ആ കമ്മററിക്കും പ്രമാണപ്പെട്ട ഉപദേശമായിത്തീരുകയുംചെയ്തു. ക്രമപ്രവൃദ്ധമായ വിദ്യാഭ്യാസത്തിൻെറ ക്രിയാപദ്ധതികളിലും സയൻസിൻെറ ബഹുതരശാഖകളിലും ഫാദർ ഒണോരെയ്ക്കു് അപാരമായ ജ്ഞാനമുണ്ടായിരുന്നു. എല്ലാസർവകലാശാലകളുംചേർന്നു ഒരു സംഘത്തിൽവച്ചു ബഹുമാനപ്പെട്ട മദ്രാസുഗവണ്മെൻറുതന്നെയും ഫാദർഒണോരയുടെനിർദ്ദേശങ്ങളെ പ്രശംസിക്കയുണ്ടായി.

കേരളത്തിലെവിദ്യാസമ്പന്നരായ കത്തോലിക്കു യുവജനങ്ങളെക്കൂട്ടിഇണക്കി അദ്ദേഹം ഒരു ഘടനഏർപ്പെടുത്തുകയും Malabar catholic

Youth League (എം. സി. വൈ. എൽ.) എന്നപേരിൽ അതു കേരളത്തിലൊട്ടാകെ വ്യാപിച്ചു് ആശാസ്യമായഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ഈ സഖ്യത്തിനു് ഇപ്പോൾ ഗണ്യമായ ഒരു മൂലധനവും വിശാലമായ ഒരു തലസ്ഥാനമന്ദിരവും ബാന്ധവ്യമുള്ള ഒരു ഭരണഘടനയുമുണ്ടു്. ഈ സുസ്ഥിതി കേരളകത്തോലിക്കർക്കു സമ്പാദിച്ചുകൊടുത്തതു് ഫാദർ ഒണോരെയാണെന്നുള്ള വസ്തുത നിർവിവാദമാകുന്നു. കേരളകത്തോലിക്കുവിദ്യാർത്ഥികളെ അദ്ദേഹം പുത്രനിർവിശേഷമായി സ്നേഹിച്ചിരുന്നു എന്നുള്ളതിനു് ഇതൊരുത്തമലക്ഷ്യമാണു്. ഇപ്പോൾ കോളേജായിരിക്കുന്ന സെൻറ്റബക്മാൻസു വിദ്യാശാലയുടെ പ്രാരംഭദശയിൽ ലവീഞ്ഞുമെത്രാനച്ചൻതിരുമനസ്സിലെ ഭരണകാലത്തു് ഈവിടത്തെ വിദ്യാഭാസപ്രവർത്തനങ്ങൾക്കായി ഫാദർഒണോരെയെക്കൂടി അധികൃതസ്ഥാനങ്ങളിൽനിന്നു് നിർദ്ദേശിച്ചിരുന്നതായും പിന്നീടു് ഏതോ കാരണവശാൽ ആ നിർദ്ദേശം നടപ്പിൽ വരാതിരുന്നതാണെന്നും അറിവുണ്ടു്. ആക്കാലം മുതൽ ചങ്ങനാശേരിമിസ്സത്തോടു് ഫാദർ ഒണോരെയ്ക്കു സവിശേഷമായ മമതയുംആമിസ്സത്തിലെവിദ്യാഭ്യാസകാര്യങ്ങളിൽ അത്യന്തമേൽതാല്പര്യവുമുണ്ടായിരുന്നു. സെൻറ്റബക്മാൻസു കോളേജുകാര്യങ്ങളിൽ അദ്ദേഹത്തിൽനിന്നും സിദ്ധിച്ചിട്ടുള്ള നിരവധിഗുരുതരമായ സഹായസഹകരണങ്ങളുംതന്നെ ഇതിനു മതിയായ ലക്ഷ്യമാണു്. മലയാളത്തിലെ കത്തോലിക്കരുടെ നാനാമുഖമായ അഭിവൃദ്ധിയിൽ അദ്ദേഹം ആജീവനാന്തംദത്തശ്രദ്ധനായിരുന്നു എന്നുള്ളതിനു് അനേകം ഉദാഹരണങ്ങളുംഇനിയും ഉദ്ധരിക്കാവുന്നതാണു്. തെക്കെഇൻഡ്യയെ പ്രത്യേകിച്ചു് ഈ പശ്ചിമതീരത്തേക്കുറിച്ചുള്ള അദ്ദേഹത്തിൻെറ പ്രതിപത്തി അത്യന്തമാത്രം അവാച്യമായിരുന്നു.

ഈ അസാധാരണ കർമ്മകുശലൻെറ നിര്യാണവാർത്ത അറിവായ ഉടനെ അനേകം വിദ്യാഭ്യാസ കേന്ദ്രങ്ങളിലും മറ്റു പ്രധാന സ്ഥലങ്ങളിലും അനുശോചന യോഗങ്ങളും കൂടപ്പെട്ടുകയും മദ്രാസു മെയിൽ മുതലായ വർത്തമാനപ്പത്രങ്ങളും മുഖപ്രസംഗങ്ങളും പ്രസിദ്ധപ്പെടുത്തുകയും ചെയ്തുതന്നെ അദ്ദേഹത്തിൻെറ വലിയ ജനസമ്മതിയേയും പ്രാമാണ്യത്തേയും സുസ്പഷ്ടമാക്കുന്നു. റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാരവർകളും പറയുന്നതുപോലെ.... "അദ്ദേഹം തൻേറതല്ലാത്ത ഒരു രാജ്യത്തിനുവേണ്ടി ആത്മസമർപ്പണം ചെയ്തു.... ഇത്തരം ആത്മാക്കൾക്കു മരണം നിശ്ചയമായി ലോകപ്രവേശിക്കാനുള്ള ഒരനുവാദം മാത്രമാണു്."

ഏവംവിധം പ്രശസ്തനായ ഫാദർ ഒണോരെയുടെ ദേഹവിയോഗത്തിൽ ഞങ്ങളും സർവ്വാത്മനാ അനുശോചിക്കയും അദ്ദേഹത്തിൻെറ ആത്മാവിനു നിത്യശാന്തിയെ പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു. R. I. P.

ഇംഗ്ലീഷ്സ്കോലസഭ്യം

I.

ഫർമർ ആഗസ്റ്റ് മാസത്തെ പൊതുനിയോഗം.

യുവാക്കളെ വിദ്യ അഭ്യസിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന സന്ന്യാസസഭകൾക്കുവേണ്ടി പ്രാർത്ഥിക്കുക.

വൈദികരാലും ഓരോസന്ന്യാസസഭകളാലും നടത്തപ്പെട്ടുന്ന ഈദൃശ സ്ഥാപനങ്ങളുടെ സംഖ്യ ആധുനികകാലത്തു് വളരെ വർദ്ധിച്ചിട്ടുണ്ടു്. ബാലികാബാലന്മാരുടെ സുശിക്ഷണത്തിനു് ഏവം വിധമായ സ്ഥാപനങ്ങൾ അത്യന്താപേക്ഷിതമാണെന്നു്, നിഷ്പക്ഷബുദ്ധിയോടെ ഇപ്പോഴത്തെ ലോകം പരിശോധിക്കുന്നഏവനും നിഷ്പ്രയാസം മനസ്സിലാക്കാം.

ഇക്കാരണത്താൽ പരിശുദ്ധപിതാവു് ഇവകളെ ബഹുതാല്പര്യത്തോടെ സംരക്ഷിച്ചുപോരുന്നു "സന്ന്യാസസഭകൾ ദൈവത്തിന്റെ സഭയ്ക്കും രാഷ്ട്രങ്ങൾക്കും കൈവരുത്തുന്ന നിരവധിനന്മകൾ അനുസ്മരിച്ചു "തൽ പരിരക്ഷകയായ അപ്പസ്തോലിക സിംഹാസനം ഇവയെ വിശേഷ വാത്സല്യപൂർവം പരിപാലിച്ചുകൊണ്ടുവരുന്നു." എന്നതെ ഉന്നീജെനിത്തൂസ്സ് എന്നു് ആരംഭിക്കുന്ന തിരുവെഴുത്തിൽ ക്കാണുന്നതു്. "ആത്മാക്കളെനയിക്കുകയും യുവാക്കന്മാരുടെ സ്വഭാവംരൂപവൽകരിക്കുകയും ചെയ്യുന്നതിൽ വലുതായജോലി എന്തുണ്ടു്?" എന്നു് വി.യോഹന്നാൻ ക്രിസോസ്തോമ്മസും ചോദിക്കുന്നു.

എന്നാൽ 'നോ f ല്യൂകോ പ്യവലോകതേയടി ദിവാസൂര്യസ്യ കിംദൃഷ്ണം' പകലായിരുന്നിട്ടപോലും മൂങ്ങായ്ക്കു് കണ്ണുകാണാൻ പാടില്ലെങ്കിൽ അതു സൂര്യന്റെ കുറവുമോ? എന്നുള്ളചോദ്യം ഇവിടെ അക്ഷരം പ്രതി ചോദിക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു. ലോകത്തിനു് ഇത്രവളരെ ഉപകാരം ചെയ്യുന്ന സ്ഥാപനങ്ങൾകാൺമാൻ ചിലർക്കകണ്ണില്ലെന്നു് തന്നെയല്ലഎങ്ങിനെയെങ്കിലും ദോഷവശങ്ങൾധാരാളംകാണുന്നുണ്ടുതാനും. ഇപ്രകാരമുള്ളദോഷകൈടുകൾ ഈ വിദ്യാഭ്യസസ്ഥാപനത്തെ ഉന്മൂലനം ചെയ്യുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്നു.

ഏതാദൃശശക്തികളോടു് മല്ലിടുന്നതിനുംസ്വപ്രവൃത്തിരംഗങ്ങളെ പൂർവാധികംഉൽകൃഷ്ടങ്ങളാകുന്നതിനും, ദിവ്യരക്ഷകൻ തന്നെ പറയുന്നതുപോലെ 'പ്രാവിന്റെ നിഷ്കപടതയുംസർപ്പത്തിന്റെ കൗശലവും,വേണ്ടിയരിക്കുന്നു. എല്ലാത്തിലും ഉപരിയായി ഇതിലേ ആഗങ്ങളുടെ പുണ്യാഭിവൃദ്ധിയാണു് ഈദൃശ സ്ഥാപനങ്ങളെ സമാകർഷണീയമാക്കുന്നതു്. ശവശരീരത്തിങ്കൽ കഴുകൻ പറന്നെത്തുന്നതുപോലെയാണു് പുണ്യവാന്മാരുള്ളിടത്തു് മനുഷ്യർ ഓടിക്കൂട്ടുന്നതു്. ക്രൂരതെ "നീതിയെ പ്രതി പീഡപെട്ടുന്നവർ ഭാഗ്യവാന്മാർ" എന്നാണല്ലോ സുവിശേഷവചനം. തന്മൂലം പരലോകത്തിലേയ്ക്കു് പൗരന്മാരെ ഒരുക്കുന്ന

ഈ ഉത്തമപ്രവൃത്തി മുഖേന വന്നുപെടുന്നക്ലേശങ്ങൾ അത്യന്തം ആനന്ദപ്രദങ്ങളത്രെ.

എന്നാൽ എല്ലാവക്കും ഈജോലിയിൽ ഏർപ്പെടാൻ സൗകര്യമില്ലെങ്കിലും സ്വർഗ്ഗത്തെ തുളച്ചുകയറുന്നതായ എളിയപ്രാർത്ഥനകൊണ്ട് സഹായിപ്പാൻ കഴിയാത്തവരായി ആരും ഉണ്ടായിരിക്കുകയില്ല. ഇതിലേയ്ക്കാണ് ജപമാലസ്സോല സഖ്യാംഗങ്ങളുടെ ശ്രദ്ധ ഉപതിയേണ്ടതും,

II.

മിഷൻ നിയോഗം.

ബർമ്മായിലേയും സയാമിലേയും ബുദ്ധമതക്കാരുടെമധ്യേയുള്ള പ്രേഷിതവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനായിപ്രാർത്ഥിക്കുക.

മങ്ങനാശേരി, കാഞ്ഞിരപ്പള്ളി, എളങ്ങോയി, തൃശ്ശൂർ, പായിപ്പാട്ട്, മുത്തോലി എന്നീ എടവകകളിലേ ജപമാലസ്സോല സംഖ്യാംഗങ്ങൾ, ഏപ്രിൽ, മേയ്, ജൂൺമാസങ്ങളിൽ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ച

സുകൃതഭണ്ഡാരം		നിയോഗങ്ങൾ	
1	ദൈവസ്നേഹപ്രകരണം 12057267	1	ഇടവകകൾ 975
2	കൊന്തനമസ്ക്കാരം 170372	2	മുഴുവൻധ്യാനം 459
3	സ്ലീവാപ്പാത 5760	3	ദൈവവിളി 781
4	ശ്ര. കു. ഉൾക്കൊള്ളൽ 12520	4	പള്ളിക്കൂടങ്ങൾ 821
5	അരുപിക്കെട്ടത്ത " 13450	5	വിദ്യാർത്ഥികൾ 5161
6	ആത്മശോധന 9044	6	പരീക്ഷാവിജയം 1453
7	വേലചെയ്ത നാഴിക 6995	7	കുടുംബങ്ങൾ 869
8	മൗനം അനുഷ്ഠിച്ച മണിക്കൂർ 8950	8	മാതാപിതാക്കന്മാർ 1954
9	ജ്ഞാനവായന 5255	9	യുവജനങ്ങൾ 3745
10	കുർബ്ബാനചൊല്ലിച്ചതു 15	10	മക്കൾ 1285
11	" കണ്ടതു് 13700	11	സഖ്യപ്രോത്സാഹികൾ 963
12	ആശയടക്കങ്ങൾ 37735	12	പതിതരുടെമാനസാന്തരം 1516
13	പ്രായശ്ചിത്തങ്ങൾ 7250	13	അജ്ഞാനികളുടെ " 2365
14	ആത്മികമനോഗുണപ്രവൃത്തി 3492	14	ദുഷ്ടകത്തോലിക്കരുടെ " 1769
15	ശരീരമനോഗുണ പ്രവൃത്തി 3105	15	മദ്യപാനികളുടെ " 1444
16	വിവിധജപങ്ങൾ 4764	16	ശത്രുക്കളുടെ രമ്യം 1893
17	നല്ലവണ്ണംകഴിച്ചുല്ലാസം 3208	17	മരിച്ച വിശ്വാസികൾ 3513
18	ദു:ഖാരിഷ്ടതകൾസഹിച്ചതു് 1636	18	ഭാഗ്യമരണം 3285
19	പ്രത്യകദുർഗ്ഗുണവിജയം 5685	19	ഉദ്യോഗം 455
20	വി. കു. വിസീത്ത 12900	20	പണസഹായം 654
21	മറ്റു പുണ്യപ്രവൃത്തികൾ 5440	21	പ്രത്യക മനോഗുണങ്ങൾ 822

പുസ്തകാഭിപ്രായം.

I "സംഖ്യ"

വില അണ 8.

(വി. യൌസേപ്പു പി. മുദ്രാലയം. മാന്നാനം)

വിശുദ്ധ ഗ്രന്ഥം മാലയാളത്തിൽ തർജ്ജമ ചെയ്യുന്നതിനായി കേരളത്തിലെ സുറിയാനി കർമ്മലീത്താ സഭയിൽ നിന്നും നിയുക്തമായ വിവർത്തക സംഘം പരിഭാഷപ്പെടുത്തിയിട്ടുള്ളതാണ് പഴയനിയമത്തിലെ ഈ "സംഖ്യ" എന്ന പുസ്തകം. മൂശെയുടെ ഈ നാലാമത്തെ പുസ്തകത്തിനു സംഖ്യയെന്നു പേരുണ്ടായതു് എബ്രായ ജനങ്ങളുടെ സംഖ്യയെക്കുറിച്ചു് ഇതിൽ പ്രതിപാദിക്കുന്നതുകൊണ്ടാണു്. ഇതിനു മുൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങളെപ്പോലെ ഇതും ആശയവിശദീകരണത്തിലും ഭാഷാരീതിയിലും മികച്ചു നിൽക്കയും കൂടുതൽ പ്രയോജനകരമായിരിക്കയും ചെയ്യുന്നുണ്ടു്. ഈ ഉദ്യമങ്ങൾക്കു ഞങ്ങൾ ഒരിക്കൽ കൂടി തൽപ്രണേതാക്കളെ അനുമോദിച്ചുകൊള്ളുന്നു.

II. "ഫൻ-ാം ശതാബ്ദപൂർത്തി."

(വി. ജി. പ്രസ്സു്, കോട്ടയം—വില അണ 6)

മനുഷ്യരക്ഷയുടെ ഫൻ-ാം ശതാബ്ദപൂർത്തി ആഘോഷിക്കുന്ന ഈ വർഷത്തിൽ തൽസ്മാരകാർത്ഥം ഇത്രയുചിരാകാരത്തോടും വിജ്ഞാനപ്രദമായും ഉള്ള 'ഫൻ—ാം ശതാബ്ദപൂർത്തി' എന്നഗ്രന്ഥം പ്രസിദ്ധീകരിച്ചതിൽ തൽപ്രസിദ്ധീകർത്താക്കൾ പ്രദർശിപ്പിച്ചിരിക്കുന്ന ഔചിത്യത്തെ എത്രതന്നെ പ്രശംസിച്ചാലും മതിയാകുന്നതല്ല. കേരളത്തിലെ ഒരു ഉപൂർണതമായിരിക്കുന്ന ഫാദർ സക്കറിയാസ്സു്, പണ്ഡിതവര്യനായ ഫാദർ പ്ലാസിഡു്, സാഹിത്യപടുക്കളായ ശ്രീമാൻ വി. സി. ജോർജ്ജു്, ഫാദർ സൈമൺ സി. ഡി. മുതലായവർ ഇതിൽപ്പതിച്ചിരിക്കുന്ന മുത്തുകൾ ക്രൈസ്തവരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കട്ടെ.

III. "വേദപ്രദീപം."

(പരിഭാഷകൻ റവ. സി. ററി. കൊട്ടുകാരം ബി. എ. വില 5 അണ)

ഐഹികത്തിലെക്ലേശങ്ങളിൽപ്പെട്ടു് ദുരന്തദുഃഖമനുഭവിക്കുന്നവർക്കുള്ള ഒരു സമാധാന ഭൂതനാണു് ഇപ്പുസ്തകമെന്നു് ഇതിലൂടെകണ്ണോടിക്കുമ്പോഴും ചെയ്യുന്നവർക്കു നിഷ്പ്രയാസം ഗ്രഹിക്കാം. പ്രസിദ്ധ ഗ്രന്ഥകാരനായ റവ. മാർട്ടിൻ സ്ക്കോട്ട എസ്സു്. ജെ. എഴുതിയ ഗ്രന്ഥത്തിന്റെ ഭാഷാന്തരീകരണമാണു് ഇതു് എന്നറിയുന്നതു് ഇതിന്റെ മാഹാത്മ്യം വർദ്ധിപ്പിക്കുന്നു. ഫ-ാം അദ്ധ്യായം ജീവിതക്ലേശങ്ങൾ. 2—ാം അദ്ധ്യായം ഈശ്വരസമാശ്രയം 3-ാം അദ്ധ്യായം നിത്യഭണ്ഡനം. 4-ാം അദ്ധ്യായം പ്രലോഭനങ്ങൾ. 5-ാം അദ്ധ്യായം പാപസങ്കീർത്തനം. 6-ാം അദ്ധ്യായം അന്തഃകരണമർദ്ദനങ്ങൾ. 150 പേജുള്ള ഈ ഗ്രന്ഥം നമ്മുടെ കത്തോലിക്കകുടുംബങ്ങൾക്കു് ഒരു അലങ്കാരമായിരിക്കട്ടെ. ജെ. എം. പ്രസ്സു്. മംഗലപ്പുഴ സെമ്മിനാരി എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ ഇതു കിട്ടുന്നതാണു്.

IV. "ഈശോ നിന്നെ വിളിക്കുന്നു."

വില അണ 4൹

(കൊൺഗ്രഗേഷൻ ലിറ്റ്. മംഗലപ്പുഴ സെമിനാരി, ആലുവാ.)

ഇപ്പോൾ പ്രചരിച്ചുവരുന്ന നിശാരാധനയെ സഹായിക്കുന്നതിനായി രചിച്ചിട്ടുള്ള പുസ്തകമാണിത്. വി. ജർമ്മാനോസ് ഉണ്ടാക്കിയ 'ഒരുമണിയാരാധന' എന്ന പുസ്തകത്തിന്റെ വിവർത്തനമാണ് എന്നതുതന്നെ ഇതിന്റെ മാഹാത്മ്യത്തെ ഉച്ചൈസ്തരം വിളിച്ചറിയിക്കുന്നു. ഇടയ്ക്ക് പാട്ടുകളും ചേർത്തിട്ടുള്ളതു് ഇതിനെ ഒന്നുകൂടി സമാകർഷണീയമാക്കുന്നു.

V തിരുവനന്തപുരം സെൻറ് ജോസഫ്സ് കോൺഫറൻസിന്റെ ഫൻനടാമാണ്ടത്തെ വാഷ്കിറിപ്പോർട്ട്.

തിരുവനന്തപുരത്തെ സെൻറ വിൻസൻറ് ഡി. പാൾ സൊസൈറ്റിയിൽച്ചേർന്ന സെൻറ ജോസഫ്സ് കോൺഫറൻസിന്റെ കഴിഞ്ഞകൊല്ലത്തെ റിപ്പോർട്ടാണ് ഇച്ചെറ ഗ്രന്ഥം. തിരുവനന്തപുരം നമ്മുടെ രാജ്യത്തിന്റെ പ്രധാനപട്ടണമായിരിക്കുന്നതുപോലെ തന്നെ കത്തോലിക്കാപ്രവർത്തനത്തിലും മുന്നിട്ടു വ്യാപരിക്കുവാൻ ആരംഭിക്കുന്നു എന്നതിന്റെ ലക്ഷ്യമാണിതു്. രാഗികളെ സന്ദർശിക്കുക, ദരിദ്രരെ സഹായിക്കുന്നതിനും മറവുമായി പിടിയരി മുതലായവ പിരിക്കുക തുടങ്ങിയുള്ള ധർമ്മപ്രവൃത്തികൾ നടത്തുന്ന ഈ സ്ഥാപനത്തെ മറവുള്ള ദേശക്കാരും അതിവേഗം അനുകരിക്കുവാൻ സർവ്വ ശക്തൻ ഇടയാക്കട്ടെ.

VI. "ദിവ്യകേന്ദ്രത്രയം."

വില 3 അണ.

(മാനേജർ, മലയാസ്ഥാൻ ബുക്കുഡിപ്പോ ചങ്ങനാശേരി.)

ആധുനികലോകത്തിന്റെ സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ച ഒന്നാണല്ലൊ ഈ ജൂബിലിവർഷം. ഇതു പ്രാധാന്യമേറിയ ഈ ആഘോഷത്തെയും തൽസംബന്ധമായ സ്ഥലങ്ങളേയുംപറ്റി അറിവാനുള്ള കൗതുകം എല്ലാവർക്കും സഹജമായി ജനിക്കാവുന്നതാണ്. ഇയാഗ്രഹപൂർത്തിക്കു് പര്യാപ്തമായ ഒരു ഗ്രന്ഥമാണ് ഫാദർ തോമസ്സ് കളം, സപ്തജൂബിലി തീർത്ഥയാത്രാസംഘാംഗമായി എഴുതിയിരിക്കുന്ന "ദിവ്യകേന്ദ്രത്രയം." ക്രിസ്തീയലോകത്തിന്റെ തിലകങ്ങളായ ജെറുസലം, റോമാ, ല്യൂർദ്ദ് ഇവയേപ്പറ്റി വിശേഷവിധിയായി പ്രസ്താവിക്കുന്നു എന്നതാണ്, ഇതിന്റെ പ്രത്യേകത.

വിദ്യാഭ്യാസവകുപ്പ്.

RELIGIOUS INSTRUCTION COMPARITIVE EXAMINATION RESULTS FOR 1933-1934.

TABLE SHOWING RANK OF EACH SCHOOL.

Name of Schools	VI			V			IV			III			II			I			Prep:		
	School Average	Rank	Diocsn: Average	School Average	Rank	Diocsn: Average	School Average	Rank	Diocsn: Average	School Average	Rank	Diocsn: Average	School Average	Rank	Diocsn: Average	School Average	Rank	Diocsn: Average	School Average	Rank	Diocsn: Average
1. St. Berchmans' H.S. Changanacherry.	66	III	59	45	II	38	66	I	42	35	xiv	40	38	ix	35	49	ii	39	30	xiii	39
2. ,, Ephrems' ,, Mannanam	77	I		+			+			53	iv		+			+			+		
3. ,, Thomas' ,, Palai	38	VII		+			+			44	ix		+			+			+		
4. ,, Joseph's ,, Pulimkunnu	43	VI		41	III		27	v		40	xi		51	iii		34	ix		45	iv	
5. ,, Joseph's Girl's ,, Changanacherry	67	II		50	I		48	II		35	xii		54	i		60	i		53	i	
6. ,, Mary's Girl's ,, Palai	61	IV		28	VI		44	III		51	v		24	xiii		42	vi		36	x	
7. ,, Aloysius' ,, Edathua	60	V		29	V		40	Iv		36	xiii		19	xiv		40	vii		35	xi	
8. ,, Mary's ,, Athirampuzha	+			+			+			+			+			+			+		
9. ,, Mary's,, Kuravilangadu	+			34	IV		25	vI		22	xx		45	vi		32			25		
10. ,, Antony's E. M. S. Mutholy										21	xxi		29	xii		36	viii		30	xiii	
11. ,, Aloysius' ,, Kanjiramattam										33	xv		+			+			+		
12. Little Flower ,, Kavalam										47	vii		40	vii		42	vi		45	iv	
13. Holy Family ,, Kainakary										24	xix		39	viii		40	vii		42	vi	
14. Sacred Heart ,, Champakulam										30	xvi		53	ii		33	x		39	ix	

15. St. Ephrem's,	,,	Chirakadavu	74	i	47	iv	40	vii	42	vii
16. ,, George	,,	Manimala	51	vi	24	xiii	48	iii	34	xii
17. ,, Augustin's	,,	Ramapuram	41	x	37	x	48	iii	50	ii
18. ,, Mary's	,,	Kanjirappally	30	xvii	29	xii	36	viii	34	xii
19. ,, Mary's	,,	Kainakary.	27	xviii	39	viii	43	v	39	ix
20. Little Flower	,,	Pulimkunnu	54	iii	+		+		+	
21. St. Michel's	,,	Privithanam.	55	ii	38	ix	42	vi	41	viii
22. ,, Mary's Girls	,,	Kuravilangad	46	viii	32	xi	32	xi	25	xiv
23. ,, Sebastian's	,,	Kadanadu			24	xiii	27	xiv	46	iii
24. Little Flower's	,,	Vadakara				v	30	xiii	39	ix
25. St. Sebastian's	,,	Thudanganad					31	xii	36	x
26. St. Augustin's	,,	Kadanadu					27	xiv	46	iii

+ Results not received.

കോട്ടയം ലൂർദ്പള്ളി.

കോട്ടയത്തുള്ള നമ്മുടെ പെറ്റിസെമ്മിനാരിയുടെയും തദ്ദേശവാസികളായ നമ്മുടെ ജനങ്ങളുടെയും ആത്മികാവശ്യങ്ങൾക്കായി ടി സെമ്മിനാരി വളപ്പിൽ, ഈ അടുത്ത കാലത്തിൽ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കപ്പെട്ട ബണ്ണ്ടീത്താപുണ്യവതിയുടെ നാമത്തിൽ ഒരു ദേവാലയവും അതിനോടനുബന്ധിച്ച് ഒരു സിമിത്തേരിയും അനുവദിച്ചു കിട്ടീട്ടുള്ളതു് ഇതിനകം പലരുമറിഞ്ഞിരിക്കുമല്ലോ. പ്രസ്തുത ദേവാലയത്തിന്റെ പണി അതരം ഭിച്ച് തറ തീർന്നുകഴിഞ്ഞിരിക്കുന്നു. മേൽപ്പോട്ടുള്ള പണിക്ക് പണം ഇല്ലാതിരിക്കുന്നതിനാൽ ഉദാരമതികളായ ബ. വൈദികരുടെയും വിശ്വാസികളുടെയും ശ്രദ്ധയും അനുകമ്പയും ഈ വിഷയത്തിൽ ഉണ്ടായി പാട്ടുള്ള സഹായസഹകരണങ്ങളും ചെയ്യുതരണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്നു്,
സെൻറു് തോമ്മസ്സു് പെറ്റി സെമ്മിനാരി റെക്ടർ
കോട്ടയം.

ഉപകാരസ്മരണകൾ.

വി. റീത്തായുടെയും വി. യൂദാശ്ലീഹായുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ രൂ. 1. എ. പി.

വി. റീത്താ പുണ്യവതിയുടെയും ശുദ്ധീകരാത്മാക്കളുടേയും സഹായത്താലും കുര്യാളശ്ശേരി മെത്രാനച്ചന്റെ പേക്കുള്ള മദ്ധ്യസ്ഥാപേക്ഷയാലും ഉദ്ദേശിച്ച കാര്യം സാധിച്ചതിനു് ഉപകാരസ്മരണ രൂ. 1.

ഏസ്സ്. ബി. ചങ്ങനാശേരി.

പരിശുദ്ധ കന്യക മറിയത്തിന്റെയും വിശുദ്ധ യൗസേപ്പിന്റെയും മദ്ധ്യസ്ഥത്താൽ അപകടകരമായ രോഗത്തിൽനിന്നു സുഖം പ്രാപിച്ചതിനുപകാരസ്മരണ രൂ. 1. എൻ. വി. ഏലി. കാഞ്ഞിരമറ്റം.

ചരമവാർത്ത

കടപ്ലാമറ്റം ഇടവക മരുതുക്കുന്നേൽ ബ. തോമ്മാച്ചൻ അന്ത്യക്രമാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് ജൂൺ 12ാം തീയതി തന്റെ 86ാമത്തെവയസ്സിൽ നമ്മുടെകത്താവിൽ ഭാഗ്യമരണംപ്രാപിക്കയുംസംസ്കാരകർമ്മം പിറേറദിവസംസാഘോഷം കടപ്ലാമറ്റംപള്ളിയിൽനടത്തപ്പെടുകയുംചെയ്തു. ശുപർയിലെ പലഇടവകകളിലും ഇദ്ദേഹം ആത്മികജോലി തിഷ്ണതയോടുകൂടി നിർവഹിച്ചതിന്റെ ശേഷം കുറേകാലമായി വാർദ്ധക്യസാധാരണമായ വിശ്രമത്തിനായി സ്വന്തഇടവകയിൽ താമസിക്കുകയായിരുന്നു. പരേതനായ ഇദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തിയുണ്ടാകുമാറാകട്ടെ. R. I. P.

കത്തോലിക്കാരൃം.

ബ. വൈദികരുടെ സ്ഥലംമാറ്റം.

1	പെരുമ്പള്ളിൽ ബ. യൗസേപ്പച്ചൻ കാഞ്ഞിരത്താനംപള്ളി	വികാരി
2	മുക്കാട്ടുകുന്നേൽ ബ. ഗീവറുഗീസച്ചൻ ഇത്തിത്താനം	,,
3	കാട്ടാമ്പള്ളിൽ ബ. ഗ്രിഗോറിയോസച്ചൻ പ്രക്കാട്ട്	,,
4	കോലത്തു ബ. യൗസേപ്പച്ചൻ വേഴപ്രാ	,,
5	മൂലക്കുന്നത്തു ബ. യൗസേപ്പച്ചൻ തായങ്കരി	,,
6	തെരുവപ്പുഴ ബ. യൗസേപ്പച്ചൻ പിറവം മിഷ്യൻ	,,
7	പടിഞ്ഞാറക്കര ബ. മത്തായിച്ചൻ മണിമല പഴയപള്ളി	,,
8	ചാലങ്ങാടിൽ ബ. തോമ്മാച്ചൻ തത്തംപള്ളി	,,
9	കൊണ്ടോടിക്കൽ ബ. മത്തായിച്ചൻ ചമ്പക്കുളംപള്ളി	അസിസ്റ്റന്റി
10	ഏറത്തേൽ ബ. യാക്കോബച്ചൻ ചങ്ങനാശേരി	,,
11	ഐക്കരമറ്റത്തിൽ ബ. യൗസേപ്പച്ചൻ മറ്റക്കര	,,
12	മൂസാരിയേട്ട് ബ. ദേവസ്യാച്ചൻ കുടക്കച്ചിറ	,,
13	ഒളശയിൽ ബ. പീലിപ്പോസച്ചൻ ചമ്പക്കുളം	,,
14	കിഴക്കേക്കര ബ. മത്തായിച്ചൻ ആർപ്പൂക്കര കുറ്റി	,,
15	മണ്ണൂക്കുളം ബ. ആഗസ്തിയച്ചൻ കവീക്കുന്നു	,,
16	തെത്തോട്ടത്തിൽ ബ. യാക്കോബച്ചൻ ചാമക്കാലാ	,,
17	കുന്നേൽ ബ. തോമ്മാച്ചൻ മത്തോലി	,,
18	പറത്താനം ബ. തോമ്മാച്ചൻ പാലാ	,,
19	വരകിപ്പറമ്പിൽ ബ. മത്തായിച്ചൻ അരുവിത്തുറ	,,
20	മണിയങ്ങാട്ട ബ. ലൂക്കാച്ചൻ പ്രവിത്താനം	,,
21	തെക്കെയിൽ ബ. സക്കറിയാസച്ചൻ എളങ്കുളം	,,
22	കാഞ്ഞിരത്തിനാൽ ബ. യാക്കോബച്ചൻ കുടമാളൂർ	,,
23	വട്ടുകുളം ബ. ഗീവറുഗീസച്ചൻ നെടുംകുന്നം	,,
24	ചക്കുംകുളം ബ. യൗസേപ്പച്ചൻ കോതനല്ലൂർ	,,
25	മുള്ളംകുഴിയിൽ ബ. യോഹന്നാനച്ചൻ കൈനകരി	,,
26	കാപ്പുകാട്ട ബ. മത്തായി അച്ചൻ കാഞ്ഞിരപ്പള്ളി	,,
27	കുറിയാസിൽ ബ. കുയ്യാക്കോസച്ചൻ ചിറക്കടവു് സ്ക്കൂൾ	ഹെഡ് മാസ്റ്റർ
28	ആലുങ്കൽ ബ. യൗസേപ്പച്ചൻ പാലാ സെൻറ് തോമ്മസ്	ബോർഡിംഗ് റെക്ടർ
29	പുത്തേട്ട് ബ. യാക്കോബച്ചൻ കുറവിലങ്ങാട് സെൻറ് മേരീസ്	ബോർഡിംഗ് റെക്ടർ,

ഭ്രകമ്പദുരിതനിവാരണഫണ്ട്.

മുൻവരവു്	1938	12	3
ചങ്ങനാശേരിപ്പള്ളിയിൽനിന്നും മുൻ 297-26-6-നും പുറമെ	42	0	0
കുറവിലങ്ങാട്ടു സ്കൂളിൽനിന്നും	10	22	4
വെളിയനാട്ടുപള്ളി	10	0	0
വിളക്കുമാടംപള്ളി (നു-ാം തവണ)	15	0	0
ളാലം പഴയപള്ളി	10	0	0
കടപ്ലാമറ്റംപള്ളി	20	6	0
തലയോലപ്പറമ്പുപള്ളി	10	0	0
പൂളിങ്കുന്നു ലിറ്ററിൽ ഫ് ഊവ്വർസ്കൂൾ	7	15	12
ആർപ്പൂക്കരപള്ളിയിൽ നിന്നും 2-ാം തവണ	3	0	0
കാക്കൂർ പള്ളിയിൽ നിന്നും	2	6	0
കുടേനിക്കാട്ടുപള്ളിയിൽ നിന്നും	4	0	0
കവല മിഷ്യൻപള്ളി	3	0	0
തത്തമ്പള്ളി സി. വൈ. എം. എ.	36	15	4
എടത്വാപള്ളി	100	6	8
വെട്ടിമുകൾ കുരിശുപള്ളി	2	0	0
മാൻവെട്ടംപള്ളി 2-ാം തവണ	1	0	0
തിടനാട്ടുപള്ളി	15	0	0
പായിപ്പാട്ടുപള്ളി 2-ാം തവണ	2	26	0
പാലാ വലിയപള്ളി 1-ാം തവണ	36	0	0
പൂഞ്ഞാർപള്ളി	11	0	0
	2280	24	7

(തുടരും)

Casus Conscientiae No. 7.

Sebastianus, parochus quidam dispensare et commutare solet vota fidelium suae paroeciae, sive intra sive extra confessionem sacramentalem, ratus hanc sibi competere potestatem, tum ob jurisdictionem, quam ipse habet in sua paroecia, tum ob aequalem potestatem, qua praeditus est, ex communi theologorum doctrina, dispensandi cum subditis pro casibus particularibus in jejuniis, in abstinentia, in operibus die festo prohibitis, et in aliis similibus.

Quid dicendum de actione Sebastiani Parochi?

Solutio Casus Conscientiae No. 4.

Quaeritur-; An Ayappan fuerit valide baptisatus? Ratio? Responsum. Ayappan fuit valide baptisatus. Quia ad validam susceptionem sacramenti sufficit, in subjecto, intentionem habitualem baptismum recipiendi. Ex testimonio amici, Ayappan videtur optavisse sacramentum suscipere. Hinc patet Ayappan habuisse intentionem habitualem.

പുതിയ പുസ്തകങ്ങൾ.

ക. "തിരുരക്തവണക്കം."

ഫാദർ മാത്യു ആലക്കളത്തിൽ

അവർകളാൽ വിരചിതം!

നമ്മുടെ രക്ഷയുടെവിലയായ തിരുരക്തഭക്തി, ജ്ഞാനവായന, ജ്ഞാലെ മാസവണക്കം ഇവയ്ക്കു ഏറ്റവും പറ്റിയ പുസ്തകം. വിലചക്രം 8

ഖ. "ക്രിസ്തുമതപ്രവേശനം."

മാർതോമ്മാശ്ലീഹാ കൊടുങ്ങല്ലൂരിൽ വേദപ്രസംഗംചെയ്തു ക്രിസ്തീയസഭയെ സ്ഥാപിച്ച ചരിത്രസംഭവങ്ങളെ ആധാരമാക്കിയുള്ള ഒരു ഘൂപ്രഹസനം.

ഗ്രന്ഥകർത്താ ക. നി. മൂ. സ. മാണിക്കത്തനാർ

വില ചക്രം. 2

ന. "കത്തോലിക്കമിഷൻ"

ഗ്രന്ഥകർത്താ റവ. തോമ്മസ് കളം

വില ചക്രം 6

ർ. ദിവ്യകേന്ദ്രത്രയം.

ഗ്രന്ഥകർത്താ റവ. തോമ്മസ് കളം

ജെറുസലം, റോമാ, ലൂർദ് എന്നീ പുണ്യസ്ഥലങ്ങളേക്കുറിച്ചു പ്രത്യേകമായി പ്രതിപാദിക്കുന്ന തീർത്ഥയാത്രാവിവരണം വില 3 അണ

ഒ. സുകൃതഭണ്ഡാരം.

ഒരു ജപപുസ്തകം.

വില അണ 4

ന്യ. "വേദോപദേശം."

മൂന്നുഭാഗങ്ങളും ക്രോടിയത്.

വില 2 അണ.

മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ, ചങ്ങനാശ്ശേരി.

St. Joseph's Orphanage Weaving Institute Changanacherry.

അനാഥശാല നെയ്ത്തുശാല, ചങ്ങനാശേരി.

ഇവിടെ പലജനത്തിലുള്ള തുണിത്തരങ്ങൾ, തുവാലകൾ, പുതപ്പുകൾ, മേശവിരി, ബെഡ്ഷീറ്റ്, നാഫ്കിൻ, ടൗവൽ മുതലായവയും, കരയൻമുണ്ടുകൾ, വേഷ്ടികൾ,, ഉപ്പട്ടികൾ, തോർത്തുകൾ ആദിയായി നിത്യഉപയോഗത്തിനുള്ളവയും പള്ളികളിലുംമഠം ഉപയോഗിക്കാവുന്ന പരവതാനികൾ, പുതുക്കാളങ്ങൾ, സന്ന്യാസസഭക്കാക്കുള്ള ബ്രൗൺതുണികൾ ആദിയായവയും എപ്പോഴും വിൽപ്പനയുള്ളതുകൂടാതെ ആവശ്യക്കാരുടെ ഇഷ്ടാനുസരണം ഏതു വലിപ്പത്തിലും ഡിസൈനിലും വേണ്ട ചരക്കുകൾ ആദായകരമായി അപ്പോഴപ്പോൾ ചെയ്തുകൊടുക്കുന്നതാണു്.

വിലവിവരം.

		വലിപ്പം.	രൂ.	ചു.	കാ.
പുക്കാളം	ഒന്നാംതരം	34″ × 72″	3	7	2
ടി	രണ്ടാംതരം	ടി.	2	14	4
ടി	മൂന്നാംതരം	36″ × 72″	1	17	12
മേശവിരി	വലുതു്	54″ × 90″	1	14	4
ടി	ചെറുതു്	42″ × 80″	1	0	0
ബ്രൗൺ തുണി	വാരയ്ക്കു്	43″ × 36	0	19	8
പോക്കറ്റുതുവാല	വലുതു്	22″ × 22″	0	3	0
ടി	ചെറുതു്	19″ × 19″	0	2	4
	ബാത്തു് ടൗവ്വൽ	32″ × 60″	0	17	12
ടി	രണ്ടാംതരം	29″ × 54″	0	11	0
ടി	മൂന്നാംതരം	ടി.	0	8	0
കറുപ്പുമോഹത്തുണി(പോപ്ലിൻ)		36″ × 36″	0	19	8
നാഫ്കിൻ		20″ × 20″	0	4	0

മുണ്ടുകൾ, തോർത്തുകൾ മുതലായവ മുക്കാൽ രൂപ മുതൽ അഞ്ചു ചക്രംവരെവിലയുള്ളവ ഇവിടെ വില്പനയ്ക്കു് എപ്പോഴുംതയാറുണ്ടു്.

മദ്ധ്യസ്ഥൻ ബുക്ക് സ്റ്റാൾ

ചങ്ങനാശ്ശേരി.

വില്പനയ്ക്കുള്ള പുതിയ പുസ്തകങ്ങൾ.

		Rs.	As.	Ps.
Imitation of Christ		0	10	0
Catholic Church History		0	12	0
Eucharistic Worship.		0	3	0
Cannon Law for Laymen		0	12	0
Heart of Christ to the Heart of India.		1	4	0
Mother of Apostles. (A short drama)		0	6	0
Veronica		0	12	0
Refuge of Sinners.		0	8	0
Annunciation.		0	3	0
ഗീതാവലി	(മേരീജോൺ തോട്ടം)	0	8	0
കവിതാരാമം	» »	0	7	0
ഈശപ്രസാദം	» »	0	5	0
ചെറുപുഷ്പത്തിന്റെ ബാല്യകാലസ്മരണകൾ	» »		2	0
ചണ്ഡാളപുത്രി	(ജോൺഫീറർ തോട്ടം)	0	12	0
കനകംമൂലം	» »	1	0	0
ഒരുതങ്കം	» »		2	2
മാത്താണ്ഡമാതാ	» »		4	0
സുവർണ്ണകമലം	» »		6	0
പരിശുദ്ധാത്മാവു	(Fr. Mathew Alakalam)	0	7	0
പന്തക്കുസ്താനവനാൾ	» »	0	1	6
തിരുരക്തവണക്കം	» »	0	4	6
ജ്ഞാനപൂന്തോപ്പ് (ഒന്നാംതരം)	»	1	0	0
ടി (രണ്ടാംതരം)	»	0	12	0
പത്താംപീയൂസ് പാപ്പാ		0	4	0
കത്തോലിക്ക് മിഷൻ		0	3	0
തീർത്ഥയാത്രാസ്മരണകൾ		0	4	0
ഒരു കത്തോവും ഒരു വിശ്വാസവും		0	6	0
ഒരുമണി ആരാധന പാട്ടുകൾ		0	0	6
മനുഷ്യപുത്രൻ		1	0	0
സുകൃതഭണ്ഡാരം		0	4	0
ടി തുകൽ തങ്കമിട്ടതു്		0	12	0
വേദോപദേശം		0	2	0
ദിവ്യകേന്ദ്രത്രയം		0	3	0

നല്ല അവസരം! നല്ല അവസരം!!

തൊഴിലില്ലായ്മയ്ക്കു ഒരു പ്രതിവിധി!!!

St. Joseph's Orphanage Weaving Institute,
Changanacherry.

മലയാളം ഏഴാം ക്ലാസോ, ഇംഗ്ലീഷ് തേർഡ് ഫോറമോ പഠിച്ചു ജോലിയില്ലാതെ വിഷമിക്കുന്നവർക്കു ഒരു

നല്ല അവസരം!

ചങ്ങനാശേരി സെൻറ് ജോസഫ്സ് ഓർഫനേജ്
വിവിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ മേൻസ്

നെയ്ത്തു പരിശീലിക്കുവിൻ.

മദ്രാസു ഗവണ്മെൻറ് വീവിംഗ് ടെക്നിക്കൽ
എക്സാമിനേഷനു മേൻസ്

പരീക്ഷാവിജയവും സമ്പാദിപ്പിൻ.

കൂടുതൽ വിവരങ്ങൾക്കു മാനേജരോട് എഴുതി ചോദിപ്പിൻ.

"സുകൃതഭണ്ഡാരം."

പരിഷ്കരിച്ച രണ്ടാം പതിപ്പ്.

കൂടുതലായി പല ജപങ്ങളും കൂട്ടിച്ചേർത്തു, ആദ്യത്തേതിൽ ഇരട്ടി വലിപ്പത്തിൽ അടിച്ചു തയാറായിരിക്കുന്നു. കാലിക്കോബയണ്ടിനു വില 4 ണ. കൂടാതെ മൊറോക്കോ സെല്ലുലോയിഡു ഈ ബയണ്ടുകളിലും

വിൽപ്പാൻ തയാറുണ്ടു്.

അപേക്ഷിക്കേണ്ടും മേൽവിലാസം

1. മാനേജർ
മധ്യസ്ഥൻബുക്കുഡിപ്പോ
ചങ്ങനാശേരി

2. മാനേജർ
ലിറിൽഫ്ളൗവർ
കാത്തലിക്കുബുക്കുസ്റ്റാൾ
& ബൈണ്ടിങ്ങു് ഫോം
മാന്നാനം

Reg. No. T. 21

പഞ്ചാംഗം.

1934 ആഗസ്റ്റ് കർക്കടകം-ചിങ്ങം 1109-10

ഇ. വ.

എ. ഭാ. ക. മറിയത്തിന്റെ തിരുഹൃദയത്തിന്റെ മാസം.

1	17	ബു	പത്രോസ് ശ്ലീ. തുടൽ	വെ
2	18	വ്യാ	പാ. വേ. എസ്തപ്പാനോസ്	ചൂ
3	19	വെ	വേ. എസ്തപ്പാനോസു ശരീരം കണ്ടെത്തി	ചൂ
4	20	ശ	മെ. ദൊമനിക്കോസ്	വെ
5	21	ഞാ	✠ പന്ത. 11-ാം ഞാ. ക. 5 മെ.	പ
6	22	തി	ന. ഗെലിയാന	വെ
7	23	ചൊ	അ. വേ. ദൊനാത്തോസ്	ചൂ
8	24	ബു	വേ. കുസ്യാക്കോസും കൂട്ടരും	ചൂ
9	25	വ്യാ	വേ. ലൗറന്തിയോസ് ശ്ലീഹന്മാൾ	ാാാ
10	26	വെ	വേ. ലൗറന്തിയോസ്	പൂ
11	27	ശ	മെ. ബണ്ടർദിനോസ്	വെ
12	28	ഞാ	✠ പന്ത. 12-ാം ഞാ. ഹ. 6 ഹ.	പ
13	29	തി	മെ. യോഹന്നാൻ ബക്മൻസ്	വെ
14	30	ചൊ	എ. ഭാ. ക. മറി. സാർദ്ദാ. തലേ. (ഇ. വി)	ാാാ
15	31	ബു	✠ എ. ഭാ. ക. മ. സപ്ത്താ.	വെ
16	32	വ്യാ	മെ. റോക്കി.	വെ
17	ചി. 1	വെ	വേ. ലൗറന്തിയോസ് എട്ടാം	ചൂ
18	2	ശ	വേ. അന്തപ്പിതോസ്	ചൂ
19	3	ഞാ	✠ പന്ത. 13-ാം ഞാ. ക. 7 ക	വെ
20	4	തി	അ. ബെർണ്ണാർദോസ്	വെ
21	5	ചൊ	എ. ഭാ. ക. മ. സപ്ത്താ. എട്ടാം	വെ
22	6	ബു	മാതാവിന്റെ സ്വർഗ്ഗാ. എട്ടാം	വെ
23	7	വ്യാ	ശ്ലീ. ബർത്തലോമ്മായോൾ (ഇ. വി)	ാാാ
24	8	വെ	ശ്ലീ ബർത്തലോമ്മാ	ചൂ
25	9	ശ	മെ. രാ. ലൂയിസ്	വെ
26	10	ഞാ	✠ പന്ത. 14-ാം ഞാ. ഹ. 1 മെ.	പ
27	11	തി	മെ. ജയൂസേപ്പ് കലസാ.	വെ
28	12	ചൊ	അ. മെ. മല്പാൻ ആഗുസ്തീനോസ്	വെ
29	13	ബു	യോ. മാം. ശിരശ്ഛേദം	ചൂ
30	14	വ്യാ	വേ. ഫെലിക്സും അദോക്തൂസും	ചൂ
			മാതാവിന്റെ പിറവിതിരു. നൊവേന തു.	
31	15	വെ	മെ. റൈമ്മുന്തോസ്	വെ

Printed and Published by Rev. Fr. Mathew Alakalam, at the St. Joseph's Orphanage Press, Changanacherry.